ദേശമംഗലം ഗ്രാമപഞ്ചായത്ത്

പതിനാലാം പഞ്ചവത്സര പദ്ധതി

2022-27



നവകേരളത്തിന് ജനകീയാസൂത്രണം

വികസന രേഖ

2022-27

ക്രമ നം.	ഉള്ളടക്കം	പേജ് നമ്പർ
I	**അദ്ധ്യായം- 1**	3
1	ആമുഖം	3
2	പൊതുവിവരങ്ങൾ	7
3	ഭൂപ്രകൃതിയും പാരിസ്ഥിതി സവിശേഷതകളും	15
4	സാമൂഹിക -സാംസ്കാരിക-സാമ്പത്തികസ്ഥിതി	17
II	**അദ്ധ്യായം- 2**	19
1	പ്രകൃതി ദുരന്തങ്ങളും അതിജീവനവും	19
III	**അദ്ധ്യായം- 3**	34
1	വികസന നയവും തന്ത്രവും	34
IV	**അദ്ധ്യായം- 4**	38
1	വിഭവസമാഹരണം	38
V	**അദ്ധ്യായം- 5**	40
1	വികസന മേഖല	40
2	വികസന മിഷനുകളിലൂടെ കൈവരിച്ച നേട്ടങ്ങള്	40
3	നീർത്തട വികസന പദ്ധതികളുടെ നിലവിലെ അവസ്ഥ, നീർത്തടങ്ങളുടെ വിഭജനം.	48
4	വിവിധ വികസന മേഖലകൾ	50
5	പൊതുഭരണവും ധനകാര്യവും	59
6	കൃഷി	67
7	മൃഗസംരക്ഷണം, ക്ഷീരവികസനം	79
8	പ്രാദേശിക സാമ്പത്തികവികസനം	84
9	ദാരിദ്ര്യ ലഘൂകരണം	86
10	സാമൂഹ്യനീതി	92

11	പട്ടികജാതി വികസനം	98
12	വനിതാവികസനം	103
13	ആരോഗ്യം	109
14	കുടിവെള്ളം, ശുചിത്വം	117
15	വിദ്യാഭ്യാസം, കല, സംസ്കാരം, യുവജനക്ഷേമം	124
16	പൊതുമരാമത്ത്	128
17	ജൈവവൈവിധ്യമാനേജ്മെൻറ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്തനിവാരണം	138
18	പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാധ്യതകളും	143
19	വികസന പരിപ്രേക്ഷ്യം – ഫോറം 7	147
20	വെല്ലുവിളികൾ , പ്രശ്നവിശകലനം , പരിഹാരസാധ്യതകൾ	150
21	വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം	158
22	സംയോജന സാധ്യതകള്	160
23	മോണിറ്ററിംഗ്	161
VI	**അദ്ധ്യായം- 6**	16
1	പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങള്	162

അദ്ധ്യായം- 1

ആമുഖം

ബഹുമാന്യരെ,

രണ്ടാം ലോക മഹാ യുദ്ധത്തിന് ശേഷം നവസ്വതന്ത്ര രാജ്യങ്ങള് വികസന രംഗത്ത് ആസൂത്രണ രീതി സ്വീകരിക്കുവാൻ ഉണ്ടായ പ്രധാന കാരണം സോവിയറ്റ് യുണിയൻ ആസൂത്രണത്തിലൂടെ കൈവരിച്ച വിജയം ആയിരുന്നു. സോവിയറ്റ് യുണിയൻ ആസൂത്രണം വഴി നേടിയ വിജയമാണ് 1956 ല് ഇന്ത്യയിൽ പഞ്ചവത്സര പദ്ധതികള് ആരംഭിക്കുന്നതിനു പ്രേരണയായത്. ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന പല വൻകിട ഡാമുകളും വൈദ്യുത പദ്ധതികളും പഞ്ചവത്സര പദ്ധതികള് വഴി പൂർത്തികരിച്ചവയാണ്. ഓരോ പഞ്ചവത്സര പദ്ധതികൾക്കും ഓരോ ലക്ഷ്യങ്ങളായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് പഞ്ചവത്സര പദ്ധതികളോ അതിന് നേതൃത്വം നൽകിയ ആസൂത്രണ കമ്മീഷനോ നിലവില് ഇല്ല. കേന്ദ്ര സർക്കാര് ആസൂത്രണ കമ്മീഷൻ പിരിച്ചു വിട്ട് നീതി അയോഗിന്റെ നേതൃത്വത്തിലാണ് നിലവില് പ്രവർത്തനങ്ങള് നടത്തിവരുന്നത്. കേരളത്തിൽ മാത്രമാണ് ഇന്ന് ആസൂത്രണ കമ്മീഷനും പഞ്ചവത്സര പദ്ധതികളും നിലനിൽക്കുന്നത്. പഞ്ചവത്സര പദ്ധതികൾ വഴി കേന്ദ്ര സംസ്ഥാന ആസ്ഥാനങ്ങളിൽ ഇരുന്ന് ആസൂത്രണം ചെയ്യുന്ന പദ്ധതികള് നടപ്പിലാക്കുന്നതിന് അനുവദിക്കുന്ന തുക താഴെ തട്ടില് എത്തുമ്പോള് ഒരു ശതമാനം പോലും ഉപയോഗത്തിൽ വരുന്നില്ലായെന്നും രാജ്യത്തിൻറ്റെ വികസനം ഗ്രാമങ്ങളുടെ വികസനം വഴിയെ നടപ്പിലാകൂ എന്നുമുള്ള തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് 1993 ല് 7374 ഭരണഘടന ഭേദഗതി വഴി പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വരുന്നത്. ഈ നിയമം അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന ഏതാണ്ട് 80 ശതമാനത്തോളം മേഖലകള് ഇന്ന് പഞ്ചായത്തിന്റെ ചുമതലകളില് ആണ്. പഞ്ചായത്തിരാജ് നിയമത്തിൽ ഗ്രാമസഭകൾക്കും, ഗ്രാമ പഞ്ചായത്തുകൾക്കും വിഭലമായ അധികാരങ്ങള് നൽകിയിട്ടുണ്ട്. ഇതിൽ പ്രധാനമായും 29 മേഖലകളിലായാണ് ത്രിതല പഞ്ചായത്തുകൾ പ്രവർത്തിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പ്ലാനിംഗ്

കമ്മീഷനും, തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്ന ചുമതലകളാണ് പഞ്ചായത്തുകളിൽ ഉണ്ടായിരുന്നത്. എന്നാൽ പഞ്ചായത്തിരാജ് നിയമം പ്രാബല്യത്തിൽ വന്നതോടെ പദ്ധതികളുടെ ആസൂത്രണവും, നിർവ്വഹണവും ഗ്രാമ പഞ്ചായത്തുകൾക്ക് അവകാശപ്പെട്ടതായി മാറി. പഞ്ചായത്തിരാജ് നിയമം ഉദ്ദേശിക്കുന്ന തരത്തില് ലക്ഷ്യം നടപ്പിലാക്കണം എന്ന ഉദ്ദേശത്തോട് കൂടി 1996 ല് ആഗസ്റ്റ് 17 ന് സംസ്ഥാന സർക്കാര് ജനകീയാസൂത്രണ പ്രവർത്തനം സംസ്ഥാനത്ത് നടപ്പിലാക്കാൻ ആരംഭിച്ചു. ആയത് പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതികള് ആസൂത്രണം ചെയ്യുന്നതിനുള്ള അധികാരവും, നടപ്പിലാക്കുന്നതിന് ആവശ്യമായ സമ്പത്തും, സാങ്കേതിക വിദ്യയും, ഉദ്യോഗസ്ഥരെയും വിട്ടു നൽകി. ഓരോ പ്രദേശത്തിനും അനുയോജ്യമായ വികസന പ്രവർത്തനങ്ങള് ആസൂത്രണ സമിതി യോഗം ചേർന്ന് ചർച്ചചെയ്യുകയും അതിനു ശേഷം വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് ചർച്ച ചെയ്ത് ലഭിക്കുന്ന കരട് നിർദേശങ്ങള് കൂടി ഉൾപെടുത്തി തയ്യാറാക്കുന്ന കരട് രേഖ ഗ്രാമ സഭകളില് അവതരിപ്പിക്കുന്നു. ഇത്തരം ഗ്രാമ സഭകളിൽ നിന്നും ലഭിക്കുന്ന നിർദേശങ്ങള് കൂടി ഉൾപെടുത്തി തയ്യാറാക്കുന്ന കരട് വികസന രേഖ വികസന സെമിനാറിൽ അവതരിപ്പിക്കുന്നു. വികസന സെമിനാറിൽ നിന്നും ഉയർന്നുവരുന്ന നിർദേശങ്ങള് ഉൾപെടുത്തി തയ്യാറാക്കുന്ന വികസന രേഖയാണ് ഭരണ സമിതി വാർഷിക പദ്ധതികളായി നടപ്പിലക്കുന്നത്.

ഇത്തരത്തിലുള്ള ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങള് വഴി നമ്മുടെ പഞ്ചായത്തിന് വികസന രംഗത്ത് ഒട്ടേറെ മുന്നേറ്റങ്ങൾ നടത്തുവാന് സാധിച്ചിട്ടുണ്ട്. ജനകീയസൂത്രനത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം കൊണ്ടാടുന്ന ഈ അവസരത്തില് പഞ്ചായത്തിന്റെ മുഖച്ഛായ മാറുന്ന വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ കഴിഞ്ഞ കാല ഭരണ സമിതി അംഗങ്ങളെ നന്ദിയോടെ സ്മരിക്കുന്നു .

കേരളത്തിന്റെ പതിനാലാം പഞ്ചവത്സര പദ്ധതി 2022 ഏപ്രിൽ ഒന്നിന് ആരംഭിക്കുകയാണ്. രണ്ട് വർഷങ്ങളിലെ പ്രളയത്തിൻറ്റെയും, രണ്ട് ഘട്ടങ്ങളായുള്ള

കോവിഡ് 19 ൻറ്റെയും, തുടർച്ചയായുള്ള കാലാവസ്ഥ മാറ്റത്തിൻറ്റെ ഭാഗമായി ഉണ്ടായിട്ടുള്ള പ്രത്യാഘാതങ്ങൾക്ക് ഒപ്പവുമാണ് കേരളത്തിന്റെ പതിനാലാം

പഞ്ചവത്സര പദ്ധതി പ്രവർത്തന ആലോചനകള് നടക്കുന്നത്. അതിനാൽ ഇതുവരെയുള്ള പദ്ധതികളിൽ നിന്നും വ്യത്യസ്തമായ പശ്ചാത്തലത്തിലാണ് പതിനാലാം പഞ്ചവത്സര പദ്ധതി ആവിഷ്കരിക്കേണ്ടത്. വലിയ പ്രതിസന്ധികളില് ജനങ്ങളോടൊപ്പം ചേർന്ന് നിൽക്കാന് സ്വതന്ത്ര കമ്പോളത്തിന് കഴിയില്ലെന്നും, അതിനു പൊതു മേഖലയും, സർക്കാരും അനിവാര്യമാണെന്നും ഇന്നത്തെ 19 തെളിയിച്ചിരിക്കുന്നു. ശാസ്ത്ര സമൂഹം ഒറ്റകെട്ടായി കോവിഡിനെതിരെ വാക്സിൻ ഒരു വർഷത്തിനകം വികസിപ്പിച്ചെടുത്ത് പ്രതീക്ഷകള് നൽകുന്നുണ്ട് എങ്കിലും, സാമ്പത്തിക അസമത്വവും, ദാരിദ്ര്യവും, വാക്സിൻ ലഭ്യത പോലും നിഷേധിക്കുന്ന ഇന്നത്തെ ലോക അനുഭവം എല്ലാ രംഗങ്ങളിലും, സാമൂഹ്യ നിയന്ത്രണത്തിന്റെ അനിവാര്യത എടുത്ത് പറയുന്നു.

നമ്മുടെ ലോകത്തിന്റെ മാറ്റങ്ങള് ഉൾകൊണ്ട് 2015 സെപ്തംബർ മാസത്തിൽ 193 രാജ്യങ്ങള് ന്യൂയോർക്കിൽ ഒത്തു ചേർന്ന് ഐക്യരാഷ്ട്ര സഭ ഉച്ചകോടിയില് ചർച്ച ചെയ്ത എടുത്ത ഒരു നയമാണ് “നമ്മുടെ ലോകത്തിന്റെ പരിവർത്തനം , സുസ്ഥിര വികസനം 2030” എന്നത്. ഗ്രഹങ്ങൾ, ജനങ്ങൾ, അഭിവൃദ്ധി, സമാധാനം, പങ്കാളിത്തം എന്നിവയെ അടിസ്ഥാനമാക്കിയാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത്. 01/01/2030 ന് അവസാനിക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിൻ മറ്റു രാജ്യങ്ങളെ പോലെ തന്നെ നമ്മുടെ രാജ്യത്തിനും, നമ്മുടെ സംസ്ഥാനത്തിനും, നമ്മുടെ പഞ്ചായത്തിനും ചുമതലയും, അധികാരവും ഉണ്ട്. ഇന്ത്യയിൽ 2018 മുതല് നീതി അയോഗിന്റെ നേതൃത്വത്തില് ഈ പദ്ധതി പ്രവർത്തനം വിലയിരുത്തി, ഇന്ത്യ ഇൻഡക്സ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചു വരുന്നു. ഇന്ത്യ ഇൻഡക്സ് റിപ്പോർട്ട് പ്രകാരം കഴിഞ്ഞ മൂന്ന് വർഷവും തുടർച്ചയായി കേരളം തന്നെയാണ് ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. അതിന് കാരണം 1996 മുതല് കേരളത്തിൽ നടപ്പിലാക്കി വരുന്ന ലക്ഷ്യാധിഷ്ട്ടിത പദ്ധതികാളാണ്.

കഴിഞ്ഞ 25 വർഷക്കാലം ജന പങ്കാളിത്തത്തോടെ നമ്മള നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങള് വഴി ഒരുപാട് പുരോഗതി കൈ വരിക്കുവാന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാന പ്രവർത്തനങ്ങള് എന്നത് ലക്ഷ്യാധിഷ്ട്ടിത പ്രവർത്തനങ്ങളായിരുന്നു. അതില് കുറഞ്ഞ ശതമാനം പദ്ധതികള് സുസ്ഥിര വികസന പദ്ധതികൾ ആയിരുന്നില്ല എന്നത് നാം ഈ അവസരത്തില് ചിന്തിക്കേണ്ടതുണ്ട്. ആയതുകൊണ്ട് ലക്ഷ്യാധിഷ്ട്ടിത പ്രവർത്തനം എന്ന മുദ്രാവാക്യത്തിന് ബദലായി സുസ്ഥിര വികസനം എന്ന ആശയത്തിലൂന്നി പദ്ധതി പ്രവർത്തനങ്ങള് രൂപികരിക്കുവാന് ലക്ഷ്യമിടുന്നത്. സുസ്ഥിര വികസനം ലക്ഷ്യമാക്കികൊണ്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകേണ്ട കാലഘട്ടത്തിലാണ് പതിനാലാം പഞ്ചവത്സര പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. അതുകൊണ്ട് തന്നെ ദീർഘകാലം നിലനിൽക്കുന്ന പദ്ധതികളാണ് പഞ്ചായത്ത് ഭരണസമിതി ലക്ഷ്യമിടുന്നത്.

ഊർജ സംരക്ഷണം, മാലിന്യസംസ്കരണം, ഉത്പാദന മേഖലയുടെ വളർച്ചക്ക് ആവശ്യമായ സ്ഥായിയായ തോടുകളുടെ സംരക്ഷണം, ചീർപ്പ് നിർമ്മാണം, ജല സേചന പദ്ധതികൾ, ബാല സൗഹൃദം, വയോജന സൗഹൃദം, സ്ത്രീ സൗഹൃദം, വ്യവസായ സൗഹൃദം, എന്നി സുസ്ഥിര വികസന പദ്ധതികൾക്കാണ് പഞ്ചായത്ത് ഭരണ സമിതി മുൻഗണന നൽകുന്നത് .

തദ്ദേശ സ്ഥാപനങ്ങളുടെ വികസന പദ്ധതികളുടെ ആസൂത്രണ രീതി മുൻ നിർത്തി കൊണ്ടാണ് പതിനാലാം പഞ്ചവത്സര പദ്ധതിയില് സ്ഥായിയായ സമഗ്ര വികസനം എന്ന കാഴ്ച്ചപാട് മുന്നോട്ട് വച്ചിരിക്കുന്നത്. ഇതിൽ പ്രധാനമായും കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം, പ്രകൃതി ദുരന്തം, തൊഴിൽ ഭക്ഷ്യ സുരക്ഷ, ദാരിദ്ര നിർമാർജനം, ആരോഗ്യ സംരക്ഷണം തുടങ്ങിയ കാലാനുസൃതമായ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാന് കഴിയുന്ന പദ്ധതികൾക്ക് പ്രധാന്യം നൽകി കൊണ്ടാണ് വികസന രേഖ രൂപ കൽപ്പന ചെയ്തിരിക്കുന്നത് .

സ്നേഹപൂർവ്വം,

കെ. ജയരാജ്

പ്രസിഡന്റ്

തദ്ദേശ സ്ഥാപനത്തിന്റെ സ്ഥിതി വിവര കണക്കുകള്

പൊതുവിവരങ്ങൾ

ഗ്രാമപഞ്ചായത്തിൻറെ പേര്	ദേശമംഗലം
ഉൾപ്പെടുന്ന വില്ലേജുകള്	ദേശമംഗലം, പല്ലൂർ, തലശ്ശേരി, ആറംങ്ങോട്ടുകര
ബ്ലോക്ക് പഞ്ചായത്ത്	വടക്കാഞ്ചേരി
താലൂക്ക്	തലപ്പിള്ളി
ജില്ല	തൃശ്ശൂർ
നിയമസഭാമണ്ഡലം	ചേലക്കര (പട്ടികജാതി സംവരണം)
ലോകസഭാമണ്ഡലം	ആലത്തൂർ (പട്ടികജാതി സംവരണം)
വിസ്തീർണ്ണം	23.35 ച.കി.മീറ്റർ
കിഴക്ക്	വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്ത്, ഭാരതപ്പുഴ
പടിഞ്ഞാറ്	തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്
തെക്ക്	വരവൂർ ഗ്രാമപഞ്ചായത്ത്
വടക്ക്	ഭാരതപ്പുഴ
ജനസംഖ്യ	24754
സ്ത്രീകൾ	12521
പുരുഷൻമാര്	12233
സാക്ഷരതാ നിരക്ക്	95.90%
വാർഡുകളുടെ എണ്ണം	15

സ്ത്രീ സംവംരണം	8
പട്ടികജാതി സംവരണം	2
ജനറൽ	13

ദേശമംഗലം ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ



കെ.ജയരാജ്
പ്രസിഡണ്ട്



ജുമൈലത്ത്
വൈസ് പ്രസിഡണ്ട്



സംഗീത
വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



പുഷ്പജ
ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



മധു
ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ്
കമ്മിറ്റി ചെയർമാൻ



സെമീറ സിറാജ്
മെമ്പർ വാർഡ് - 1



മോനിഷ
മെമ്പർ വാർഡ് - 2



സുബിമോൾ
മെമ്പർ വാർഡ് - 4



അബ്ദുൾ സലാം
മെമ്പർ വാർഡ് - 5



പി.ഐ. ഷാനവാസ്
മെമ്പർ വാർഡ് - 6



പി.എസ്. ലക്ഷ്മണൻ
മെമ്പർ വാർഡ് - 10



നസീറ സുധീർ
മെമ്പർ വാർഡ് - 11



സന്ധ്യ ടീച്ചർ
മെമ്പർ വാർഡ് - 12



ഇബ്രാഹിം
മെമ്പർ വാർഡ് - 13



സി.പി. രാജൻ
മെമ്പർ വാർഡ് - 14

ദേശമംഗലം ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ

1	ശ്രീ. കെ. ജയരാജ്.	പ്രസിഡന്റ്
2	ശ്രീമതി. ജൂമൈലത്ത്	വൈസ് പ്രസിഡന്റ്
3	ശ്രീമതി. പുഷ്പജ.പി	ചെയർമാൻ ക്ഷേമകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റി
4	ശ്രീമതി. സംഗീത.പി	ചെയർമാൻ വികസന സ്റ്റാന്റിങ്ങ്കമ്മിറ്റി
5	ശ്രീ. മധു.എം.പി	ചെയർമാൻ ആരോഗ്യ,വിദ്യഭ്യാസ, സ്റ്റാന്റിങ്ങ് കമ്മിറ്റി
6	ശ്രീമതി. സമീറ സിറാജ്	വാർഡ് മെമ്പർ
7	ശ്രീമതി. മോനിഷ	വാർഡ് മെമ്പർ
8	ശ്രീമതി. സുബിമോൾ. എം.പി	വാർഡ് മെമ്പർ
9	ശ്രീ. അബ്ദുൾ സലാം	വാർഡ് മെമ്പർ
10	ശ്രീ. ഷാനവാസ് പി.ഐ	വാർഡ് മെമ്പർ
11	ശ്രീ. പി.എസ്. ലക്ഷ്മണൻ	വാർഡ് മെമ്പർ
12	ശ്രീമതി. നസീറ സുധീർ	വാർഡ് മെമ്പർ
13	ശ്രീമതി. സന്ധ്യ	വാർഡ് മെമ്പർ
14	ശ്രീ. ഇബ്രാഹിം കെ.എ	വാർഡ് മെമ്പർ
15	ശ്രീ. രാജൻ സി.പി	വാർഡ് മെമ്പർ

ലോകസഭാഗം

1.	കുമാരി രമ്യ ഹരിദാസ്	(എം.പി) ആലത്തൂർ നിയോജകമണ്ഡലം

നിയമസഭാ അംഗം

1.	ശ്രീ. കെ രാധാകൃഷ്ണൻ	(എം.എൽ.എ) ചേലക്കര നിയോജകമണ്ഡലം, ദേവസ്വം, പിന്നോക്ക ക്ഷേമം, പാർലമെന്ററികാര്യം വകുപ്പ് മന്ത്രി

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് അംഗം

1.	ശ്രീമതി സാബിറ.പി	ജില്ലാ പഞ്ചായത്ത്മെമ്പർ

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികൾ

1	ശ്രീമതി. മഞ്ജുള.എം	കൊണ്ടയ്യൂർ ഡിവിഷൻ
2	ശ്രീമതി. സുശീല.പി	ദേശമംഗലം ഡിവിഷൻ
3	ശ്രീ. ദീപു പ്രസാദ്	തലശ്ശേരി ഡിവിഷന്

ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ

1	ശ്രീമതി. ജയശ്രീ എസ്	സെക്രട്ടറി
2	ശ്രീമതി. ഇ.വി സഫിയ	അസി.സെക്രട്ടറി
3	ശ്രീ. ഫ്രെഡി കെ.എസ്	ഹെഡ് ക്ലർക്ക്
4	ശ്രീ. മൈക്കിള് ബിജു	അക്കൌണ്ടൻറ്
5	ശ്രീമതി. രഹിത എൻ ആര്	സീനിയർ ക്ലർക്ക്
6	ശ്രീമതി. രഞ്ജിനി ബി നായർ	സീനിയർ ക്ലർക്ക്
7	ശ്രീമതി. അമ്പിളി.സി.എം	സീനിയര് ക്ലർക്ക്
7	ശ്രീ. അബൂബക്കർ കെ.പി	ക്ലർക്ക്
8	ശ്രീമതി. റീജ	ക്ലർക്ക്
9	ഒഴിവ്	ക്ലർക്ക്
10	ശ്രീ. ശ്യാംലാൽ കെ.യു	ക്ലർക്ക്
11	ശ്രീ. സൽമാൻ	ഓഫീസ് അറ്റൻറൻറ്
12	ശ്രീ. നിധിൻ പി തോമസ്	പാർട്ട് ടൈം സ്വീപർ
13	ശ്രീ. ഷെബീർ ഒ.എം	ടെക്നിക്കൽ അസിസ്റ്റന്റ്
14	ശ്രീ സുധീഷ്	പ്രോജക്ട് അസിസ്റ്റന്റ്

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി

1	ശ്രീ. ഹർഷദ്	അക്രഡിറ്റഡ് എഞ്ചിനീയർ
2	ശ്രീ. പ്രജീഷ്	ഓവർസിയർ
3	ശ്രീമതി. ശ്രീദേവി	ഡാറ്റ എൻട്രി ഓപ്പറേറ്റർ

കുടുംബശ്രീ

1	ശ്രീമതി. ബുഷറ ബഷീർ	സി.ഡി.എസ്. ചെയർപെർസൺ
2	ശ്രീമതി. ശാന്തിനി	അക്കൌണ്ടന്റ്

<u>നിർവഹണ ഉദ്യോഗസ്ഥർ</u>

1	ശ്രീമതി. ജയശ്രീ എസ്	സെക്രട്ടറി
2	ശ്രീമതി. സജ്ന അലോഷ്യസ്	അസി.എഞ്ചിനീയർ
2	ശ്രീമതി. ഇ.വി സഫിയ	അസി.സെക്രട്ടറി
3	ഡോ. ഷംല പാടിയേടത്ത്	ആയുർവേദ മെഡിക്കൽ ഓഫീസർ
4	ഡോ. ശ്രീജിത്ത് .എച്ച്.ദാസ്	മെഡിക്കൽ ഓഫീസർ അലോപ്പതി
5	ഡോ. നിഖിൽ റോഷ്	വെറ്ററിനറി സർജൻ
6	ശ്രീമതി. ശരണ്യ കെ.എസ് (ഇൻചാർജ്ജ്)	കൃഷി ഓഫീസർ
7	ശ്രീ. രാജേഷ്	ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്. കൊണ്ടയ്യൂർ
8	ശ്രീ. പ്രജിത	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
9	ശ്രീ. പ്രസൂണ് പവിത്രന്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
10	ശ്രീമതി. ബീന	ഐ.സിഡി.എസ് സൂപ്പർവൈസർ
11	ശ്രീമതി. നന്ദിനി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ

<u>വിട്ടുകിട്ടിയ സ്ഥാപനങ്ങൾ</u>

ക്രമ നം	ഓഫീസ്	വിലാസം	ഇ മെയിൽ ഐഡി	ഫോൺ
1	കൃഷി ഭവൻ ദേശമംഗലം	കൃഷി ഓഫീസർ , കൃഷി ഭവൻ , ദേശമംഗലം	kbdesamangalam@gmail.com	9383471218
2	ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനിയറിംഗ്	അസി.എഞ്ചിനിയർ ലോക്കല് ഇൻഫ്രാസ്ട്രക്ച്ചർ & എഞ്ചിനിയറിംഗ് വിഭാഗം,	aelsgddsm@gmail.com	9747 782984

	വിഭാഗം	ദേശമംഗലം		
3	GLPS കൊണ്ടയൂർ	ഹെഡ് മാസ്റ്റർ , GLPS കൊണ്ടയൂർ	kondayoorschool@gmail.com	9495 782357
4	GLPS പള്ളം	ഹെഡ് മാസ്റ്റർ, GLPS പള്ളം	pallamglps@gmail.com	9656495620
5	ICDS ഓഫീസ്	ICDS സൂപ്പർ വൈസർ, ദേശമംഗലം ഗ്രാമപഞ്ചായത്ത് ഓഫീസ്	leejamv1969@gmail.com	9744 447746
6	ആയുർവേദ ഡിസ്പെൻസറി, ദേശമംഗലം	മെഡിക്കൽ ഓഫീസർ , ആയുർവേദ ഡിസ്പെൻസറി, ദേശമംഗലം	gaddesamangalam@gmail.com	9495 512454
7	കുടുംബാരോഗ്യ കേന്ദ്രം, ദേശമംഗലം	മെഡിക്കൽ ഓഫീസർ , കുടുംബാരോഗ്യ കേന്ദ്രം, ദേശമംഗലം	fhcdesamangalam@gmail.com	9496129607
8	മൃഗാശുപത്രി , ദേശമംഗലം	വെറ്റിനറി സർജ്ജൻ , മൃഗാശുപത്രി , ദേശമംഗലം	nighilroshas@gmail.com	9745 790450
9	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് , ദേശമംഗലം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് , ദേശമംഗലം	veodesamangalam@gmail.com	9746 402588

അംഗണവാടികളുടെ വിവരങ്ങള്

ക്രമ നം	സെന്റർ നമ്പർ	വാർഡ്	വിലാസം	അംഗണവാടി വർക്കർ	മൊബൈൽ
1	50	3	കൊണ്ടയൂർ, പല്ലൂർ പി.ഒ	ശ്രീദേവി എം.ജി	9605903020
2	51	4	പല്ലൂർ, പല്ലൂർ പി.ഒ	ശാരദ എ.പി	9562421990
3	52	4	പല്ലൂർ, പല്ലൂർ പി.ഒ,	ഇന്ദിര പി	9744877029
4	53	6	കറ്റവട്ടൂർ , ദേശമംഗലം പി.ഒ	രഞ്ജിനി സി	7592091002
5	54	7	ദേശമംഗലം	രമണി എ.വി	7592091003
6	55	8	ആറ്റുപുറം , പള്ളം പി.ഒ	ഗീത കെ.പി	9605611086
7	56	8	കപ്പിംങ്ങാട് , പള്ളം പി.ഒ	ശ്രീവിദ്യ എസ്.കെ	9387410880
8	57	9	പള്ളം കൊറ്റമ്പത്തൂർ , പള്ളം പി.ഒ	മിനി മോൾ .കെ എസ്	8086153806
9	58	11	മേലെ തലശ്ശേരി, തലശ്ശേരി പി.ഒ	വസന്തകുമാരി എം	7335985730
10	59	11	തലശ്ശേരി, തലശ്ശേരി പി.ഒ	പ്രസന്നകുമാരി കെ	8129515356
11	60	15	അംബേദ്കർ കോളനി ,	പ്രജിത കെ	9946020641

			ആറങ്ങോട്ടുകര പി.ഒ		
12	61	14	കടുകശ്ശേരി , ആറങ്ങോട്ടുകര പി.ഒ	രമണി ആർ	9633401017
13	62	1	വറവട്ടൂർ , പല്ലൂർ പി.ഒ	രതി ഡി	9747476801
14	63	1	കൊണ്ടയൂർ GLPS സ്കൂൾ, പല്ലൂർ പി.ഒ	ഗിരിജ പി	9947325342
15	64	12	മനപ്പടി , ദേശമംഗലം പി.ഒ	സാവിത്രി കെ.സി	7561893280
16	65	9	പള്ളം, പള്ളം പി.ഒ	പ്രിയ കെ.വി	8113932022
17	66	1	വറവട്ടൂർ , പല്ലൂർ പി.ഒ	വള്ളി കെ.പി	9747375987
18	67	5	പല്ലൂർ നമ്പ്രം , പല്ലൂർ പി.ഒ	രജനി ടി	9946540345
19	68	10	ഒലിച്ചി ചേനത്ത് കാട്, ദേശമംഗലം പി.ഒ	സുമതി എം.കെ	7594947656
20	69	14	തച്ചുകുന്ന്, കടുകശ്ശേരി, ആറങ്ങോട്ടുകര പി.ഒ	രതി പി	9846208133

മറ്റ് ഗവ: സ്ഥാപനങ്ങൾ

ക്രമ നം	ഓഫീസ്	വിലാസം	ഫോൺ
1	G.H.S.S ദേശമംഗലം	ഗവ. ഹയർസെക്കൻഡറി സ്കൂള് , ദേശമംഗലം	04884 277875
2	G.V.H.S.S ദേശമംഗലം	ഗവ. വോക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ , ദേശമംഗലം	04884 277875
3	I.T.I ദേശമംഗലം	ഇൻഡസ്ട്രിയല് ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ദേശമംഗലം	04884 279944
4	വില്ലേജ് ഓഫീസ് ദേശമംഗലം	വില്ലേജ് ഓഫീസ് ദേശമംഗലം , ദേശമംഗലം പി.ഒ	
5	വില്ലേജ് ഓഫീസ് ആറങ്ങോട്ടുകര	വില്ലേജ് ഓഫീസ് ആറങ്ങോട്ടുകര, ആറങ്ങോട്ടുകര പി.ഒ	


ഭൂപ്രകൃതിയും പാരിസ്ഥിതിക സവിശേഷതകളും

23.35 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ദേശമംഗലം ഗ്രാമപഞ്ചായത്ത് മലകളും ചെങ്കുത്തായ ചെരിവും ഭൂമികളും സമതലങ്ങളായ കൃഷിഭൂമിയും നിറഞ്ഞ ഭൂപ്രദേശമാണ്. നീരൊഴുക്കുകൾ ഒഴുകി നിളാ നദിയിൽ പതിക്കുന്നു. ഇവിടെ കുന്നിൻ പുറങ്ങളിൽ ചെമ്മണ്ണും സമതലങ്ങളിൽ എക്കൽ മണ്ണും കളിമണ്ണും കാണാം. കിഴക്ക് വളളത്തോൾനഗർ ഗ്രാമപഞ്ചായത്തും ഭാരതപ്പുഴയും, പടിഞ്ഞാറ് തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തും തെക്ക് വരവൂർ ഗ്രാമപഞ്ചായത്തും വടക്ക് ഭാരതപ്പുഴയുമാണ്. കേരളത്തിൽ നടന്നുവരുന്ന അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ നാടിന്റെ വികസന മുന്നേറ്റത്തിന് ഏറെ സഹായിച്ചു. ഭക്ഷ്യസുരക്ഷയുടെ ആവശ്യകതയെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യുന്ന ഈ കാലത്ത് കാർഷികോൽപാദനം വർദ്ധിപ്പിക്കാതെ മുന്നോട്ട് പോകാനാവില്ല. പഞ്ചായത്തിൽ ആകെ 310 ഹെക്ടർ സ്ഥലം നെൽകൃഷിയും340 ഹെക്ടർ സ്ഥലം പുരയിടകൃഷിയുമാണ്. കൃഷിയോഗ്യമായ തരിശുനിലം 5 ഹെക്ടറും തരിശായ കൃഷിയോഗ്യമായ പുരയിടം 30 ഹെക്ടറുമാണ്. 10 ഹെക്ടർ സ്ഥലം കൃഷിയോഗ്യമല്ലാത്ത തരിശുനിലവുമാണ്.

കുന്നുകളും താഴ്വരകളും തോടുകളും കൊണ്ട് നിറഞ്ഞ പ്രകൃതി രമണീയമായ ഈ പഞ്ചായത്തിന്റെ ഒരു അതിർത്തി ഭാരതപ്പുഴയാണ്. ജലക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരം കാണുവാൻ ഈ പുഴ നമ്മെ സഹായിക്കുന്നുണ്ടെങ്കിലും കാലവർഷക്കാലത്ത് ഈ ഭൂപ്രദേശത്ത് പെയ്യു ലഭിക്കുന്ന മഴവെളളം മുഴുവൻ 24 മണിക്കൂറിനുളളിൽ ഈ പുഴയിൽകൂടി ഒഴുകി അറബിക്കടലില് എത്തിച്ചേരുന്നു. ലഭിക്കുന്ന മഴവെളളം പാഴായിപ്പോകുന്ന ഇവിടെ വേനൽക്കാലത്ത് രൂക്ഷമായ ജലക്ഷാമവും അനുഭവപ്പെടുന്നുണ്ട്.എന്നാൽ ചെങ്ങണാംകുന്ന് റഗുലേറ്ററിന്റെ പണി

പൂർത്തീകരിച്ചതിനാൽ ഭാരതപ്പുഴയിൽ ജല ലഭ്യത നല്ല രീതിയിൽ ഉണ്ടാകും. ദേശമംഗലം ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 24754ആണ്. ഇതിൽ 12521സ്ത്രീകളും 12233 പുരുഷൻമാരുമാണുളളത്. പട്ടികജാതി വിഭാഗക്കാർ ആകെ 3754 ആണ്. ഇതിൽ 1914 സ്ത്രീകളും 1840 പുരുഷൻമാരും ഉൾപ്പെടുന്നു. പഞ്ചായത്തിലാകെ 470 പട്ടികജാതി കുടുംബങ്ങളുണ്ട്. 4 പേര് അടങ്ങുന്ന ഒരു പട്ടിക വർഗ്ഗ കുടുംബവുമുണ്ട്.

ദേശമംഗലം പഞ്ചായത്ത് ഭൂപടം



സാമൂഹിക-സാംസ്കാരിക-സാമ്പത്തിക സ്ഥിതി

ഒരു കാലത്തെ ജൈന സംസ്കാരകേന്ദ്രം എന്ന നിലയ്ക്കാണ് തലപ്പിള്ളി (-പളളി) യുടെ സ്ഥലനാമോൽപത്തി. ഇന്നത്തെ തലപ്പിളളി താലൂക്കും പൊന്നാനി മുതൽ ചേറ്റുവാ വരെയുളള തീരപ്രദേശവും ഉൾപ്പെട്ടതായിരുന്നു തലപ്പിളളി നാടുകൾ. അരനൂറ്റാണ്ട് മുൻപ് താലൂക്കിൽപ്പെട്ട വില്ലേജുകളുടെ എണ്ണം 74 ആണ്. മൂന്നിലൊരു ഭാഗം മുഴുവനും ഘോരവനമായിരുന്നു. ചെറുതുരുത്തി, മുളളൂർക്കര, വടക്കാഞ്ചേരി, കുന്നംകുളം, ഗുരുവായൂര്, പാലയൂർ തുടങ്ങിയ സ്ഥങ്ങൾ തലപ്പിളളി താലൂക്കിലെ മുഖ്യ ഘടകങ്ങളാണ്. താലൂക്കിന്റെ പടിഞ്ഞാറെ അതിർത്തിയിലായി സ്ഥിതി ചെയ്യുന്ന വടുതല, കണ്ടാണശ്ശേരി, ആർത്താറ്റ്, അഞ്ചൂർ, കാട്ടാകാമ്പാൽ, കടവല്ലൂർ, കൊരട്ടിക്കര എന്നീ സ്ഥലങ്ങൾക്ക് പൊതുവേ തലപ്പിളളി മേൽവട്ടം എന്നു പേരുണ്ടായിരുന്നു. (കേരളത്തിലെ സ്ഥലനാമ ചരിത്രങ്ങൾ-വി.വി.കെ വാലത്ത്) തലപ്പിളളി കീഴ് വട്ടത്തിലെ പേരാട്ട വീഥി എന്നറിയപ്പെടുന്ന മേഖലയിലെ ഗ്രാമമാണ് ദേശമംഗലം. മുളളൂർക്കര നാടുവാഴിയായിരുന്ന മനക്കോട്ടച്ചന്റെ അധീനതയിലായിരുന്നു ഈ ഗ്രാമമെന്നു പറയാം.

ചരിത്രം ചികഞ്ഞു നോക്കുമ്പോൾ ദേശമംഗലം എന്ന ഗ്രാമത്തെപ്പറ്റി അതാതിടങ്ങളിൽ ചില്ലറ പരാമർശങ്ങൾ കാണാം. എന്നാൽ കേരള ചരിത്രത്തിൽ വലിയ പ്രാധാന്യമൊന്നും കാണുന്നില്ല. പ്രധാന പഥത്തിൽ നിന്നും അകത്തേക്കുമാറി കിടക്കുന്ന ഈ ഗ്രാമത്തിലൂടെ പടയോട്ടങ്ങളോ കച്ചവടയാത്രകളോ ഉണ്ടായിട്ടില്ല. ചരിത്രം

ഊടുവഴികളിലൂടെയല്ലല്ലോ രൂപപ്പെടുന്നത്. പുരാതന കാലത്ത് നമ്പൂതിരി-ബ്രാഹ്മണ കുടിയേറ്റമുണ്ടായ സ്ഥലങ്ങളെയൊക്കെത്തന്നെ മംഗലം എന്ന് പൊതുവായി ചേർത്തു പറയാറുണ്ടായിരുന്നു. ഒരു പ്രധാന നമ്പൂതിര ഗ്രാമമെന്ന നിലക്കാണ് ദേശമംഗലം എന്ന പേര് ഈ ഗ്രാമത്തിന് സിദ്ധിച്ചത്.

തൃശ്ശൂർ ജില്ലയിൽപ്പെട്ട പ്രദേശമാണെങ്കിലും തൊട്ടടുത്തുള്ള വള്ളുവനാടൻ സംസ്കാരവുമായി ഇഴുകി ചേർന്ന നാടൻ തനിമയാണ് ദേശമംഗലത്തിന്റെ സംസ്കാരം. ഈ ഗ്രാമത്തിലെ സംസാരരീതിയും ആചാരവും കലകളും വേലയുത്സവങ്ങളും വള്ളുവനാടനാണ്. തൃശ്ശൂർ ജില്ലയുടെ വടക്കുഭാഗത്ത് ഭാരതപ്പുഴയുടെ കരയിലുള്ള ഈ ഗ്രാമം പ്രകൃതിഭംഗിക്കു കേൾവികേട്ടതാണ്. ചലച്ചിത്ര ഛായാഗ്രാഹകർക്ക് പ്രിയപ്പെട്ട ഭൂമി. അതിപ്രശസ്തരായ ഭാഗവതർമാരും വാരിയർമാരായ പണ്ഡിതൻമാരും ദേശമംഗലം എ. കെ.ടി.കെ എം (അവണ മന / കാണിയൂർ മന എന്നു കൂടി പേരുള്ള തെക്കിനിയേടത്ത് കീരങ്ങാട്ട് മന) മനയും ഇവിടെ ഉണ്ടായിരുന്നു. ദേശമംഗലം വാരിയത്തെ പണ്ഡിതൻമാരും ദേശമംഗലം വാരിയത്തെ പണ്ഡിതന്മാരുടെ സംഭാവനകളും ദേശമംഗലം മനയുടെ പ്രതാപവും എന്നും ഓർമ്മിക്കപ്പെടും. ലീലാതിലകം എന്ന പ്രാചീന മണിപ്രവാള ലക്ഷണഗ്രന്ഥത്തിന്റെ കൈയെഴുത്തു പ്രതി ദേശമംഗലം വാരിയത്തുനിന്നാണ് കണ്ടു കിട്ടിയത്. തിരുവനന്തപുരം സർവ്വകലാശാല മാനുസ്ക്രിപ്റ്റ്

ലൈബ്രറിയിലെ വലിയൊരു ശേഖരം ദേശമംഗലം വാരിയത്തെ താളിയോല കെട്ടുകളാണ്. കേരളത്തിലെ സാഹിത്യകാരന്മാർ ദേശമംഗലം മനയുടെ മംഗളോദയം (തൃശ്ശൂർ) മാസികയിലൂടെയും പബ്ലിക്കേഷൻ കമ്പനിയിലൂടെയും മംഗളോദയം നഴ്സിംഗ് ഹോമിലൂടെയും ആണ് സാഹിത്യ ജീവിതത്തെ വളർത്തിയെടുത്തത് എന്ന കാര്യം തകഴിയെപ്പോലുള്ളവര് ഇന്നും ഓർക്കുന്നു. 'മംഗളോദയം' ദേശമംഗലത്തുനിന്ന് ഉദയം ചെയ്തത് എന്നർത്ഥം. മാസികയും അതിന്റെ കേരള കല്പദ്രുമം പ്രസ്സും ആരംഭിച്ചത് ദേശമംഗലത്തു നിന്നു തന്നെയാണ്. ശ്രീ.എ.കെ.ടി.കെ.എം തമ്പുരാന്റെ സേവനം ഈ ഗ്രാമത്തിൻറെ പേര് പ്രകാശിപ്പിക്കുന്നതായിരുന്നു. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ഒരു ഭഗവത് ഗീതയും കുറെ മുലകളും' എന്ന സമാഹരത്തിലെ അതേ പേരുള്ള ചെറുകഥ അക്കാലത്തെ ദേശമംഗലത്തിന്റെ ആനച്ചന്തവും പെൺചന്തവും ജന്മിത്തവും വെളിപ്പെടുത്തുന്നു. മനകൊണ്ട് ദേശമംഗലം നിവാസികൾക്ക് കാര്യമായ ഭൗതിക നേട്ടങ്ങളൊന്നും ഉണ്ടായിട്ടില്ലെങ്കിലും സ്ഥലപ്രശസ്തിക്കു അവരുടെ ആനകളും മംഗളോദയം പ്രവർത്തനങ്ങളും ഇടയാക്കിയിട്ടുണ്ട്. ഈ ഗ്രാമത്തിലെ കൊച്ചി സർക്കാർ ഗ്രാമീണവായനാശാലക്ക് ഡി.എച്ച്. നമ്പൂതിരിപ്പാടും മറ്റും ചെയ്ത സേവനങ്ങൾ ചെറിയ തോതിലാണെങ്കിലും ഓർക്കത്തക്കതാണ്.

സാഹിത്യ അക്കാദമി അവാർഡ് നേടിയ പുലാക്കാട്ടു രവീന്ദ്രൻ, പാർലമെന്റേറിയനും നിയമസഭാംഗവുമായിരുന്ന സി. കെ ചക്രപാണി, മുന് മന്ത്രി കെ. കൊച്ചുകുട്ടൻ, എ.എസ്.എൻ. നമ്പീശൻ, കെ.എസ്. ശങ്കരൻ, സി. ശിവരാമമേനോന്, എ.സി

ജ്ഞാനപീഠ എന്നിവരുടെ നാമധേയങ്ങൾ ദേശമംഗലത്തിന്റെ പുരോഗതിയിൽ ഓർക്കപ്പെടേണ്ടവയാണ്. ദേശമംഗലം വാരിയർമാരുടെ നിരയിൽ അവസാനത്തെ കണ്ണിയായിരുന്ന പണ്ഡിതശിരോമണി പ്രൊഫ. ദേശമംഗലത്ത് രാമവാര്യർ നമ്മുടെ ഗ്രാമപ്രശസ്തി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രശസ്ത മഹാകവി ഒഎൻവി കുറുപ്പ് ദേശമംഗലം ഗ്രാമവുമായി നിരന്തരബന്ധമുള്ള വ്യക്തിയാണെന്നതും പ്രത്യേകം പറയേണ്ടതുണ്ട്. മലയാളത്തിലെ പ്രമുഖ കവിയും വിവർത്തകനും നിരൂപകനും അദ്ധ്യാപകനുമായ ദേശമംഗലം രാമകൃഷ്ണൻ ദേശമംഗലത്തിന്റെ പ്രശസ്തി വർദ്ധിപ്പിക്കുന്നു.

അദ്ധ്യായം- 2

പ്രകൃതി ദുരന്തങ്ങളും അതിജീവനവും

ഓഖി ചുഴലിക്കാറ്റ്

ഒരു തരം ചുഴലിക്കാറ്റിന് ബംഗ്ലാദേശിൽ ഉപയോഗിക്കുന്ന പേരാണ് **ഓഖി**. ഉഷ്ണമേഖലാ ചുഴലിക്കാറ്റുകളെ വേർതിരിച്ചറിയുന്നതിന് കാലാവസ്ഥാനിരീക്ഷകർ ഉപയോഗിക്കുന്ന പദങ്ങളിലൊന്നാണിത്. ബംഗ്ലാദേശിൽ കണ്ണ് എന്നർത്ഥമാണ് ഓഖിയ്ക്കുള്ളത്. തിരുവനന്തപുരം, കൊല്ലം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ 2017 നവംബർ 30 ന് ആഞ്ഞുവീശിയ ചുഴലിക്കാറ്റ് വളരെയേറെ നഷ്ടം വിതച്ചു. തെക്കൻകേരളത്തിൽ മണിക്കൂറിൽ 120 കിലോമീറ്റർ വേഗത്തിൽ ഓഖി വ്യാപിക്കുന്നു എന്ന് കാലാവസ്ഥാനിരീക്ഷകർ മുന്നറിയിപ്പു നൽകിയിരുന്നു. ഓഖി കന്യാകുമാരിയ്ക്കും തിരുവനന്തപുരത്തിനും ഇടയ്ക്കാണ് രൂപപ്പെട്ടത്. കന്യാകുമാരിയ്ക്ക് തെക്കും ശ്രീലങ്കയ്ക്ക് പടിഞ്ഞാറും രൂപപ്പെട്ട ന്യൂനമർദ്ദമാണ് ഓഖി ചുഴലിക്കാറ്റായി വീശുന്നത്. 7.5 ഡിഗ്രി നോർത്ത് ലാറ്റിറ്റ്യൂഡിലും 77.5 ഡിഗ്രി ഈസ്റ്റ് ലോംജിറ്റ്യൂഡിലും കന്യാകുമാരിയ്ക്ക് 55 കി.മീ. ചുറ്റുകയും തിരുവനന്തപുരത്ത് 120 കി.മീറ്ററും മിനിക്കോയ്ക്ക് തെക്കുകിഴക്ക് 480 കി.മീ. വേഗതയിലും ഓഖി മണിക്കൂറിൽ സഞ്ചരിക്കുന്നു. ദേശമംഗലം ഗ്രാമപഞ്ചായത്തില് ഓഖി യാതൊരുവിധ നാശനഷ്ടവും ഉണ്ടാക്കിയിട്ടില്ല.

പ്രളയം 2018

2018 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നത്. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ചു തുറന്നത്. അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടുവെന്നു പറയാം. നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽ, വ്യോമ ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. കനത്ത മഴയിലും, പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായതായും 140 പേർ ആശുപത്രിയിലായതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തെ അറിയിച്ചു. കാലവർഷം

ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജിവിക്കേണ്ട അവസ്ഥയിലെത്തി കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു.

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ 7 ഓളം വാർഡുകള് ഭാരതപുഴയുടെ തീരത്തോട് ചേർന്നാണ് കിടക്കുന്നത്. ശക്തമായി പെയ്ത മഴയുടെയും ഡാമുകളുടെ ഷട്ടറുകള് തുറന്ന് വിട്ടത് മൂലവും ഭാരതപുഴ കര കവിഞ്ഞ് ഒഴുകുകയും പുഴയോട് ചേർന്നുള്ള പ്രദേശങ്ങളില് വെള്ളം കയറുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തില് പല വീടുകളിലും വെള്ളം കയറുകയും, വീടുകൾക്ക് നാശനഷ്ടം സംഭവിക്കുകയും, പഞ്ചായത്ത് പരിധിയിലുള്ള കുന്നിൻ മേഖലകളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടല് എന്നിവ ഉണ്ടാവുകയും ചെയ്തു. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ താമസിക്കുന്നവരെ പഞ്ചായത്തിന്റെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുകയും അവർക്ക് വേണ്ട ഭക്ഷണം, വസ്ത്രം, കുടിവെള്ളം, മരുന്നുകൾ , ഡോക്ടർമാർമാരുടെ സേവനം എന്നിവ ലഭ്യമാക്കുകയും ചെയ്തു.

15-08-2018 തിയ്യതി ശക്തമായി പെയ്ത മഴയെ തുടർന്ന് പുഴയിലെ വെള്ളം ക്രമാതീതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. കളക്ടേറ്റ്, താലൂക്ക് ഓഫീസ് ,പോലീസ് സ്റ്റേഷൻ എന്നിവടങ്ങളിൽ നിന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തില് അന്ന് വൈകീട്ട് 5

മണിയോടെ മൈക്ക് അനൗൺസ്മെന്റ് നടത്തുകയും ഉറോലി മുതല് ചെറുകാട് വരെയുള്ള വീട്ടുകാരെ കണ്ട് വീട്ടില് നിന്ന് മാറി താമസിക്കാന് നിർദ്ദേശം നൽകുകയും ചെയ്തു.

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ കൊറ്റമ്പത്തൂർ കോളനി പരിസരത്ത് പുലർച്ചെ 3 മണിയോടെ മണ്ണിടിച്ചൽ ഉണ്ടാവുകയും ടി കോളനിയില് താമസിക്കുന്ന 33 കുടുംബങ്ങളെ ഉരുൾപൊട്ടല് സാധ്യതയുള്ളതിനാല് സെക്രട്ടറി, വില്ലേജ് ഓഫീസർ , പ്രസിഡൻറ്, വൈസ് പ്രസിഡൻറ് എന്നിവരുടെ നേതൃത്തത്തില് പള്ളം GLPS സ്കൂളിലേക്ക് മാറ്റി പാർപ്പിച്ചു. പല്ലൂർ വെള്ളിയാട് ഭാഗത്ത് വെള്ളം കയറിയതിനെ തുടർന്ന് 16 കുടുംബങ്ങളെ അടിയന്തിരമായി ഗുരുകുലം വിദ്യാകേന്ദ്രം, കൊണ്ടയൂർ ലേക്ക് മാറ്റിപാർപ്പിക്കുകയും തുടർന്ന് കൂടുതല് സൗകര്യമുള്ള മലബാർ എഞ്ചിനിയറിംഗ് കൊളേജിലേക്ക് ക്യാമ്പ് മാറ്റുകയും ചെയ്തു. ചെറുകാട് പ്രദേശത്തുള്ള 14 കുടുംബങ്ങളെ സമീപത്തുള്ള C.I.T.U ഓഫീസിലേക്കും, പരിസരത്തുള്ള 2 വീടുകളിലേക്കും മാറ്റി പാർപ്പിച്ചു.

രാവിലെ 6 മണിയോട് കൂടി കൊറ്റമ്പത്തൂർപള്ളം GLPS സ്കൂളിലേക്ക് മാറ്റി പാർപ്പിച്ചവരില് ചിലർ അവരുടെ അധാർ, റേഷൻ കാർഡ് തുടങ്ങിയ രേഖകള് എടുക്കുന്നതിന് വേണ്ടി വീട്ടിലേക്ക് തിരിച്ച് പോവുകയും ടി സമയത്ത് ഉരുൾപൊട്ടലിനെ തുടർന്ന് 4 പേര് മണ്ണിനടിയില് പെടുകയും 3 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. വളരെ അടിയന്തിരമായി പഞ്ചായത്തിന്റെയും , വില്ലേജിന്റെയും, മറ്റു സന്നദ്ധ സംഘടനകളുടെയും നേതൃത്തത്തിൽ JCB, HITTACCHI എന്നിവ

ഉപയോഗിച്ച് രക്ഷാപ്രവർത്തനം ആരംഭിച്ചു . തുടർന്നുള്ള തിരച്ചലില് പരിക്കേറ്റ 3 പേരെ കണ്ടെത്തുകയും അവരെ ഉടനടി ആശുപത്രിയിലേക്ക് മാറ്റുകയും ചെയ്തു. അന്നേ ദിവസം ഹരിനാരായണൻ , ശിവദാസൻ എന്നിവരുടെ മൃതദേഹങ്ങള് കിട്ടി.

മണ്ണിനടിയിൽപ്പെട്ട മറ്റുള്ളവർക്ക് വേണ്ടി തിരച്ചില് നടത്തിയെങ്കിലും ശക്തമായ മഴയെ തുടർന്ന് 6 മണിയോട് കൂടി രക്ഷാപ്രവർത്തനം നിർത്തി വെച്ചു. ആവശ്യമായ ഭക്ഷണം, കുടിവെള്ളം, വെളിച്ചം എന്നിവ പഞ്ചായത്ത് നേരിട്ട് ഏർപ്പെടുത്തി. തുടർന്നുള്ള ദിവസങ്ങളില് ക്യാമ്പിലുള്ളവർക്ക് മെഡിക്കല് ഓഫീസറുടെ നേതൃത്തത്തില് FHC യിലെ ജീവനക്കാർ പരിശോധന നടത്തുകയും ആവശ്യമായ മരുന്നുകള് നൽകുകയും ചെയ്തു. 17-08-2018 തിയ്യതി കാലത്ത് കാണാതായവർക്ക് വേണ്ടി രക്ഷാപ്രവർത്തനം തുടരുകയും തുടർന്നുള്ള തിരച്ചലിില് സജീവൻ എന്നവരുടെ മൃതദേഹം കിട്ടി. ബാക്കിയുള്ളവർക്ക് വേണ്ടി തിരച്ചില് തുടർന്നു കൊണ്ടിരുന്നു. 18-08-2018 തിയ്യതിയിലെ കാലത്തുള്ള തിരച്ചലിില് 10 മണിയോട് കൂടി രഞ്ജിത്തിന്റെ മൃതദേഹം കൂടി കിട്ടുകയും, തുടർന്നുള്ള അന്വേഷണത്തില് വേറെ ആരും മണ്ണിനടിയിൽ അകപ്പെട്ടിട്ടില്ല എന്നതിന്റെ അടിസ്ഥാനത്തില് തിരച്ചില് അവസാനിപ്പിച്ചു. മറ്റു നടപടികൾ പൂർത്തീകരിച്ചതിന് ശേഷം മൃതദേഹങ്ങള് ക്യാമ്പ് നടക്കുന്ന പള്ളം GLPS സ്കൂളില് 5

മണിക്ക് പൊതു ദർശനത്തിന് വെക്കുകയും മുഖ്യമന്ത്രി പൊതു ശ്മശാനത്തിൽ സംസ്കരിക്കുകയും ചെയ്തു.

18-08-2018 തിയ്യതിയില് മലബാർ എഞ്ചിനിയറിംഗ് കോളേജിലെ ദുരിതാശ്വാസ ക്യാമ്പിലുള്ള കുടുംബങ്ങൾ അവരവരുടെ വീടുകളിലേക്ക് തിരിച്ചു പോയതിനാല് ടി ക്യാമ്പിന്റെ പ്രവർത്തനം അവസാനിപ്പിച്ചു. പഞ്ചായത്തിന്റെ മേൽനോട്ടത്തില് വിവിധ സന്നദ്ധ സംഘടനകൾ ക്യാമ്പിലേക്ക് അവശ്യമായ സാധന സാമഗ്രികള് വിതരണം നടത്തുകയുണ്ടായി.

21-08-2018 തിയ്യതിയില് പഞ്ചായത്ത് തലത്തില് ദുരന്ത നിവാരണ ശുചിത്വ യോഗം ചേർന്നു. തുടർന്ന് വാർഡ് തലത്തില് ദുരന്ത നിവാരണ ശുചിത്വ യോഗം ചേരുകയും ശുചിത്വ സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തു. ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തില് വെള്ളം കയറിയ വീടുകളിലും , കിണറുകളിലും ശുചീകരണ പ്രവർത്തനങ്ങള് ആരംഭിച്ചു. LSGD AE , OVERSEAR , KSEB AE എന്നിവർ ഭാഗികമായി തകർന്ന വീടുകളിലും , വെള്ളം കയറിയ വീടുകളിലും പരിശോധന ആരംഭിച്ചു .

23-08-2018 തിയ്യതിയില് ക്യാമ്പിന്റെ തുടർന്നുള്ള പ്രവർത്തങ്ങള് നടത്തി കൊണ്ടുപോകുന്നതിന് പഞ്ചായത്ത് തലത്തിൽ സർവ്വ കക്ഷിയോഗം വിളിച്ച് ചേർക്കുകയും ആയതിൽ 26 അംഗ കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്നുള്ള ദിവസങ്ങളില് ശുചിത്വ സ്ക്വാഡുകളുടെയും വിവിധ സന്നദ്ധ സംഘടനകൾ വഴിയും എല്ലാ വാർഡുകളിലും വാർഡ് തല ശുചീകരണ പ്രവർത്തങ്ങള് നടത്തി. 23-08-2018 തിയ്യതിയില് ചെറുകാട് ദുരിതാശ്വാസ

ക്യാമ്പിലുള്ള കുടുംബങ്ങൾ അവരവരുടെ വീടുകളിലേക്ക് തിരിച്ചു പോയതിനാല് ടി ക്യാമ്പിന്റെ പ്രവർത്തനം അവസാനിപ്പിച്ചു.

29-08-2018 തിയ്യതിയില് പള്ളം GLPS സ്കൂള് ശുചീകരിക്കുന്നതിന്റെ ഭാഗമായി വൈറ്റ് വാഷ് , പെയിന്റിംഗ് എന്നിവ ആരംഭിച്ചു. സ്കൂൾ തുടർന്ന് പ്രവർത്തിക്കേണ്ടാതിനാല് ടി ക്യാമ്പ് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഓഡിറ്റൊറിയത്തിലേക്ക് മാറ്റുന്നതിന് വേണ്ട നടപടികള് സ്വീകരിച്ചു. പ്രളയത്തിൽ തകർന്ന വീടുകള് , റോഡുകൾ , മറ്റുള്ള നാശ നഷ്ടങ്ങൾ ശേഖരിക്കുന്നതിന് മലബാര് എഞ്ചിനിയറിംഗ് കൊളേജിലെ വിദ്യാർഥികളെ ഉൾപ്പെടുത്തി AE യുടെ നേതൃത്തത്തിൽ സർവ്വേ നടത്തി.

ദുരിതാശ്വാസ ക്യാമ്പുകൾ

നമ്പർ	ദുരിതാശ്വാസ ക്യാമ്പിന്റെ പേര്	കെട്ടിടം ഉടമസ്ഥൻറെ പേര്	എത്ര ആളുകളെ ഉൾകൊള്ളുവാന് സാധിക്കും
1	GVHSS ദേശമംഗലം	പ്രിൻസിപ്പല്	200

2	ഗവ: ITI ദേശമംഗലം	പ്രിൻസിപ്പല	50
3	കൊണ്ടയൂർ ജിഎൽപിഎസ്	ഹെഡ്മിസ്ട്രസ്സ്	30
4	പള്ളം ജിഎൽപിഎസ്	ഹെഡ്മിസ്ട്രസ്സ്	30
5	വിദ്യാസാഗർ ഉരുകുലം	ഹെഡ്മിസ്ട്രസ്സ്	30
6	മലബാർ എഞ്ചിനീയറിംഗ് കോളേജ്	പ്രിൻസിപ്പല്	300
8	തലശ്ശേരി എ.എൽ.പി.എസ്	ഹെഡ്മിസ്ട്രസ്സ്	35

പ്രളയം 2019

2019 ആഗസ്റ്റ് മാസത്തില് ഉണ്ടായ ശക്തമായ മഴയെ തുടർന്ന് പുഴയിലെ വെള്ളം ക്രമാതീതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടു. 09-08-2019 തിയ്യതിയില് കളക്ടേറ്റ്, താലൂക്ക് ഓഫീസ് ,പോലീസ് സ്റ്റേഷൻ എന്നിവടങ്ങളില് നിന്നുമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തില് ഉറോലി മുതൽ ചെറുകാട് വരെയുള്ള വീട്ടുകാരെ കണ്ട് വീട്ടില് നിന്ന് മാറി താമസിക്കാന് നിർദ്ദേശം നൽകി. പല്ലൂർ വെള്ളിയാട് ഭാഗത്ത് വെള്ളം കയറിയതിനെ തുടർന്ന് 41 കുടുംബങ്ങളെ അടിയന്തിരമായി മലബാര് എഞ്ചിനിയറിംഗ് കൊളേജിലേക്ക് മാറ്റി പാർപ്പിച്ചു. ചെറുകാട് പ്രദേശത്തുള്ള 12 കുടുംബങ്ങളെ സമീപത്തുള്ള C.I.T.U ഓഫീസിലേക്കും, സമീപത്തുള്ള

വീട്ടിലേക്കും മാറ്റി പാർപ്പിച്ചു. ക്യാമ്പിൽ താമസിക്കുന്നവർക്ക് ആവശ്യമായ ഭക്ഷണം, കുടിവെള്ളം, വെളിച്ചം എന്നിവ ഏർപ്പെടുത്തി. അന്നേ ദിവസം ക്യാമ്പിലുള്ളവർക്ക് മെഡിക്കല് ഓഫീസറുടെ നേതൃത്വത്തിൽ FHC യിലെ ജീവനക്കാർ പരിശോധന നടത്തുകയും ആവശ്യമായ മരുന്നുകള് നൽകുകയും ചെയ്തു.

അടിയന്തിര സാഹചര്യം വിലയിരുത്തുന്നതിനും തുടർ നടപടികള് സ്വീകരിക്കുന്നതിനായി പ്രസിഡന്റിന്റെ അധ്യക്ഷതയിൽ വിവിധ വകുപ്പ് തല ഉദ്യോഗസ്ഥന്മാർ, KSEB അസിസ്റ്റന്റ് എഞ്ചിനിയർ, വില്ലേജ് ഓഫീസർമാര് എന്നിവര് ഉൾപ്പെടുന്ന CRISIS MANAGEMENT യോഗം 10-08-2019 തിയ്യതി രാവിലെ 10.00 A.M ന് വിളിച്ച് ചേർക്കുന്നതിന് തീരുമാനിച്ചു.

CRISIS MANAGEMENT യോഗം 10-08-2019 തിയ്യതി രാവിലെ 10.00 A.M ന് പഞ്ചായത്ത് ഓഫീസില് വെച്ച് ചേർന്നു. മണ്ണിടിച്ചലിന് സാധ്യതയുള്ള ഒമ്പതാം വാർഡ് പള്ളം WE-STAR ഓഡിറ്റോറിയം പരിസരം, ഒന്നാം വാർഡ് കുംഭാര കോളനി പരിസരം, പതിമൂന്നാം വാർഡ് മേലെ തലശ്ശേരി പള്ളി പരിസരം, രണ്ടാം വാർഡ് സാംബവ കോളനി പരിസരം, നാലാം

വാർഡ് ചിറക്കോളനി പരിസരം എന്നീ പ്രദേശങ്ങളിലെ ജിയോളജി വകുപ്പിന്റെ അഭിപ്രായം തേടുന്നതിന് ടി യോഗം തീരുമാനിച്ചു.

11-08-2019 തിയ്യതിയിൽ പരിസര പ്രദേശങ്ങളിലെ വെള്ളക്കെട്ട് കുറഞ്ഞതിനെ തുടർന്ന് മലബാർ എഞ്ചിനിയറിംഗ് കോളേജ് ക്യാമ്പിലെ പല്ലൂര് വെള്ളിയാട് പ്രദേശത്തെ 26 കുടുംബങ്ങളിലെ 88 പേർക്യാമ്പ് വിട്ട് സ്വന്തം വീടുകളിലേക്ക് മടങ്ങി പോയി. പല്ലൂർ വെള്ളിയാട് പ്രദേശത്തെയും പരിസര പ്രദേശങ്ങളിലെയും വെള്ളക്കെട്ട് കുറഞ്ഞതിനെ തുടർന്ന്C.I.T.U ഓഫീസിലെയും, പരിസരത്തുള്ള വീട്ടിലേയും ക്യാമ്പിൽ താമസിക്കുന്ന 16 പേര് ഉൾപ്പെടുന്ന 3 കുടുംബങ്ങൾ ക്യാമ്പ് വിട്ട് സ്വന്തം വീടുകളിലേക്ക് മടങ്ങി പോയി.

11-08-2019 തിയ്യതിയിൽ മലബാർ എഞ്ചിനിയറിംഗ് കോളേജ് ക്യാമ്പില് കഴിഞ്ഞിരുന്ന 26 കുടുംബങ്ങളുടെ ഭവനങ്ങളിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥര് പരിശോധന നടത്തി. പരിസര പ്രദേശങ്ങളിൽ മാത്രം വെള്ളം ഉയർന്നതായും വീടുകളില് വെള്ളം കയറിയിട്ടില്ലാത്തതായും ബോധ്യപ്പെട്ടതിനാൽ ശുചീകരണ പ്രവർത്തികളുടെ ആവശ്യമില്ലെന്ന് വിലയിരുത്തി.

11-08-2019 തിയ്യതിയില് പരിസര പ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവായതിനാൽ മലബാർ എഞ്ചിനിയറിംഗ് കോളേജ് ക്യാമ്പിൽ താമസിക്കുന്ന സാംബവ കോളനി പ്രദേശത്തെ 9 കുടുംബങ്ങളിലെ 35 പേര് ക്യാമ്പ് വിട്ട് സ്വന്തം വീടുകളിലേക്ക് മടങ്ങി പോയി. മേൽ സാഹചര്യത്തിൽ മലബാര് എഞ്ചിനിയറിംഗ് കോളേജ് ക്യാമ്പ് ഒഴിവാക്കാന് തീരുമാനിച്ചു.

12-08-2019 തിയ്യതി ജിയോളജി വകുപ്പ് അധികൃതർ ഒമ്പതാം വാർഡ് പള്ളം WE-STAR ഓഡിറ്റോറിയം പരിസരം, ഒന്നാം വാർഡ് കുംഭാര കോളനി പരിസരം, പതിമൂന്നാം വാർഡ്

മേലെ തലശ്ശേരി പള്ളി പരിസരം, രണ്ടാം വാർഡ് സാംബവ കോളനി പരിസരം, നാലാം വാർഡ് ചിറക്കോളനി പരിസരം എന്നീ പ്രദേശങ്ങള് സന്ദർശിക്കുകയും നിലവില് ടി പ്രദേശങ്ങളില് അപകട സാധ്യതയില്ലെന്ന് വിലയിരുത്തുകയും ചെയ്തു. പകൽ സമയങ്ങളില് നിറുത്താതെ മഴ പെയ്യുന്ന സാഹചര്യത്തിൽ പരിസര വാസികളോട് ജാഗ്രത പാലിക്കുന്നതിനും നിർദേശങ്ങള് നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്തു.

13-08-2019 നിലവില് ചെറുകാട് ക്യാമ്പില് 7 കുടുംബങ്ങളിലായി 42 പേര് താമസിക്കുന്നു.ഇതിൽ 12 പുരുഷന്മാരും 16 സ്ത്രീകളും ,14 കുട്ടികളും ഉൾപ്പെടുന്നു. സ്വന്തം വീടുകളിലെ കിണറുകളിലെ വെള്ളം നിലവിൽ കുടിക്കാന് പറ്റാത്തതിനാലും കിണറുകളില് ക്ലോറിനേഷന് പ്രവർത്തികള് നടന്നുകൊണ്ടിരിക്കുന്ന സാഹചര്യം ആയതിനാലും ശുദ്ധമായ കുടിവെള്ളം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് ക്യാമ്പിലെ കുടുംബങ്ങൾ സ്വന്തം വീടുകളിലേക്ക് മടങ്ങാന് സന്നദ്ധരാണെന്ന് ഉദ്യോസ്ഥരെ അറിയിച്ചു.

ക്യാമ്പ് നിവാസികളുടെ വീടുകളുടെ പരിസരത്ത് കുടിവെള്ള ടാങ്കും, ഇഷ്ടമായ കുടിവെള്ളവും ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. വെള്ളം കയറിയ എല്ലാ വീടുകളിലും ശുചീകരണ പ്രവർത്തി പൂർത്തിയാക്കിയിട്ടുണ്ട്. വീടുകളിലും കിണറുകളിലും ഒരാഴ്ചയോളം നീളുന്ന സൂപ്പർ ക്ലോറിനേഷന് പ്രവർത്തികള് ആരോഗ്യ വകുപ്പിന്റെയും ആശാ വർക്കരുടെയും നേതൃത്വത്തില് ആരംഭിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസർ, LSGD അസിസ്റ്റന്റ് എഞ്ചിനിയർ , സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ തകർന്ന് പോയ 6 റോഡുകള് സന്ദർശിച്ച് നാശനഷ്ടം വിലയിരുത്തി. ടി പ്രളയം മൂലം ഏഴോളം വീടുകൾക്ക് ഭാഗികമായി നാശനഷ്ടം സംഭവിച്ചു.

കോവിഡ് -19

കോവിഡ് -19 എന്ന മഹാമാരിയില് ഞെട്ടി വിറച്ച ലോക ജനത മഹാ ദുരന്തമായി വന്ന വൈറസിനെതിരെ ഒത്തു ചേരലിലൂടെ ഒറ്റകെട്ടായി നേരിട്ട് ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് സാധിച്ചു. ചൈനയിലെ വുഹാനിൽ നിന്ന് പടർന്ന് പിടിച്ച കൊറോണ വൈറസ് ലോകം മുഴുവൻ കീഴടക്കിയപ്പോള് സാമൂഹ്യ അകലം പാലിച്ചും കർശന നിയന്ത്രങ്ങള് ഏർപ്പെടുത്തിയും നമ്മുടെ രാജ്യവും സംസ്ഥാനവും സ്വീകരിച്ച മുൻകരുതലുകള് പ്രശംസനീയമാണ്. 2020 ജനുവരി 30 ന് രാജ്യത്ത് ആദ്യ കോവിഡ് കേസ് റിപ്പോർട്ട് ചെയ്തത് നമ്മുടെ സംസ്ഥാനത്തായതും അത് നമ്മുടെ ജില്ലയിൽ ആണെന്നതും നമ്മെ തുടക്കത്തിലെ ആശങ്കാകുലരാക്കി എങ്കിലും പ്രതിരോധ പ്രവർത്തനങ്ങളില് നാം മുന്നില് നിന്നു.

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ പത്താം വാർഡില് പള്ളം കുന്നുംപുറം പ്രദേശത്ത് ചൈനയിൽ നിന്നും വന്ന മെഡിക്കല് വിദ്യാർത്ഥിയെ ഐസലേഷനില് പാർപ്പിക്കുകയും 28

ദിവസം പൂർത്തീകരിക്കുകയും ചെയ്തു. ടിയാരി കോവിഡ് നെഗറ്റീവ് ആയത് നമ്മുക്ക് തുടക്കത്തിലെ ആശ്വാസം പകർന്നു. ടി കുടുംബത്തിന് വേണ്ട എല്ലാ സഹായ സഹകരണങ്ങളും പഞ്ചായത്തിൽ നിന്നും ആരേഗ്യ വകുപ്പില് നിന്നും യഥേഷ്ടം നല്കി ഈ കുടുംബത്തിന് ആവശ്യമായ പിന്തുണ നൽകി.

2020 മാർച്ച് 10 ന് കേരളത്തില് പത്തനം തിട്ട സ്വദേശികൾക്ക് കോവിഡ് പോസറ്റീവ് റിപ്പോർട്ട് ചെയ്തത് ആശങ്കയോടെയാണ് നാം കണ്ടത്. അതിനെ തുടർന്ന് 2020 മാർച്ച് 11 ന് പഞ്ചായത്തിൽ മെമ്പർമാരുടെും ആരോഗ്യ വകുപ്പ് ജീവനക്കരുടെയും സംയുക്തയോഗത്തില് പൊതു പരിപാടികള് ഒഴിവാക്കാന് തീരുമാനിച്ചു. കുടുംബശ്രീ എഡി എസ് , സിഡിഎസ് മെമ്പർമാർ, തൊഴിലുറപ്പ് തൊഴിലാളികൾ എന്നിവരെകൊണ്ട് ചെറിയ ഗ്രൂപ്പുകളായി തിരിഞ്ഞ് പൊതുജനങ്ങൾക്ക് ബോധവത്കരണം നടത്തുന്നതിന് തീരുമാനിച്ചു. മാർച്ച് മാസം 12 ന് നമ്മുടെ ജില്ലയിൽ രണ്ടാം കോവിഡ് കേസ് സ്ഥീരികരിച്ചപ്പോള് ലോകത്ത് ആകമാനം പ്രത്യേകിച്ച് വികസിത രാജ്യങ്ങളായ ഇറ്റലി, സ്പെയിൻ , അമേരിക്ക, ബ്രിട്ടൻ എന്നിവടങ്ങളില് കൊറോണ

വൈറസ് വ്യാപിച്ച കഴിഞ്ഞിരുന്നു. 14/03/2020 ന് ചേർന്ന യോഗത്തിൽ വിദേശത്ത് നിന്നു വന്നവർ ആരോഗ്യ വകുപ്പുമായി ബന്ധ പ്പെടണമെന്നും ടി വ്യക്തികള് ഐസൊലേഷനില് കഴിയണമെന്ന് നിർദേശിച്ച് തീരുമാനമെടുക്കുകയും ആശാവർക്കർമാര് അംഗൻവാടി ജീവനക്കാർ എന്നിവര് ഈ കാര്യങ്ങളില് ശ്രദ്ധ പുലർത്തുന്നതിന് നിർദേശിച്ചും തീരുമാനിച്ചു. 2020 മാർച്ച് 19 ന് പഞ്ചായത്ത് ഭരണ സമിതി അടിയന്തിര യോഗം ചേർന്ന് സ്ഥിതിഗതികള് വിലയിരുത്തി. പൊതു ജനങ്ങളെ ഓഫീസിനകത്തേക്ക് പ്രവേശിപ്പിക്കുന്ന സാഹചര്യം ഒഴിവാക്കിയും, പൊതു സ്ഥലങ്ങൾ സർക്കാര് ഓഫീസുകള് എന്നിവടങ്ങളില് സാനിറ്റൈസര് സ്ഥാപിക്കുന്നതിന് നിർദേശിച്ചും ആയത് ബന്ധപ്പെട്ട അധികാരികളെ ബോധ്യപ്പെടുത്തിയും തീരുമാനിച്ചു. അന്നേ ദിവസം തന്നെ പൊതു സ്ഥലങ്ങളിലും സർക്കാര് ഓഫീസുളിലും സാനിറ്റൈസർ സ്ഥാപിക്കുകയും ചെയ്തു.

2020 മാർച്ച് മാസം 22ന് രാജ്യം മുഴുവൻ ജനതാ കർഫ്യു പ്രഖ്യാപിച്ചപ്പോള് നമ്മുടെ പഞ്ചായത്തും പൂർണ്ണമായും അതിനോട് സഹകരിച്ചു. മാർച്ച് 23 ന് കേരളത്തില് കോവിഡ് വൈറസിന്റെ വ്യാപനം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് കേരളാ സർക്കാര് ലോക്ഡൊണ് പ്രഖ്യാപിച്ചപ്പോള് ഏറെ ആശങ്കയോടെയെങ്കിലും നാമും മുൻകരുതല് പ്രവർത്തനങ്ങള് ഏറ്റെടുത്തു. മർച്ച് 24 ന് രാജ്യം 21 ദിവസത്തേക്ക് ലോക്ഡൗണ് പ്രഖ്യാപിച്ചു.

പരിശീലനം.

പഞ്ചായത്ത് തലത്തില് ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തില് മാർച്ച് മാസം 23, 24 എന്നീ ദിവസങ്ങലിൽ വാർഡ്തല പരിശീലനം ആരംഭിച്ചു. മെമ്പർമാരുടെ നേതൃത്വത്തില് ആരോഗ്യ വിഭാഗം ജീവനക്കാർ – ആശാവർക്കർമാർ, അംഗൻവാടി വർക്കർമാര്, കുടുംബശ്രീ

പ്രവർത്തകര് എന്നിവർക്ക് ഈ മഹാമാരിയെക്കുറിച്ച് ബോധവത്കരണ ക്ളാസും പരിശീലനവും നടത്തി. സന്നദ്ധ പ്രവർത്തകർ, യുവജന ക്ലബ് പ്രതിനിധികൾ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവര് പരിശീലനത്തില് പങ്കെടുത്തു. ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാര് എന്നിവര് വിവിധ വാർഡുകളില് ക്ലാസുകള് നയിച്ചു. സാമൂഹ്യ അകലം പാലിക്കുക എന്നത് മാത്രമാണ് രോഗം പകരാതിരിക്കാനുള്ള മാർഗം. കൂടാതെ ഓരോ 20 മിനിറ്റ് കൂടുമ്പോഴും കൈ കഴുകുന്നതിൻറെ പ്രാധാന്യം ക്ലാസുകളില് ഉദ്യോഗസ്ഥര് വിശദീകരിച്ചു.

പ്രചരണം

ദേശമംഗലം ഗ്രാമ പഞ്ചായത്തിൽ കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി വ്യാപകമായ പ്രചരണം നടത്തുന്നതിന് 19/03/2020 ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റിയും ആരോഗ്യ പ്രവർത്തകരുടെ യോഗത്തിലും തീരുമാനിച്ചത് പ്രകാരം മെമ്പര്മാരുടെ

നേതൃത്വത്തിൽ വീടുവീടാന്തരം ബോധവത്കരണ നോട്ടീസ് വിതരണം മാർച്ച് 24,25,26 ദിവസങ്ങളിലായി നടത്തി. 26/03/2020,27/03/2020 ദിവസങ്ങള് കൊറോണ വൈറസ് - വ്യാപനം തടയുന്നതിന് സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ജനങ്ങൾക്ക് ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി മൈക് അനൗൺസ്മെന്റ് നടത്തി. ബസ് സ്റ്റോപ്പ്, സർക്കാര് ഓഫീസ്, ജനങ്ങൾ വന്നു ചേരുന്ന മറ്റ് പൊതു സ്ഥലങ്ങലില് BREAK THE CHAIN ക്യാമ്പെയിൻ ബോർഡ് സ്ഥാപിച്ച് കൈ കഴുകുന്നതിന് വെള്ളം വെയ്ക്കുകയും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ക്യാമ്പെയിൻ നടത്തുകയും ചെയ്തു. കൂടാതെ സർക്കാര് ഓഫീസുകളില് സാനിറ്റൈസർ സ്ഥാപിക്കുകയും ചെയ്തിട്ടുള്ളതാണ്. എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലും ആരോഗ്യ പ്രവ്ർത്തകര് സന്ദർശിച്ച് ബോധവത്കരണം നടത്തുകയുണ്ടായി. 20/03/2020 മുതല് വാർഡ് തല സമിതികള് പ്രവർത്തനം ആരംഭിച്ചു. പൊതു സ്ഥലങ്ങളില് കൂട്ടംകൂടി നിൽക്കുന്നത് ഒഴിവാക്കുന്നതിന് കർശന നിർദേശം പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നൽകി. ബസ് സ്റ്റോപ്പ്, പൊതു സ്ഥലങ്ങങൾ, സർക്കാര് ഓഫീസുകള് എന്നിവിടങ്ങൾ ഫയര് & റസ്ക്യൂ ഫോഴ്സ് ഫ്യൂമിംഗ് നടത്തുകയുണ്ടായി.

<u>നിരീക്ഷണത്തിലും നിരീക്ഷണ കാലാവധി പൂർത്തിയായവരുടെയും വിശദാശംങ്ങള്</u>

ദേശമംഗലംഗ്രാമ പഞ്ചായത്തിൽ വിദേശത്ത് നിന്ന് വന്നവരും കേരളത്തിന് പുറത്തുനിന്ന് വന്നവരും അടക്കം 23/03/2020 മുതല് 129 പേര് നിരീക്ഷണത്തിലുണ്ടായിരുന്നു. ഇതിൽ രാജ്യത്തിന് പുറത്ത് നിന്ന് വന്നവർ 102 ഉം കേരളത്തിന് പുറത്ത് നിന്നവര് 27 പേരും ഉൾപ്പെടുന്നു. എന്നാൽ 22/04/2020 ന് 116 പോരുടെയും നിരീക്ഷണ കാലയളവ് പൂർത്തീകരിച്ചു. നിരീക്ഷണത്തിൽ ഉണ്ടായ വ്യക്തികള് പൂർണ്ണമായും ഐസോലേഷനില് പഞ്ചായത്ത് മെമ്പർമാരുടെയും ആരോഗ്യ വകുപ്പ് ജീവനക്കാരുടെയും വാർഡ് തല സമിതി അംഗങ്ങളുടെയും

നിർദേശങ്ങള് പാലിച്ചു. പഞ്ചായത്തിൽ ഒരു കോവിഡ് പോസറ്റീവ് കേസ് പോലും റിപ്പോർട്ട് ചെയ്തിട്ടില്ല എന്നത് വളരെ ആശ്വസകരമായ ഒന്നാണ്.

<u>ബ്രേക്ക് ദ ചെയിൻ ഏർപ്പെടുത്തിയ സ്ഥലങ്ങള് , സംഘടനകൾ</u>

ദേശമംഗലംഗ്രാമ പഞ്ചായത്തിലെ എല്ലാ സർക്കാര് ഓഫീസുകളിലും ബ്രേക്ക് ദ ചെയിന് ക്യാമ്പെയിൻറെ ഭാഗമായി കൈകഴുകുന്നതിന് സൗകര്യവും ഹാന്റ് വാഷും വെച്ചിട്ടുള്ളതാണ്. ദേശമംഗലം സെന്റർ, കൂടുപാത സെന്റർ, തലശ്ശേരി സെന്റർ, തലശ്ശേരി സ്കൂൾ, ആറങ്ങോട്ടുകര എസ്റ്റേറ്റ് പടി, മേലെ തലശ്ശേരി, പള്ളം, ആറ്റുപുറം, പള്ളം, കുന്നംപുറം, വറവട്ടൂർ, കൊണ്ടയൂർ, പല്ലൂർ, കറ്റവട്ടൂർ എന്നീസ്ഥലങ്ങളില് കൈകഴുകുന്നതിന് സൈകര്യവും ഹാൻറ് വാഷും സ്ഥാപിച്ചു. വിവ്ധ രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, ക്ലബുകൾ , സന്നദ്ധ സംഘടനകൾ എന്നിവരുടെ നേതൃത്വത്തിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളില് കൈകഴുകുന്നതിന് സൈകര്യവും ഹാന്റ് വാഷും സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങൾ വന്നുകൂടുന്ന

സ്ഥലങ്ങളായ ബൊങ്കുകൾ, എടി എം സെന്ററുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഈ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

കമ്മ്യണിറ്റി കിച്ചൺ വിവരങ്ങള്

സർക്കാര് നിർദേശ പ്രകാരം ബഹു പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26/03/2020 എ1-46/2020 നമ്പര് ഉത്തരവ് പ്രകാരം ദേശമംഗലം ഗ്രാമ പഞ്ചായത്തില് കമ്മ്യണിറ്റി കിച്ചന് ആരംഭിക്കുന്നത് സംബന്ധിച്ച് അന്നേ ദിവസം യോഗം ചേരുകയും കുടുംബശ്രീയുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനം നിർദേശിക്കുന്ന വളണ്ടിയേഴ്സിന്റെ സഹകരണത്തോടെ കമ്മ്യണിറ്റി കിച്ചൻ ആരംഭിക്കുന്നതിന് തീരുമാനിച്ചു. കമ്മ്യണിറ്റി കിച്ചന്റെ പ്രവർത്തന മോൽനോട്ടത്തിനായ് പഞ്ചായത്ത് 2 പേരെ തെരഞ്ഞെടുത്തു. കിച്ചൺ പ്രവർത്തനത്തിന് 5 സി ഡി എസ് മെമ്പര്മാരെ തെരഞ്ഞെടുത്തു. ദേശമംഗലം ഗവ. ജി.എൽ.പി.എസ് സ്കൂളിൽ 27/03/2020 മുതല് കിച്ചണ് പ്രവർത്തനം ആരംഭിച്ചു, ആദ്യം കിച്ചൺ പ്രവർത്തനം സംബന്ധിച്ച് ആശങ്ക ഉണ്ടായെങ്കിലും ഉദാരമതികളായ ജനങ്ങളുടെ സഹകരണത്തോടെ നല്ല രീതിയിൽ പ്രവർത്തനം നടത്താന് സാധിച്ചു.

22/04/2020 വരെ ആകെ 3748 ഭക്ഷണപോതികള് 1874 പേർക്ക് പരാതികളില്ലാതെ സൗജന്യമായി നൽകുന്നതിന് പഞ്ചായത്തിന് സാധിച്ചു. ഒരോ വാർഡില് നിന്നും തെരഞ്ഞെടുത്ത വളണ്ടിയേഴ്സ് കൃത്യമായ് ഭക്ഷണം അർഹരായവർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിൽ താൽപര്യം കാണിച്ചു. ദേശമംഗലം ഗവ. ജി.എൽ.പി.എസ് സ്കൂളിൽനിന്ന് 200 കിലോ അരി കമ്മ്യണിറ്റി കിച്ചന് പ്രവർത്തനത്തിന് ലഭ്യമായിട്ടുണ്ട്. കൂടാതെ നിരവധി സന്നദ്ധ സംഘടനകൾ, മതസംഘടനകൾ, യുവജന പ്രസ്ഥാനങ്ങൾ, സേവന താൽപര്യരായ ജനങ്ങള് എന്നിവര് ആവശ്യമായ സാധനങ്ങള് കമ്മ്യണിറ്റി കിച്ചണിലേക്ക്

സംഭാവനയായി ലഭിച്ചു. കമ്മ്യണിറ്റി കിച്ചൺ പ്രവർത്തനത്തിന് പഞ്ചായത്ത് തനത് ഫണ്ടില് നിന്ന് നാളിതുവരെ 14433 രൂപ ചെലവ് വന്നിട്ടുള്ളതാണ്.

പഞ്ചായത്തിലെ ഹാജർ

സർക്കാര് നിദേശമനുസരിച്ച് ദേശമംഗലം പഞ്ചായത്ത് ഓഫീസ് 23/03/2020 മുതല് ഹാജർ പരിമിതപ്പെടുത്തി അത്യവശ്യ ജീവനക്കാരെ ഉൾപ്പെടുത്തി ക്രമപ്പെടുത്തി. 35 ശതമാനം ജീവനക്കാരം വെച്ച് പഞ്ചായത്ത് ഓഫീസ് വാർ റൂമായി പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്ത് ഓഫീസ് പ്രവർത്തന സമയം

ദേശമംഗലംപഞ്ചായത്ത് ഓഫീസ് കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 24 മണിക്കൂറും വാര് റൂം, കണ്ട്രോൾ റൂം, കാൾസെന്റര് എന്നിവയുടെ

പ്രവർത്തനങ്ങൾക്കായി ഡാറ്റകൾ തയ്യാറാക്കുന്നതിനും സമയബന്ധിതമായി സമർപ്പിക്കുന്നതിനും വേണ്ടി മാർച്ച് 28 മുതല് പ്രവർത്തനം ആരംഭിച്ചു, കൂടാതെ ഏപ്രിൽ 15 മുതൽ ഓഫീസ് സമയം രാത്രി 9 മണിവരെ പ്രവർത്തിച്ചു. ഏപ്രിൽ 18 മുതല് ഓഫീസ് വൈകിട്ട് 7 മണിവരെ പ്രവർത്തിച്ച് വരുന്നു.

<u>സംഭാവനകൾ സന്നദ്ധ പ്രവർത്തനങ്ങള്</u>

ദേശമംഗലംഗ്രാമ പഞ്ചായത്തിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചണിലേക്ക് അരി , പച്ചകറികൾ, പലചരക്ക് സാധനങ്ങള് എന്നിവ ഉദാരമതികളായ നാട്ടുകാരിൽ നിന്നും, വിവിധ രാഷ്ട്രീയ , സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവനയായി ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ അതിഥി തൊഴിലാളികളുടെ ക്ഷേമം വലിയ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്. ദേശമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിൽ വിവിധ ഇടങ്ങളിലായി ആകെ 139 അതിഥി തൊഴിലാളികളുണ്ട്. ഇതിൽ കോൺട്രാക്ടർമാരുടെ നിയന്ത്രണത്തിലും കെയര് ടേക്കറുടെ നിയന്ത്രണത്തിലും ആയി 125 അതിഥി തൊഴിലാളികളുണ്ട്. ഇവർക്കുള്ള ഭക്ഷണം കോൺട്രാക്ടർമാരോ കെയർടേക്കർമാരോ നൽകുന്നു. ബാക്കിയുള്ള 14 പേർക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി കിച്ചന് മുഖേന ഭക്ഷണം നൽകി.

കുരിയച്ചിറ വെയർ ഹൗസില് നിന്ന് 07-04-2020 തിയ്യതിയിൽ 14 എണ്ണം ഭക്ഷ്യധാന്യ കിറ്റുകൾ ലഭ്യമാക്കുകയും ആയതില് 14 എണ്ണം അതിഥി തൊഴിലാളികൾക്ക് വിതരണം നടത്തുകയും ചെയ്തു.

തൃശ്ശൂർ ഗവ.എഞ്ചിനിയറിംഗ് കോളേജിൽ നിന്ന് 23-04-2020 തിയ്യതിയിൽ 101 എണ്ണം ഭക്ഷ്യധാന്യ കിറ്റുകൾ ലഭ്യമാക്കുകയും ആയതില് 101 എണ്ണം അതിഥി തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്തു.

<u>ജനകീയ ഹോട്ടൽ സംബന്ധിച്ച്</u>

ദേശമംഗലംഗ്രാമ പഞ്ചായത്തിൽ പഞ്ചായത്തിന്റെയും കുടുംബശ്രീയുടെയും സഹായത്തോടെ കമ്മ്യൂണിറ്റി കിച്ചന് പ്രവർത്തിക്കുന്നതിനാല് ജനകീയ ഹോട്ടല് പ്രവർത്തിക്കുന്നില്ല.

<u>കൊറോണ പോസറ്റീവ് കേസുകൾ സംബന്ധിച്ച്</u>

ദേശമംഗലംഗ്രാമ പഞ്ചായത്തിൽ 129 പേർനരീക്ഷണത്തില് ഉണ്ടായി എങ്കിലും കോവിഡ് പോസറ്റീവ് കേസുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല.

സഹായ പ്രവർത്തനങ്ങള് നടത്തിയ മറ്റ സർക്കാര് വകുപ്പുകള്

കോവിഡ് 19 നിയന്ത്രണ - പ്രതിരോധ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തും ആരോഗ്യ വകുപ്പും സംയുക്തമായി ഒരുമനസോടെയാണ് പ്രവർത്തിച്ചത്. പോലീസ് വകുപ്പ്, എക്സൈസ് വകുപ്പ്, ഫയർ & റസ്ക്യൂ ഫോഴ്സ് എന്നിവരുടെ പ്രവർത്തനം എടുത്ത് പറയേണ്ടതാണ്. ഇവരെ കൂടാതെയുള്ള ഇതര സർക്കാര് വകുപ്പുകള് അവർക്കാകുന്ന വിധം പ്രവർത്തിച്ചിട്ടുണ്ട് .

പ്രവൃത്തിയിലെ മേന്മകൾ, കുറവുകൾ

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങള് കൂട്ടമായി ചെയ്യാന് സാധിക്കാത്തത് വലിയ പോരായ്മ തന്നെയാണ്. സാമൂഹ്യ അകലം പാലിക്കല് എല്ലാ സമയവും നടപ്പിലാക്കാന് സാധിക്കാതെ വരുന്നു. ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിന് കടകളിലും റോഷൻകടകളിലും തിരക്ക് അനുഭവപ്പെട്ടത് ആശങ്ക ഉണ്ടാക്കി. യുവാക്കൾ കൂട്ടമായി വൈകുനേരങ്ങളില് ഇറങ്ങി നടക്കുന്നതും ശ്രദ്ധയിൽപെടുന്നു. ലോക് ഡൗൺ പ്രഖ്യാപനം ജനങ്ങളുടെ സാമൂഹ്യ വ്യാപനം തടഞ്ഞു. വാഹനങ്ങളുടെ കുറവ് വായു മലിനീകരണം നിരക്ക് കുറച്ചിട്ടുണ്ട്. ജനങ്ങൾ സ്വയം ശുചിത്വം പാലിച്ചു. കൃഷി വർദ്ധിപ്പിക്കുന്നതിന് ജനങ്ങള് പരിശ്രമിച്ചിട്ടുണ്ട്.

ഉപസംഹാരം

കോവിഡ് 19 എന്ന മഹാ മാരിയെ നേരിടുന്നതിന് പഞ്ചായത്ത് തലത്തില് സർക്കാര് നിർദേശങ്ങള് ഉൾകൊണ്ട് ക്രിയത്മകമായാണ് പ്രവർത്തിച്ചിട്ടുള്ളത്. പ്രതിരോധ പ്രവർത്തനത്തിന് മെമ്പർമാരും ഉദ്യോഗസ്ഥരും ആരോഗ്യ വകുപ്പ് ജീവനക്കാരും പോലീസ്, ഫയർഫോഴ്സ്, എക്സൈസ് വകുപ്പ് ജീവനക്കാരും നല്ലരീതിയിൽ പ്രവർത്തിച്ചു. വിവിധ രാഷ്ട്രീയ പാർട്ടികൾ, യുവജന സംഘടനകൾ, യൂത്ത് ക്ലബുകൾ, കുടുംബശ്രീ അംഗങ്ങൾ, അംഗൻവാടി ജീവനക്കാർ, ആശാവർക്കർമാര് എന്നിവരുടെ പ്രവർത്തനം എടുത്ത് പറയേണ്ടതാണ്. കക്ഷിരാഷ്ട്രീയത്തിനും ജാതി മത ചിന്തകൾക്കും അതീതമായി ഒത്തൊരുമിച്ച് ഒരേ മനസോടെ പ്രവർത്തിച്ചതിൻറെ ഫലമായിട്ടാണ് നമ്മുടെ പഞ്ചായത്തിലെ കോവിഡ് പോസറ്റീവ് ആയ രോഗികളെ പരിചരിച്ചത് എന്നത് നമ്മുക്ക് അഭിമാനിക്കാവുന്നതാണ്.

കോവിഡ് ദുരിതം ദേശമംഗലം ഗ്രാമപഞ്ചായത്ത്- നാൾവഴി റിപ്പോർട്ട്

23.03.2020	കൊറോണ വൈറസ് രോഗ പ്രതിരോധ പ്രവർത്തനത്തിൻറെ ഭാഗമായി രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ചേർന്ന് സ്ഥിതിഗതികള് വിലയിരുത്തി, വാർഡ്തല ബോധവത്കരണ നടപടികള് ആരംഭിച്ചു
24.03.2020	വാർഡ്തല സമിതികള് യോഗം ചേർന്നു. മെമ്പർമാർ, ആരോഗ്യ വകുപ്പ് ജീവനക്കാർ കുടുംബശ്രീ പ്രവർത്തകര് , അംഗൻവാടി ജീവനക്കാര്,

	ആശാവർക്കർമാർ എന്നിവർ ഗൃഹ സന്ദർശനം നടത്തി
25.03.2020	മെമ്പർമാർ, ആരോഗ്യ വകുപ്പ് ജീവനക്കാർ കുടുംബശ്രീ പ്രവർത്തകർ , അംഗൻവാടി ജീവനക്കാർ, ആശാവർക്കർമാർ എന്നിവർ ഗൃഹ സന്ദർശനം നടത്തി. യുവജന പ്രസ്ഥാനങ്ങളുടെ യോഗം ചേർന്നു.
26.03.2020	മെമ്പർമാർ, ആരോഗ്യ വകുപ്പ് ജീവനക്കാർ കുടുംബശ്രീ പ്രവർത്തകർ , അംഗൻവാടി ജീവനക്കാർ, ആശാവർക്കർമാർ എന്നിവർ ഗൃഹ സന്ദർശനം നടത്തി. കമ്മ്യൂണിറ്റി കിച്ചനുമായി ബന്ധപ്പെട്ട് യോഗം ചേർന്ന് കമ്മ്യൂണിറ്റി കിച്ചന് ആരംഭിക്കുന്നതിന് തീരുമാനിച്ചു.കൊറോണ വൈറസ് - സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ജനങ്ങൾക്ക് ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി മൈക് അനൗൺസ്മെന്റ് നടത്തി
27.03.2020	നിരീക്ഷണത്തിലുളളവർ- വിദേശത്ത് നിന്ന് വന്നവർ- 40, ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ-68, നിരീക്ഷണം പൂർത്തിയാക്കിയവര്- 112.കൊറോണ വൈറസ് - സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ജനങ്ങൾക്ക് ബോധവത്കരണം നൽകുന്നതിന്റെ ഭാഗമായി മൈക് അനൗൺസ്മെന്റ് നടത്തി.
28.03.2020	നിരീക്ഷണത്തിലുളളവർ- വിദേശത്ത് നിന്ന് വന്നവർ- 40, ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ-68, നിരീക്ഷണം പൂർത്തിയാക്കിയവർ- 112.
29.03.2020	നിരീക്ഷണത്തിലുളളവർ- വിദേശത്ത് നിന്ന് വന്നവർ- 37, ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ-68, നിരീക്ഷണം പൂർത്തിയാക്കിയവർ- 115, കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തനം GVHSS ദേശമംഗലം സ്കൂളിൽ പ്രവർത്തനം ആരംഭിക്കുന്നതിന് തീരുമാനിച്ചു. 24 മണിക്കൂറും പഞ്ചായത്ത് ഓഫീസ് വാര് റൂമായി പ്രവർത്തനം ആരംഭിച്ചു
30.03.2020	നിരീക്ഷണത്തിലുളളവർ- വിദേശത്ത് നിന്ന് വന്നവർ- 33, ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ-62, നിരീക്ഷണം പൂർത്തിയാക്കിയവർ- 125,. 24 മണിക്കൂറും പഞ്ചായത്ത് ഓഫീസ് വാര് റൂമായി പ്രവർത്തിച്ചു
31.03.2020	നിരീക്ഷണത്തിലുളളവർ- വിദേശത്ത് നിന്ന് വന്നവർ- 33, ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ-62, നിരീക്ഷണം പൂർത്തിയാക്കിയവർ- 125,. 24 മണിക്കൂറും പഞ്ചായത്ത് ഓഫീസ് വാർ റൂമായി പ്രവർത്തിച്ചു. സൗജന്യമായി ഭക്ഷണം വിതരണം ചെയ്തത്- 199 പേർക്ക് (2 നേരം കൂടി)
01.04.2020	നിരീക്ഷണത്തിലുളളവർ- വിദേശത്ത് നിന്ന് വന്നവർ- 15, ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ-59, നിരീക്ഷണം പൂർത്തിയാക്കിയവർ- 146,. 24 മണിക്കൂറും

	പഞ്ചായത്ത് ഓഫീസ് വാർ റൂമായി പ്രവർത്തിച്ചു. സൗജന്യമായി ഭക്ഷണം വിതരണം ചെയ്തത്- 474 പേർക്ക് (2 നേരം കൂടി)
02.04.2020	നിരീക്ഷണത്തിലുളളവർ- വിദേശത്ത് നിന്ന് വന്നവർ- 14, ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ-52, നിരീക്ഷണം പൂർത്തിയാക്കിയവർ- 154,. 24 മണിക്കൂറും പഞ്ചായത്ത് ഓഫീസ് വാർ റൂമായി പ്രവർത്തിച്ചു. സൗജന്യമായി ഭക്ഷണം വിതരണം ചെയ്തത്- 260 പേർക്ക് (2 നേരം കൂടി). പൊതു സ്ഥലങ്ങൾ ഫ്യുമിംഗ് നടത്തി
03.04.2020	നിരീക്ഷണത്തിലുളളവർ- വിദേശത്ത് നിന്ന് വന്നവർ- 14, ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ-52, നിരീക്ഷണം പൂർത്തിയാക്കിയവർ- 154,. 24 മണിക്കൂറും പഞ്ചായത്ത് ഓഫീസ് വാർ റൂമായി പ്രവർത്തിച്ചു. സൗജന്യമായി ഭക്ഷണം വിതരണം ചെയ്തത്- 260 പേർക്ക് (2 നേരം കൂടി).
04.04.2020	നിരീക്ഷണത്തിലുളളവർ- വിദേശത്ത് നിന്ന് വന്നവർ- 14, ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ-52, നിരീക്ഷണം പൂർത്തിയാക്കിയവർ- 154,. 24 മണിക്കൂറും പഞ്ചായത്ത് ഓഫീസ് വാർ റൂമായി പ്രവർത്തിച്ചു. സൗജന്യമായി ഭക്ഷണം വിതരണം ചെയ്തത്- 240 പേർക്ക് (2 നേരം കൂടി). അതിഥി തൊഴിലാളികൾക്ക് ലഭ്യമായ 59 കിറ്റുകള് വിതരണം ചെയ്തു.

കൊറോണ (കോവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങള് ഏകോപിപ്പിക്കുന്നതിനും കൂടുതല് പ്രവർത്തനങ്ങള് ഊർജ്ജിതപ്പെടുത്തുന്നതിനുമായി 14/03/2020 തീയ്യതി തൃശ്ശൂര് ജില്ലാ പ്ലാനിംഗ് ഓഫീസ് കോൺഫ്രൻസ് ഹാളില് കൂടിയ യോഗത്തിലെ നിർദ്ദേശപ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങള് നടത്തി.

1 ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ, ജനമൈത്രി പോലീസ് പഞ്ചായത്ത് പ്രസിഡന്റ്, മെമ്പർമാർ, പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ സന്നദ്ധ പ്രവർത്തകര് എന്നിവരെ ഉൾപ്പെടുത്തി സ്ഥാപന തല സന്നദ്ധ സമിതികള് രൂപീകരിച്ചു.

2 2 ആളുകൾ കൂടി രോഗം പടരുന്ന പ്രവണത ഒഴിവാക്കുന്നതിന് ജില്ലാ കളക്ടർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളുടെ ഭാഗമായി പഞ്ചായത്ത് പരിധിയിലെ

ഓഡിറ്റോറിയങ്ങൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവയുടെ നടത്തിപ്പുകാർക്ക് 50 ൽ കൂടുതൽ ആളുകള് ഒരുമിച്ചുകൂടരുതെന്ന് കർശന നിർദ്ദേശം നൽകി

3 തൊഴിലുറപ്പ് തൊഴിലാളികൾ സ്വീകരിക്കേണ്ട മുൻകരുതലുകള് സംബന്ധിച്ച് ബോധവത്കരണം നടത്തി.

4 വൈറസ് വ്യാപനം തടയുന്നതിനായി ബ്രേക്ക് ദ ചെയിൻ എന്ന പരിപാടിയുടെ ഭാഗമായി പഞ്ചായത്ത് ഓഫീസ് മറ്റ് അനുബന്ധ ഓഫീസുകൾ എന്നിവയുടെ കവാടത്തോട് ചേർന്ന് സോപ്പ് ഉപയോഗിച്ച് കൈകഴുകുന്നതിനുള്ള സൗകര്യം ഒരുക്കി. യുവജന സംഘടനകൾ, സന്നദ്ധ സംഘടനകള് തുടങ്ങിയവരുടെ ആഭിമുഖ്യത്തില് എല്ലാ ബസ്റ്റോപ്പുകൾ, പൊതുസ്ഥലങ്ങൾ എന്നിവടങ്ങളില് ഇത്തരം സൗകര്യം ഒരുക്കി.

5 ദീർഘദൂര യാത്രകൾ ചെയ്ത് വരുന്നവർ, വിദേശത്ത് നിന്നും വരുന്നവർ, അന്യസംസ്ഥാന യാത്ര ചെയ്ത് വരുന്നവർ എന്നിവര് 14 ദിവസത്തെ കോറന്റയിന് നടപടി വീടുകളിൽ സ്വീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാന് വാർഡ് ജന പ്രതിനിധിയുടെ നേതൃത്വത്തിലുള്ള വാർഡ് തല കമ്മിറ്റിയെ ചുമതലപ്പെടുത്തി.

6 കമ്മ്യൂണിറ്റി വ്യാപനം തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങള് ചർച്ചചെയ്യുന്നതിനായി 19/03/2020 തീയ്യതി കാലത്ത് 10 മണിക്ക് ഭരണ സമിതി യോഗം ചേർന്നു. ബഹു.മുഖ്യമന്ത്രിയും, ബഹു.പ്രതിപക്ഷനേതാവും സംയുക്തമായി

7 നടത്തിയ വീഡിയോ കോൺഫറൻസില് രാഷ്ട്രീയ പാർട്ടി പ്രതിനിധികളെ കൂടി പങ്കെടുപ്പിച്ചു.

8 ടാക്സി, ഓട്ടോ ഡ്രൈവർമാർ, പാൽ, പത്രം വിതരക്കാർക്കിടയില് ബോധവത്കരണം നടത്തി.

9 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സന്ദേശങ്ങൾക്ക് ആശയ വിനിമയത്തിനുമായി ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തിയ വാട്ട്സപ്പ് ഗ്രൂപ്പ് ആരംഭിച്ചു.

10 ബ്യൂട്ടിപാർലർ, സലൂൺ എന്നിവിടങ്ങളില് ഹാൻഡ് വാഷ് / സാനിറ്റൈസര് എന്നിവ ഉപയോഗിക്കുന്നതിനും തൊഴിലുപകരണങ്ങൾ അണുവിമുക്തമാക്കി പുനരുപയോഗിക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങള് നൽകി.

11 പൊതു ഗതാഗതസംവിധാനങ്ങൾ ഇല്ലാത്തതിനാല് പഞ്ചായത്തിൻറെ ഉടമസ്ഥതതയിലുള്ള വാഹനം ഉപയോഗിച്ച് ആരോഗ്യ പ്രവർത്തകരെ എത്തിക്കുന്നുണ്ട്.

12 ആരോഗ്യ കേന്ദ്രത്തിൽ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് മരുന്നുകള് ലഭ്യമാക്കിയിട്ടുണ്ട്.ജനങ്ങൾ പാലിക്കേണ്ട മുൻകരുതലുകള് സംബന്ധിച്ച് മൈക്ക് അനൗൺസ്മെന്റ് നടത്തി.

13 കമ്മ്യൂണിറ്റി കിച്ചൻ ദേശമംഗലം സി.എഫ്.എൽ.ടി.സി സ്കൂളിൽ ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കി.

14 ഭക്ഷണം , മരുന്ന്, മറ്റു ആവശ്യ സാധനങ്ങൾ എത്തിക്കുന്നതിനും, അനുബന്ധ പ്രവർത്തനങ്ങൾക്കും യൂത്ത് വോളണ്ടിയർമാരുടെ വിവരങ്ങള് ശേഖരിച്ചിട്ടുണ്ട്.

അദ്ധ്യായം- 3

വികസന നയവും തന്ത്രവും

14- പഞ്ചവത്സര പദ്ധതി കാലയളവിൽ വ്യത്യസ്ത മേഖലകളിൽ നേടിയെടുക്കേണ്ട ലക്ഷ്യങ്ങളാണ് വികസന തന്ത്രത്തിലൂടെ വിഭാവനം ചെയ്യുന്നത്. കാർഷിക മേഖലയ്ക്ക് ഊന്നൽ കൊടുത്ത കൊണ്ടുള്ള വികസനമായിരിക്കണം നമ്മുടേതെന്നാണ് വിലയിരുത്തിയിട്ടുള്ളത്. കൃഷിഭൂമി കുറഞ്ഞു വരികയാണെന്ന ദുസ്ഥിതി നിലനിൽക്കുന്നു. വിവിധകാരണങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകർ ഈ മേഖലയെ പതുക്കെ പതുക്കെ കൈയ്യൊഴിയുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഈ വക കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് കൃഷിയെ സംരക്ഷിക്കുന്നതിനും

കൃഷിക്കാതെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയുള്ള ഇടപെടലുകളാണ് ഈ മേഖലയിൽ ലക്ഷ്യം വെക്കുന്നത്. 13 പാടശേഖരങ്ങളിലായി വിവിധ കാരണങ്ങളാൽ തരിശിടപ്പെട്ടിട്ടുള്ള കൃഷിഭൂമികൾ പരമാവധി നെൽകൃഷിക്കു തന്നെ പ്രയോജനപ്പെടുത്താനും, തീറ്റപ്പുൽകൃഷിക്കും ഉപയോഗിക്കാനുമാവണം എന്നാണ് കരുതുന്നത്. കൃഷിക്ക് പ്രധാന വിഘാതമായി നിൽക്കുന്ന ജലസേചനത്തിൻറെ അപര്യാപ്തത പരിഹരിക്കാൻ കഴിയണം. അതിന് സ്വാഭാവിക ജലസ്രോതസ്സുകളെ പുന:സൃഷ്ടിച്ചും, തോടുകളും, കുളങ്ങളും സംരക്ഷിച്ചും തോടുകളിൽ ബണ്ടുകള് കെട്ടി ജലം സംഭരിച്ചും കൃഷിക്കാവശ്യമായ ജലലഭ്യത വർദ്ധിപ്പിക്കണം. ഓരോ ഭവനത്തിലും ജൈവപച്ചക്കറി കൃഷി സാധ്യമാകുന്ന പ്രായോഗിക സമീപനം സ്വീകരിക്കണം. ഓണം, വിഷു പോലുള്ള ആഘോഷങ്ങളെ മുൻ നിർത്തി വിഷവിമുക്ത പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം.

ചുരുങ്ങിയ കാലയളവിലും, മുതൽ മുടക്കിലും, കൂടുതൽ വരുമാനവർദ്ധനവിന് ഉതകുന്ന മേഖലയാണ് മൃഗസംരക്ഷണ മേഖല. പാൽ, മുട്ട, മാംസം മുതലായ ഉൽപ്പന്നങ്ങളുടെ ഉൽപാദന വർദ്ധനവ് മുൻനിർത്തി സാങ്കേതിക വിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വർദ്ധനവും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളാണ് ആദ്യം ചെയ്യേണ്ടത്. കോഴിയിറച്ചിയുടേയും, മാംസത്തിൻറേയും ഉപയോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആഭ്യന്തര ഉൽപാദനത്തിന്റെ തോത് അതിനനുസരിച്ച് ഉയർന്നിട്ടില്ല. ഉൽപാദനരംഗത്ത് സ്വയം പര്യാപ്തതയ്ക്ക് ഉതകുന്ന വിധം പദ്ധതി ആസൂത്രണം ചെയ്യുകയും ആദായം ഉൽപാദകർക്ക് ലഭ്യമാകുകയും വേണം. കാർഷിക മേഖലയും മൃഗസംരക്ഷണ മേഖലയും പരസ്പരപൂരകങ്ങളായി വർത്തിക്കേണ്ടതുണ്ട്. കാർഷികമേഖലയിൽ ആവശ്യമായ ജൈവവളത്തിന്റെ ഏറ്റവും വലിയ സ്രോതസ്സായി മൃഗസംരക്ഷണമേഖലയെ മാറ്റാനാവും. അതുപോലെ കൊയ്തെടുക്കുന്ന വയ്ക്കോൽ കന്നുകാലികൾക്ക് തീറ്റക്കായി ഉപയോഗിക്കാനുമാവണം. ക്ഷീരോൽപന്നങ്ങളുടേയും മാംസോൽപ്പന്നങ്ങളുടേയും സമഗ്രമായ സംസ്കരണത്തിനും വിപണനത്തിനുമുള്ള സൗകര്യങ്ങൾ വേണ്ടതുണ്ട്.

ദുർബല ജനവിഭാഗങ്ങളുടെ ജീവിത പുരോഗതിയാണ് സാമൂഹ്യനീതിയിലധിഷ്ഠിതമായ ഭരണവ്യവസ്ഥയുടെ മുഖമുദ്ര. പട്ടികജാതി - ദളിത് - പിന്നോക്ക - ന്യൂനപക്ഷങ്ങളുടേയും സ്ത്രീകളും-കുട്ടികളും, വൃദ്ധരും വികലാംഗരുമടങ്ങുന്ന ദുർബലരുടേയും സുരക്ഷിതത്വവും, സാമൂഹ്യ-സാമ്പത്തിക ശാക്തീകരണവും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. അർഹതപ്പെട്ട എല്ലാവർക്കും സാമൂഹ്യ സുരക്ഷപെൻഷൻ ലഭിക്കുന്നുണ്ട് എന്ന ഉറപ്പ വരുത്താനാവണം. 30 ലധികം വരുന്ന പട്ടികജാതി കോളനികളുടേയും, സങ്കേതങ്ങളുടേയും വികസന സൗകര്യങ്ങൾ ഏറെക്കുറെ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും വികസനം ഓരോ കുടുംബത്തിനും പ്രാപ്യമാകുന്ന തരത്തിൽ പൂർണ്ണതയിലെത്തിക്കാനാവണം. ഇവർക്ക് വീടുകളുണ്ടെങ്കിലും 25 ശതമാനത്തോളം ബലക്ഷയം നേരിടുന്നവയും വേണ്ടത്ര സൗകര്യമില്ലാത്തവയുമാണ്. ഇത്

പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തികൾ നടപ്പിലാക്കണം. കുടുംബങ്ങൾ വികസിക്കുന്നതോടെ പരിമിതമായ ഭൂമിയുടെ ഉടമകളായ ഇവർക്ക് ഭാഗം വെയ്ക്കുന്നതിനോ മാറി താമസിക്കുന്നതിനോ കഴിയാത്ത സ്ഥിതിയാണ് ഉള്ളത്. ഇത് പുതിയവിഭാഗം ഭൂരഹിതരുടെ വർഗ്ഗമായി എല്ലാക്കാലത്തും വരുന്നുണ്ട്. ഇത് കണ്ടറിഞ്ഞ് സമയാസമയങ്ങളിൽ പരിഹാരം കാണണം.

സ്ത്രീകളുടേയും കുട്ടികളുടേയും പുരോഗതിക്കുള്ള പ്രവർത്തനങ്ങളും പ്രത്യേകമായി നടപ്പിലാക്കണം. 20 അംഗൻവാടികളാണ് പഞ്ചായത്തിലുള്ളത്. ഇവയിൽ ചുരുക്കം ചിലതിനുള്ള സൗകര്യക്കുറവ് പരിഹരിക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകണം. സ്ത്രീ ശാക്തീകരണം സാധ്യമാകുന്നതിന് കുടുംബശ്രീ വഴിയുള്ള പ്രവർത്തനങ്ങളെ കുറെക്കൂടെ കാര്യക്ഷമമാക്കുന്നതിന് ഊന്നൽ നൽകണം.

ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലെ കേരളത്തിന്റെ നേട്ടങ്ങൾ ലോകശ്രദ്ധയാകർഷിച്ചിട്ടുള്ളതാണ്. ദേശീയ വിദ്യാഭ്യാസനയം വരുന്നതിന് കാൽനൂറ്റാണ്ട് മുമ്പ് ഇതിലെ ആനുകൂല്യങ്ങൾ ഇവിടെ ലഭ്യമായിട്ടുണ്ട്. ഐക്യകേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ അടിത്തറയിട്ട പൊതുവിദ്യാഭ്യാസ വ്യാപനത്തിൽ നിന്നാണ് ഇന്നു കാണുന്ന വളർച്ചയിലേക്ക് വിദ്യാഭ്യാസ മേഖല എത്തിയത്. ഇതിൻറെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും സാർവ്വത്രിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭ്യമാണ്. ഒരു ഹയർസെക്കന്ററി സ്കൂളും, ഒരു വോക്കേഷണൽ ഹയർസെക്കന്ററി സ്കൂളും, ഗവ: ഐ.ടി.ഐ , 1 അപ്പർപ്രൈമറി സ്കൂളുകളും, 2 ലോവർ പ്രൈമറി സ്കൂളുകളും, പൊതു വിദ്യാഭ്യാസമേഖലയിൽ ഇവിടെ ഉണ്ട്. പുതിയ കാലത്തെ വെല്ലുവിളികളെ നേരിടുന്നതിന് നമ്മുടെ വരുംതലമുറയെ പ്രാപ്തരാക്കുന്ന തരത്തിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ദൌത്യമാണ് ഇനി നമുക്ക് ഏറ്റെടുക്കാനുള്ളത്. ഇതിന് സഹായകരമാകുന്ന രൂപത്തിൽ കേരളസർക്കാർ പ്രഖ്യാപിച്ച നവകേരള മിഷൻറെ ഭാഗമായി പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തെ

പ്രയോജനപ്പെടുത്തികൊണ്ട് നമ്മുടെ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളെ മികവിൻറെ കേന്ദ്രങ്ങളാക്കി അന്തർ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് നാം ലക്ഷ്യം വെക്കുന്നത്.

പൊതുജനാരോഗ്യമേഖലയിൽ വികസിത മുതലാളിത്ത രാജ്യങ്ങളോട് കിടപിടിക്കുന്ന പുരോഗതിയാണ് നമുക്ക് നേടാനായിട്ടുള്ളത്. എന്നാൽ സാമൂഹ്യജീവിതത്തിലും, ജീവിതരീതിയിലുമുണ്ടായിട്ടുള്ള മാറ്റം ഈ പുരോഗതിയെ അട്ടിമറിച്ചിരിക്കുന്ന പ്രവണതകൾ കാണിച്ചുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും രീതിയിലുള്ള അസുഖങ്ങളില്ലാത്തവരായി ഒരു കുടുംബമില്ല എന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ മാറുകയാണ്. നമ്മുടെ കുടുംബാരോഗ്യകേന്ദ്രത്തിൽ 24 മണിക്കൂറും ചികിത്സാ സൗകര്യം ലഭ്യമാക്കേണ്ടതായുണ്ട്. ഈ രംഗത്തേക്ക് കടന്നുവന്ന കച്ചവട സ്ഥാപനങ്ങൾ ചികിത്സ വലിയ ചിലവേറിയതാക്കിയിരിക്കുന്നു.

മാരകമായ രോഗം വന്നാൽ വലിയ സാമ്പത്തികശേഷിയുള്ളവർക്ക് മാത്രം ലഭ്യമാകുന്ന സ്ഥിതിയാണ് ഇന്നുള്ളത്. ഇത് പരിഹരിച്ച് എല്ലാ സാധാരണക്കാർക്കും ഏത് രോഗത്തിനും മികച്ച ചികിത്സ ലഭിക്കുന്നതിന് വേണ്ടിയാണ്. സർക്കാർ മെഡിക്കൽകോളേജുകളേയും, ജില്ലാ ആശുപത്രികളേയും, പ്രഥമികാരോഗ്യകേന്ദ്രങ്ങളെയും കൂട്ടിയിണക്കി സൂപ്പർ സ്പെഷ്യാലിറ്റി പരിചരണം രോഗിക്ക് ലഭ്യമാക്കുന്നതിന് ആർദ്രം പദ്ധതി ലക്ഷ്യമിടുന്നത് ഈ സാദ്ധ്യതയെ പ്രയോജനപ്പെടുത്തി നമ്മുടെ കുടുംബാരോഗ്യകേന്ദ്രത്തെയും ആയുർവേദ ആശുപത്രിയേയും വിപുലീകരിച്ച് നവീകരിക്കാൻ നമുക്ക് കഴിയണം. പുതിയതായി ഹോമിയോ ആശുപത്രി കൂടി ഉണ്ടാക്കുക എന്നതും ഈ പദ്ധതി കാലയളവിലെ ലക്ഷ്യമാണ്.

വികസന കാഴ്ചപ്പാട്, ലക്ഷ്യങ്ങൾ, തന്ത്രം

കൃഷി-ജലസേചനം

തരിശു രഹിത പഞ്ചായത്തായി മാറണം . തൊഴിലാളി ദൗർലഭ്യം മുന്നിൽ കണ്ട് യന്ത്രവൽക്കരണത്തിലേക്ക് മാറണം. ജലസേചന സൗകര്യം എല്ലാ പാടശേഖരത്തിലും വർദ്ധിപ്പിക്കണം. യുവജനങ്ങളെ നെൽകൃഷിയിലേക്ക് ആകർഷിക്കുന്ന വികസന തന്ത്രം ആവിഷ്കരിക്കണം.സുഭിക്ഷ കേരളം പദ്ധതിയിലേക്ക് കൂടുതൽ ജനങ്ങളെ ആകർഷിക്കും വിധത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്യുന്നത് ഒട്ടേറെ ഫലം ചെയ്യും. തൊഴിലുറപ്പു പദ്ധതിയെ കാർഷിക മേഖലയുമായി സംയോജിപ്പിക്കണം

ചെറുകിട വ്യവസായം

ചെറുകിടവ്യവസായത്തിൽ വ്യവസായം തുടങ്ങാൻ താൽപ്പര്യമുള്ള വ്യക്തികളെയും ഗ്രൂപ്പുകളെയും കണ്ടെത്തി അവരുടെ വിഹിതവും കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് കൊണ്ട് പോകാൻ സാധിക്കുകയുള്ളു. ലൈസൻസുകളും മറ്റും ലഭിക്കുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ഒട്ടേറെപ്പേരെ വ്യവസായങ്ങളിലേക്ക് ആകർഷിക്കുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഫലം ചെയ്യും. 16 പുതിയ സംരഭകർ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചെറുകിട വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി ശില്പശാല നടത്തി.

ദാരിദ്ര്യലഘൂകരണം

ഗ്രാമതലത്തിലുള്ള ഫലഭോക്താക്കളെ കണ്ടെത്തുന്നതിനായി ഗ്രാമസഭ വഴി അർഹരായവരെ തീരഞ്ഞെടുക്കേണ്ടതും ആനുകൂല്യം അർഹരായവർക്ക് തന്നെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുകയും വേണം. മോണറ്ററിംഗ് സമിതികളുടെ പ്രവർത്തനം പദ്ധതികാലയളവില് ഊർജിതമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം. വ്യക്തിഗത ഫലഭോക്താക്കളുടെ ലീസ്റ്റ് പ്രകാരം അർഹത പരിശോധിച്ച് ആവശ്യമായ രേഖകൾ സഹിതം നിർവ്വഹണ ഉദ്യോഗസ്ഥൻ മുമ്പാകെ എഗ്രിമെൻറ് വച്ച് പദ്ധതി കാലയളവിനുള്ളിൽതന്നെ പദ്ധതി പൂർത്തിയാക്കാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്

പട്ടികജാതി വികസനം

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിന് വേണ്ടി, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്, വിവാഹധനസഹായം, വീടുകളുടെ മേൽക്കൂര മാറ്റൽ, കുടിവെള്ള ടാങ്ക്, വനിതകൾക്ക് സ്വയം

തൊഴിൽ കണ്ടെത്തുന്നതിന് പ്രാപ്തരാക്കൽ, പട്ടികജാതി വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, കോളനി നവീകരണം, വൈദ്യുതി, ശുചിത്വം, ഖരമാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം എന്നിവ നടപ്പിലാക്കേണ്ടതുണ്ട്.

ആരോഗ്യം

- എഫ് എച്ച് സി യിലെത്തുന്ന രോഗികൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങളും ചികിത്സയും ലഭ്യമാക്കുക
- പൊതുജനാരോഗ്യം രോഗപ്രതിരോധ നിയന്ത്രണം എന്നിവ മെച്ചപ്പെടുത്തുക
- ബോധവൽക്കരണം ശിലവൽക്കരണ പ്രവർത്തനങ്ങളുടെ വ്യാപനം
- വിവിധ മേഖലകളുടെ സഹകരണം
- കുട്ടികൾ കൗമാരക്കാർ വൃദ്ധർ സ്ത്രീകൾ കിടപ്പിലായവർ സ്ഥായിയായ രോഗങ്ങൾ ബാധിച്ചവർ മാനസികാരോഗികൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങൾക്ക് പ്രത്യേകം ആരോഗ്യ പരിരക്ഷ ,പകർച്ച വ്യാധി നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കൽ

വിദ്യാഭ്യാസം

- സ്കൂളുകളുടെ ഭൗതിക സാഹചര്യത്തിൽ മെച്ചപ്പെടുത്തണം സ്കൂൾ കുട്ടികളെ ആകർഷിക്കുന്ന തരത്തിൽ പാഠ്യപദ്ധതി ഉണ്ടാക്കണം
- സ്കൂളുകളിലേക്ക് കുട്ടികളെ കൊണ്ടുവരാൻ വാഹനസൗകര്യം ഏർപ്പാടാക്കണം
- എൽ പി കുട്ടികൾക്ക് കലാ-കായിക വിദ്യാഭ്യാസം കൂടി നൽകണം.അതിന് പ്രത്യേക അധ്യാപകരെ നിയമിക്കണം.

കംമ്പ്യൂട്ടർ പഠനവും എൽ പി കുട്ടികൾക്ക് സാധ്യമാക്കണം സ്കൂളുകളിൽ അധ്യാപകർ ഇല്ലാത്ത അവസ്ഥ ഉണ്ടാകരുത്

അദ്ധ്യായം- 4

വിഭവ സമാഹരണം

നടപ്പ് വാർഷിക പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷത്തിൽ ദേശമംഗലം ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട് പൊതു വിഭാഗം ഇനത്തിൽ **12622000/-** രൂപ ലഭിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽ **7459000**/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ **6085000**/- രൂപയും ലഭിക്കുകയുണ്ടായി. മെയന്റനൻസ് ഗ്രാന്റ് നോൺ റോഡിനത്തിൽ **5217000**/-രൂപയും റോഡ് ഇനത്തിൽ **14120000**/-രൂപയും ലഭിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സുഭിക്ഷ കേരളം പദ്ധതികൾക്ക് മുന്തിയ പരിഗണന നല്കിക്കണ്ടുള്ള പദ്ധതിക്കാണ് 2021-22 സാമ്പത്തിക വർഷത്തിൽ രൂപം നല്കിയിട്ടുള്ളത്. കാർഷിക മേഖലയിലും മൃഗസംരക്ഷണ മേഖലയിലും കൂടുതൽ ഉല്പാദന പരമായ പദ്ധതികൾ ഏറ്റെടുക്കുകയുണ്ടായി. ഉല്പാദന മേഖലയിൽ ആകെ 9349690/- രൂപയുടെ പദ്ധതികളാണ് 2021-22 സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തിട്ടുള്ളത്. തരിശു ഭൂമിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. കൂടാതെ ദാരിദ്യ ലഘൂകരണം മുഖ്യ അജണ്ടയായി കണ്ടു കൊണ്ട് പാർപ്പിട മേഖലക്കായി 7722828/- രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് ഭവന നിർമ്മാണത്തിനായി വലിയൊരു തുക തന്നെ മാറ്റി വക്കുന്നതിനായി കഴിഞ്ഞു എന്നത് വലിയൊരു നേട്ടം തന്നെയാണ്. ത്രിതല പഞ്ചായത്തുകളുടെ വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയുണ്ടായിട്ടുണ്ട്.

ലഭ്യമായ ഫണ്ടിന്റെ വലിയൊരു ഭാഗം തന്നെ അനിവാര്യ പദ്ധതികൾക്കായി ചെലവഴിക്കേണ്ടി വരുന്നുണ്ട്. അംഗൻവാടി അനുപൂരക പോഷകാഹാരം , എസ്.എസ്.എ വിഹിതം പാലിയേറ്റീവ് കെയർ പദ്ധതി, ഭിന്നശേഷി സ്കോളർഷിപ്പ്, ആശ്രയ, ഐ.കെ.എം. വിഹിതം, അംഗൻവാടി ജീവനക്കാരുടെ അധികവേതനം മുതലായ ആവശ്യങ്ങൾക്കായി ഏകദേശം 6000000 രൂപ ചെലവഴിക്കേണ്ടി വരുന്നു.

2022-23 മുതൽ 2026-2027 കാലയളവിൽ വിവിധ ഇനങ്ങളിലായി ലഭിക്കുവാൻ സാധ്യതയുള്ള ഫണ്ട്

2022-23 മുതൽ 2026-2027

ഇനം	2022-23	2023-24	2024-25	2025-26	2026-27
വികസന ഫണ്ട് ജനറൽ	12622000	16330600	17963660	19760026	21736029
വികസന ഫണ്ട് പട്ടികജാതി	7459000	7009200	7710120	8481132	9329245
ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്, ബേസിക് ഗ്രാൻറ്	2434000	3149300	3464230	3810653	4191718
ഫിനാൻസ് കമ്മീഷൻ ഗ്രാൻറ്, ടൈഡ് ഗ്രാൻറ്	3651000	4724500	5196950	5716645	6288310
മെയിൻറനൻസ് ഗ്രാൻറ് - റോഡ്	14120000	17614300	19375730	21313303	23444633
മെയിൻറനൻസ് ഗ്രാൻറ് - നോൺ റോഡ്	5217000	4837800	5321580	5853738	6439112
തനത് ഫണ്ട്	5000000	5500000	6000000	6500000	7000000
ജില്ലാ പഞ്ചായത്ത്	2500000	3000000	3500000	4000000	4500000
ബ്ലോക്ക് പഞ്ചായത്ത്	1500000	2000000	2500000	3000000	3500000
സെൻട്രൽ ഷെയർ	2000000	2500000	3000000	3500000	4000000
മറ്റുള്ളവ	2500000	3000000	3500000	4000000	4500000
ആകെ	**59003000**	**69665700**	**77532270**	**85935497**	**94929047**

അദ്ധ്യായം- 5

വികസന മേഖലകള്

വികസന മിഷനുകളിലൂടെ കൈവരിച്ച നേട്ടങ്ങൾ

1) ആർദ്രം പദ്ധതി

പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ (2021-22) വാർഷിക പദ്ധതി രൂപീകരണത്തിൻറെ ഭാഗമായി സംസ്ഥാനസർക്കാരിൻറെ 4 മിഷനുകളാണ് രൂപീകരിച്ചത്. അതിൽ 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തി ദേശമംഗലം പ്രാഥമിക ആരോഗ്യകേന്ദ്രം കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി.

1. ദേശമംഗലം കുടുംബാരോഗ്യകേന്ദ്രത്തിൽ ദിവസേന 250 മുതല് 300 വരെ ആളുകള് ആശുപത്രിയിൽ വരാറുണ്ട്. മുൻപ് വളരെ കുറച്ച് ആളുകള് (38%) മാത്രമാണ് ആശുപത്രിയെ സമീപിച്ചിരുന്നതെങ്കിൽ ഇപ്പോള് 90% പേരും കുടുംബാരോഗ്യകേന്ദ്രത്തിലെത്തുന്ന ഒരു സ്ഥിതിയാണ് നിലവിലുള്ളത്.

FHC ജീവനക്കാർ

മെഡിക്കൽ ഓഫീസര്	-	1
ഡോക്ടേഴ്സ്	-	4
നഴ്സ്	-	4
JPHN	-	4
HI	-	1
LHI	-	1
ലാബ്ടെക്നീഷ്യൻ	-	1
ഫാർമസിസ്റ്റ്	-	2
ക്ലർക്ക്	-	1
ഓഫീസ് അസിസ്റ്റൻറ്	-1	

(ഗ്രേഡ് 2 രണ്ട് പോസ്റ്റ് ഒഴിവുണ്ട്, ഒരെണ്ണം ഒഴിഞ്ഞുകിടക്കുന്നു)

ആശുപത്രി സൗകര്യങ്ങൾ

1. ലാബ് സൗകര്യം ഉണ്ട്
2. രോഗികൾക്ക് ഒബ്സർവേഷൻ
3. രോഗികൾക്ക് മെച്ചപ്പെട്ട സേവനവും മരുന്നും നൽകാന് കഴിയുന്നു
4. ലാബ് പ്രവർത്തിക്കുന്നു. ഓട്ടോമാറ്റിക് ഉപകരണങ്ങളുടെ കുറവ് പരിഹരിച്ചു.
5. മാലിന്യസംസ്കരണ സംവിധാനങ്ങൾക്കായി പ്ലാൻറ് നിർമ്മിച്ചു.

6. KMSCL വഴി ലഭിക്കുന്നതിനു പുറമേ ജനകീയാസൂത്രണം വഴിയും മരുന്നുകൾ ലഭിക്കുന്നു.

പെയിൻ& പാലിയേറ്റീവ്

ദേശമംഗലം കുടുംബാരോഗ്യേന്ദ്രം പാലിയേറ്റീവ് വിഭാഗത്തിൽ നിലവില് 413 പേര് അംഗങ്ങളായിട്ടുണ്ട്. ഇതില് 139 പേര് കിടപ്പുരോഗികളാണ്. ഇവർക്ക് വീടുകളില് ചെന്ന് പരിചരണം നൽകുന്നുണ്ട്. ബുധനാഴ്ചകളിൽ പാലിയേറ്റീവ് ഒ.പി. യും പുതിയ രജിസ്ട്രേഷനും നടക്കുന്നുണ്ട്. ഹോം കെയർ ആഴ്ചയില് 4 തവണ, മാസത്തിൽ 16 തവണ നടത്തുന്നുണ്ട്. അതുകൂടാതെ സെക്കന്ററി ഹോം കെയറിനായി എരുമപ്പെട്ടി പി.എച്ച്.സി യിൽ നിന്നും ഫിസിയോ തെറാപ്പി, സെക്കൻററി പാലിയേറ്റീവ് സ്റ്റാഫ് നഴ്സ് എന്നിവരുടെ സേവനം മാസത്തിൽ രണ്ടു തവണ ദേശമംഗലത്ത് ലഭിക്കുന്നുണ്ട്. ഫിസിയോ തെറാപ്പി ആവശ്യമുള്ള രോഗികൾക്ക് നിലവില് ദേശമംഗലത്ത് സൗകര്യമില്ല.എരുമപ്പെട്ടിയിലാണ് ഉള്ളത്.

* അതുകൂടാതെ മാസത്തിൽ രണ്ടാമത്തെ വ്യാഴാഴ്ചകളില് എരുമപ്പെട്ടി പി.എച്ച്.സി യിൽ നിന്നും കണ്ണപരിശോധനയ്ക്കായി (ഓഫ്ത്താൽമോളജി)ഡോക്ടറുടെ സേവനം ലഭ്യമാകുന്നുണ്ട്.

* എല്ലാ ജനുവരി പതിനഞ്ചിനും ആശുപത്രികളിൽ പാലിയേറ്റീവ് ദിനം സമുചിതമായി ആചരിക്കാറുണ്ട്. കോവിഡിൻറെ പശ്ചാത്തലത്തില് രണ്ട് വർഷമായി പാലിയേറ്റീവ് ടൂര് പോലുള്ള പരിപാടികൾ ഇല്ല.

പാലിയേറ്റീവ് രംഗത്ത് പുതിയതായി വേണ്ടത്

1. കിഡ്നി രോഗികൾക്ക് ഡയാലിസിസ് യൂണിറ്റ്
2. ഫിസിയോ തെറാപ്പി യൂണിറ്റ്
3. പാലിയേറ്റീവ് റൂം (ബാത്ത് അറ്റാച്ച്ഡ്)
4. ആശാപ്രവർത്തകർക്കായി റെസ്റ്റ് റൂം
5. പാലിയേറ്റീവ് സ്റ്റോർ റൂം

സബ്സെൻറുകള്

പള്ളം, കൊണ്ടയൂർ, തലശ്ശേരി സബ് സെൻറുകളില് ആവശ്യമായ അറ്റകുറ്റപണികള് നടത്തി പ്രവർത്തനക്ഷമമാക്കാന് കഴിഞ്ഞിട്ടുണ്ട്. ഫർണ്ണീച്ചറിന്റെ കുറവ് പരിഹരിച്ചിട്ടുണ്ട്. പള്ളം സബ്സെൻററിനെ ആർദ്രം പദ്ധതിയില് ഉൾപ്പെടുത്തി ഹെൽത്ത് & വെൽനസ്സ് സെന്റർ ആയി ഉയർത്തിയിട്ടുണ്ട്. തലശ്ശേരി സബ്സെന്ററില് ഇലക്ട്രിഫിക്കേഷന് നടന്നിട്ടില്ല.

പൊതുജനാരോഗ്യം

പ്രതിരോധ കുത്തിവെപ്പ് എല്ലാ ജനവിഭാഗങ്ങളിലും എത്തിക്കാന് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യമേഖലയിൽ വളരെ സങ്കീർണ്ണമായ ദിനങ്ങളാണ് ഈ കാലയളവില് നടന്നിട്ടുള്ളത്.രണ്ടു പ്രളയദിനങ്ങളാണ് ഈ കാലയളവിൽ രണ്ടുപ്രളയവും, നിപ്പ വൈറസും, കോവിഡും ആരോഗ്യമേഖലയിൽ ഉണ്ടാക്കിയ പ്രതിസന്ധി വളരെ വലുതാണ്. ഇതിനെ മറി

കടക്കാൻ ദേശമംഗലം ഗ്രാമപഞ്ചായത്തിൻറെ നേതൃത്വത്തില് വിപുലമായ സജ്ജീകരണങ്ങളാണ് നടത്തിയത്.

2019 മാർച്ച് മാസത്തോടെ കോവിഡിൻറെ വ്യാപനം ദേശമംഗലത്തും ഉണ്ടായി. കോവിഡ് ഒന്നാം തരംഗത്തിൽ 740 പേർക്കും രണ്ടാം തരംഗത്തില് 2340 പേർക്കും രോഗം റിപ്പോർട്ട് ചെയ്തു. ദേശമംലം ഗ്രാമപഞ്ചായത്തും, കുടുംബാരോഗ്യ കേന്ദ്രവും ഹെൽത്ത് ഡിപ്പാർട്ട്മെൻറും ആശാവർക്കർ, അംഗൻവാടി ടീച്ചർമാർ, സന്നദ്ധ സംഘടനകള്, സാമൂഹ്യ പ്രവർത്തകർ, ആർ.ആർ.ടി മെമ്പർമാർ എന്നിവരുടെ സേവനം ഈ സമയത്ത് ലഭിച്ചു. വാർഡുകളില് വീടുകളിലേക്ക് ഭക്ഷ്യധാന്യകിറ്റുകളും സഹായപ്രവർത്തനങ്ങളും സന്നദ്ധ പ്രവർത്തകർ എത്തിച്ചു.

കോവിഡുരോഗികൾക്കായി ദേശമംഗലം ഗ്രാമപഞ്ചായത്ത് മലബാർ എഞ്ചിനീയറിംഗ് കോളേജിൽ ഡൊമിലിസി കെയർ സെൻറർ തുടങ്ങി. കമ്മ്യൂണിറ്റി കിച്ചണും പ്രവർത്തനം ആരംഭിച്ചു. ദിവസേന കമ്മ്യൂണിറ്റി കിച്ചണിൽ നിന്നും വിവിധ വാർഡുകളിലേക്കായി 150ൽ അധികം പേർക്ക് രണ്ടു നേരത്തേക്ക് ഭക്ഷണം എത്തിക്കാന് കഴിഞ്ഞിട്ടുണ്ട്. ഈ ഉദ്യമത്തിലേക്കായി ഗ്രാമപഞ്ചായത്തിലെ വിവധ സ്ഥാപനങ്ങളിൽ നിന്നുമായി നിരവധി സഹായങ്ങളാണ് ലഭിച്ചത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 5 വാഹനങ്ങള് സജ്ജമാക്കി. കോവിഡുരോഗികൾക്ക് വാഹന സൗകര്യം സൗജന്യമായിരുന്നു.

a) എഫ്.എച്ച്.സി യിൽ എല്ലാ ദിവസങ്ങളിലും ആൻറിജൻ ആർ.ടി.പി.സി.ആർ ടെസ്റ്റുകൾ നടത്തി.

b) കോവിഡുമൂലം വിവിധ വാർഡുകളിലായി 33 പേര് മരണമടഞ്ഞു. ഇവരുടെ ആശ്രിതർക്കായി സാമ്പത്തികസഹാ യത്തിനായി 26 പേർക്ക് അപേക്ഷ നൽകാന് കഴിഞ്ഞിട്ടുണ്ട്.

c) രാജ്യത്തെ ഏറ്റവും മികച്ച കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഒന്നായി മാറിയ ദേശമംഗലം കുടുംബാരോഗ്യ കേന്ദ്ര ത്തിനു നാഷണൽ ക്വാളിറ്റി അഷ്വറൻസ് അംഗീകാരവും മികച്ച ശുചിത്വപരിപാലനവും അണുബാധ നിയന്ത്ര ണവും നടത്തുന്ന ആരോഗ്യസ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ കായകൽപ്പ് പുരസ്കാരവും ലഭിക്കുകയുണ്ടായി.

d) സർവ്വീസ് പ്രൊവിഷന്, ഇൻപുട്ട് സപ്പോർട്ടീവ് സർവ്വീസ് പേഷ്യൻറ് റൈറ്റ്, ക്ലിനിക്കൽ സർവ്വീസ് ക്വാളിറ്റി മാനേജ്മെൻറ് ഔട്ട്കം തുടങ്ങി 8 വിഭാഗങ്ങളിലായി 6500 ഓളം ചെക്ക് പോയിൻറുകള് വിലയിരുത്തിയാണ് നാഷണല് ക്വാളിറ്റി അഷ്വറൻസ് അംഗീകാരം ലഭിച്ചത്. ദേശമംഗലത്തിനു ഏറെ അഭിമാനിക്കാവുന്ന ഒരു അംഗീകാരമാണ് ഇത്.

e) രോഗപ്രതിരോധ പ്രവർത്തനങ്ങള് ഉൾപ്പെടെ ആശുപത്രിയിലെ എല്ലാ കാര്യങ്ങളിലും ശ്രദ്ധിച്ച് എഫ്.എച്ച്.സിയിലെ പി.ടി.എസ് മുതൽ മെഡിക്കല് ഓഫീസർ വരെയുള്ളവരുടെ പ്രവർത്തനമാണ് ഈ അവാർഡിനു എഫ്.എച്ച്.സി യെ അർഹമാക്കിയത്.

f) എഫ്.എച്ച്.സി യ്ക്ക് മുന് എം.എൽ.എ. ശ്രീ. യു.ആർ.പ്രദീപ് അവർകള് അനുവദിച്ച 31.5 ലക്ഷം രൂപ ചിലവഴിച്ച് നടപ്പിലാക്കിയ വികസനങ്ങളും കോവിഡ് രണ്ടാംഘട്ട വ്യാപനസമയത്ത് ദേശമംഗലം പഞ്ചായത്ത് അനുവദിച്ച 15 ലക്ഷം രൂപയും ഭൗതിക സാഹചര്യങ്ങൾ വികസിപ്പിച്ചു.

g) എഫ്.എച്ച്.സി യ്ക്കായി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. രാധാകൃഷ്ണൻ അവർകൾ 50 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ കാണുന്ന മുൻഭാഗം പൊളിച്ചു പൊളിച്ചു നീക്കി പുതിയ കെട്ടിടവും അനുബന്ധ സൗകര്യവും നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ട്.

h) ഒമിക്രോൺ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാക്സിനേഷന് പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി. 15 മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്കായി വാക്സിന് ലഭ്യമാക്കി തുടങ്ങി.

i) ആവശ്യസാഹചര്യങ്ങളിൽ പഞ്ചായത്ത് പ്രസിഡണ്ട്, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാന്, പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരുടെ അവലോകനയോഗങ്ങൾ ചേരാറുണ്ട്.

ദേശമംഗലം കുടുംബാരോഗ്യകേന്ദ്രം വികസന രേഖ

ദേശമംഗലം കുടുംബാരോഗ്യകേന്ദ്രത്തിൽ ദിനംപ്രതി 250-300 വരെ എത്തിച്ചേരുന്നത്. വരും നാളുകളിൽ കൂടുതൽ പേരും ആശ്രയിക്കേണ്ടിവരും എന്നതിൽ തർക്കമില്ല. കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. അതിനായി ചില നിർദ്ദേശങ്ങൾ

1. ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കണം

2. 24 മണിക്കൂറും ഡോക്ടറുടെ സേവനം, അത്യാഹിത വിഭാഗം, ഫാർമസി, ലാബ് സൗകര്യങ്ങൾ

3 ഡയാലിസിസ് സെന്റർ : പൊതുജനപങ്കാളിത്തത്തോടെയോ, സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരുടെ സ്പോൺസർഷിപ്പിൽ കിഡ്നി രോഗികൾക്കായി, സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും വേണ്ടി ഒരു ഡയാലിസിസ് കേന്ദ്രം ആശുപത്രിയിൽ ആരംഭിക്കണം.

4. ഹെൽത്ത്എ.ടി.എം. : ജീവിതശൈലീരോഗങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം രോഗികൾ അവരുടെ ബ്ലഡ് പ്രഷറും, ഷുഗറും അറിയുന്നതിനായി ദീർഘനേരം ക്യൂവിൽ നിൽക്കേണ്ടി വരുന്നു. ഇതിനു പരിഹാരമായി ഹെൽത്ത് എ.ടി.എം പോലുള്ള സൗകര്യങ്ങൾ ഏറെ പ്രയോജനപ്രദമാകും

5. സമഗ്രമായ ആരോഗ്യസർവ്വേ: ദേശമംഗലം ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളെയും ഇൻറർനെറ്റ് സംവിധാനങ്ങളും വരാൻപോകുന്ന കെ.ഫോൺ അടക്കമുള്ള നൂതനസംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഒരു ' നെറ്റ് കൺസൾട്ടിംഗ്' സംവിധാനം സാധ്യമാക്കുക. രോഗികൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവരുടെ ടോക്കണ് ബുക്കുചെയ്യുവാനും ഡോക്ടറുമായി രോഗവിവരങ്ങൾ അറിയിക്കുവാനും കഴിയും. അവർക്കുവേണ്ട മരുന്നുകൾ ആർ.ആർ.ടി. മെമ്പർമാർ മുഖേനയോ ആശാപരവർത്തകർ വഴിയോ വീടുകളിൽ എത്തിക്കാൻ ഇതുമൂലം സാധിക്കും.

6. മൊബൈൽ ലാബുകൾ : പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മാസത്തിൽ ഒന്നോ രണ്ടോ തവണ വാർഡുകളിൽ സഞ്ചരിക്കുന്ന ലാബുകൾ തുടങ്ങുക. അവശ്യം വേണ്ട മരുന്നുകളും ലാബ് ടെക്നീഷ്യന്മാരുടെ സേവനവും ലഭ്യമാക്കുക.

7. ഗൈനക്കോളജി വിഭാഗം ആരംഭിക്കുക : ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം പ്രവർത്തനം ആരംഭിക്കണം. നിലവിൽ ഒരുപാടു ദൂരം യാത്രചെയ്ത മെഡിക്കൽകോളേജിലോ മറ്റു പ്രൈവറ്റ് ആശുപത്രികളെയോ സമീപിക്കേണ്ട സ്ഥിതിയാണ് ഉള്ളത്. ഇതുമൂലം ധാരാളം പേർക്ക് ബുദ്ധിമുട്ടാകുന്നു.

8. പുതിയതായി അനുവദിക്കുന്ന കെട്ടിടത്തിൽ ഇ.എൻ.ടി, എല്ലുരോഗവിഭാഗം, ഡിജിറ്റൽ

എക്സ്-റേ എന്നിവയ്ക്കുകൂടി സൗകര്യം ഉണ്ടാക്കണം

9. ആയുർവേദ ആശുപത്രി : ആയുർവേദ ആശുപത്രിയില് ഉനിച്ചില് തുടങ്ങിയ സൗകര്യങ്ങൾക്കായി പുതിയ വിഭാഗം ആരംഭിക്കണം. വളരെയേറെ അനുകൂലമായ, ശാന്തമായ പ്രദേശം ഇതിനു അനുയോജ്യമായ സ്ഥലമാണ്. ഇതിനെ പ്രയോജനപ്പെടുത്തി ഇത്തരം ചികിത്സാരീതികൾ ആരംഭിക്കാം.

10. സബ് സെന്ററുകള് വിപുലീകരിക്കണം. ലാബുകളുടെ സൗകര്യങ്ങൾ ഇവിടെ അനിവാര്യമാണ്

11. ഹോമിയോ ആശുപത്രി : ദേശമംഗലം ഗ്രാമപഞ്ചായത്തിനകത്ത് അലോപ്പതിയും ആയുർവേദവും ഡിസ്പെൻസറികള് ഉണ്ട്. ധാരാളം ആളുകൾ ഹോമിയോ ചികിത്സ തേടാറുണ്ട്. ബ്ലോക്ക് പട്ടികജാതി വികസന വകുപ്പിൻറെ നേതൃത്വത്തില് തലശ്ശേരി സ്കൂളില് നടന്ന അലോപ്പതി ആയുർവേദ ഹോമിയോ ക്യാമ്പുകകളില് നിരവധി പേരാണ് ഹോമിയോ ക്യാമ്പ് സന്ദർശിച്ചിട്ടുള്ളത്. ആയതിനാല് ഒരു ഹോമിയോ ഡിസ്പെൻസറി അനിവാര്യമാണ്.

2) പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി

ദേശമംഗലം വി.എച്ച്.എസ്.ഇ. സ്കൂൾ

ദേശമംഗലം വൊക്കേഷണൽ ഹയർസെക്കന്ററിയില് ഫസ്റ്റ് ഇയര് 61 വിദ്യാർത്ഥികളും, സെക്കൻറ് ഇയര് 60 വിദ്യാർത്ഥികളും ഉണ്ട്. സയൻസ്. കൊമേഴ്സ് വിഭാഗങ്ങളിലായി ആകെ 121 വിദ്യാർത്ഥികളാണ് ഉള്ളത്.

അധ്യാപകർ

അധ്യാപകർ	–	11
ഗസ്റ്റ് അധ്യാപകർ	–	2
ലാബ് അസിസ്റ്റൻറ്	–	2
ക്ലർക്ക്	–	1

ഡിസംബർ 30. 2021 ഹരിതകേരളം മിഷനും, ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പും ദേശമംഗലം ഗ്രാമപഞ്ചായത്തും സംയുക്തമായി കെമിസ്ട്രി ലാബുകൾ പ്രയോജനപ്പെടുത്തി എം.എൽ.എയുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക ചിലവഴിച്ച് ജലഗുണനിലവാര ലാബുകളുടെ ജില്ലാതല ഉദ്ഘാടനം ബഹുമാനപ്പെട്ട മിനിസ്റ്റർ ശ്രീ. കെ. രാധാകൃഷ്ണൻ അവർകള് ഉദ്ഘാടനം നിർവ്വഹിച്ചു. പൊതുജനങ്ങൾക്കുകൂടി ഇതിൻറെ ഗുണങ്ങള് ലഭിക്കും.

കൊണ്ടയൂർ ജി.എൽ.പി.എസ്.

കൊണ്ടയൂർ ജി.എൽ.പി. സ്കൂളിൽ നിലവില് 66 കുട്ടികള് ഉണ്ട്. 4 ഡിവിഷനുകള്, 8 ക്ലാസ് മുറികൾ. 8 ക്ലാസ് മുറികളില് 4 എണ്ണം അദ്ധ്യായനത്തിനും ബാക്കി ഓഫീസ് റൂം, കമ്പ്യൂട്ടർ റൂം, അംഗൻവാടി, ലൈബ്രറി എന്നിവയും പ്രവർത്തിക്കുന്നു. സ്കൂളിൽ സ്റ്റേജും പാചകപ്പുരയും ഉണ്ട്. ബഹുമാനപ്പെട്ട മുൻ എം.എൽ.എ ശ്രീ. യു.ആർ. പ്രദീപ് അവർകളുടെ വികസന ഫണ്ടില് നിന്നും 50 ലക്ഷം രൂപ ചിലവില് 4 ക്ലാസ് മുറികള്, ടോയ്ലറ്റ് എന്നിവയും, സ്കൂളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 2 ലക്ഷം രൂപയും നൽകി. ബോർവെല് സ്ഥാപിച്ചു. മറ്റ് നടപടികൾ പൂർത്തിയാകുന്നു.

അധ്യാപകർ

എച്ച്.എം. – 1

എൽ.പി.എസ്.എ – 2

പള്ളം ജി.എൽ.പി. സ്കൂൾ

പള്ളം ജി.എൽ.പി. സ്കൂളിൽ 4 ഡിവിഷനുകളിലായി 32 കുട്ടികള് ഉണ്ട്. 6 ക്ലാസ്സ് മുറികളും സ്റ്റേജും ഉണ്ട്.

അധ്യാപകർ

എച്ച്.എം – 1

ഡെയ്ലി വെയ്ജ്സ് – 4

ദേശമംഗലം ഹയർസെക്കൻററി സ്കൂള്

ഹയർസെക്കൻററി വിഭാഗത്തില് 4 ഡിവിഷനുകള് ഉണ്ട്. +1, +2 സയൻസ്, കൊമേഴ്സ്.

ആകെ കുട്ടികൾ – 231

സ്ഥിരം ടീച്ചേഴ്സ് – 11

ഗസ്റ്റ് ടീച്ചേഴ്സ് – 2

ലാബ് അസിസ്റ്റൻറ് – 1

ആകെ 14 സ്റ്റാഫുകള്

3) ഹരിത കേരളം മിഷൻ പദ്ധതി

സംസ്ഥാനസർക്കാരിൻറെ 4 മിഷനുകളിലൊന്നായ ഹരിത കേരളം മിഷന് പദ്ധതിയുടെ ഭാഗമായി ദേശമംഗലം ഗ്രാമപഞ്ചായത്തില് 20/02/2021 തീയതിയിലെ ഭരണ സമിതി യോഗത്തിൽ ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് രണ്ടു ഘട്ട പരിശീലനങ്ങളും പൂർത്തീകരിച്ചിട്ടുള്ളതുമാണ്. തുടർന്ന് 2022 ജനുവരി മാസം മുതല് ദേശമംഗലം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 15 വാർഡുകളിലും വാതിൽപ്പടി ശേഖരണം വഴി പ്ലാസ്റ്റിക് വേസ്റ്റുകളുടെ ശേഖരണം ആരംഭിച്ചു. നിലവിൽ ദേശമംഗലം ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് പ്രവർത്തന സജ്ജമായിട്ടുള്ളതാണ്. മിനി എം.സി.എഫ് സ്ഥാപിക്കുന്നതിനായി പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കി. കൂടാതെ പതിനാലാം വാർഡിലെ കടുകശേരിയിൽ ബെയിലിംഗ് മെഷീൻ സ്ഥാപിച്ചു, വില്ലേജ് എക്സ്റ്റൻഷന് ഓഫീസർ ഇംപ്ലിമെന്റിംഗ് ഓഫീസറായി ഹരിത കർമ്മ സേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നല്കുന്നതിനും വാഹന വാടകയ്ക്കുമായി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വാതിൽപടി കളക്ഷന്റെ ഭാഗമായി ഹരിത കർമ്മ സേനാംഗങ്ങള് വഴി നോട്ടീസുകളും, പ്രവർത്തന കലണ്ടറുകളും എല്ലാ വീടുകളിലും, സ്ഥാപനങ്ങളിലും എത്തിച്ചിട്ടുണ്ട്. പഞ്ചായത്ത് തല ഉദ്ഘാടനം 17-01-2022 തിയ്യതി നടന്നു. ക്ലീൻ കേരള കമ്പനിയുമായി കരാറില് ഏർപ്പെട്ടിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മ സേനയുടെ പ്രവർത്തനങ്ങള് വിലയിരുത്തി വരുന്നു. ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്ലാസ്റ്റിക് സെഗ്രിഗേഷനായുള്ള ക്ലാസുകള് നടത്തി . ആദ്യ പടിയായി 462 കിലോ പ്ലാസ്റ്റിക് ക്ലീന് കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

അജണ്ട 3 a - ഖര മാലിന്യ സംസ്കരണം

ഖര മാലിന്യ സംസ്കരണ ആക്ഷന് പ്ലാന് 31.08.2021 തിയ്യതിയിലെ 1- നമ്പര് തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചു.

അജണ്ട 3 b-ദ്രവ മാലിന്യ സംസ്കരണം

ദ്രവ മാലിന്യ പരിപാലന ടെന്മ്പേറ്റ് പ്രകാരം വിവര ശേഖരണം നടത്തിയിട്ടുണ്ട്. ദ്രവ മാലിന്യ പരിപാലന ആക്ഷൻ പ്ലാന് തയ്യാറാക്കിയിട്ടുള്ളതും ആയത് 16-11-2021 തിയ്യതിയിലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനം പ്രകാരം അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

4) ലൈഫ് മിഷൻ പദ്ധതി

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ ലൈഫ് – സമ്പൂർണ പാർപ്പിട സുരക്ഷ പദ്ധതിയിൽ – ദേശമംഗലം ഗ്രാമപഞ്ചായത്തില് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ റിപ്പോർട്ട്.

ലൈഫ് ഒന്നാം ഘട്ടമായ പൂർത്തികരിക്കാത്ത ഭവനങ്ങളുടെ പൂർത്തികരണത്തില് 14 (3 EMS ഭവനം + 11 IAYഭവനം). ഭവനങ്ങൾക്ക് വീട്ടു പണി പൂർത്തികരിക്കുന്നതിനുള്ള ധനസഹായം നൽകി പണി പൂർത്തികരിച്ചു . ലൈഫ് രണ്ടാം ഘട്ടം ഭൂമിയുള്ള ഭവന രഹിതരിൽ ഉൾപ്പെട്ട അർഹരായ 65 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി 60 പേര് പണി പൂർത്തികരിച്ചു .

ലൈഫ് മൂന്നാം ഘട്ടം – ഭൂരഹിത ഭവന രഹിതരില് ഉൾപ്പെട്ട അർഹരായ ഗുണഭോക്താക്കളിൽ നിന്നും സ്വന്തമായി സ്ഥലം വാങ്ങി വന്ന 17 പേരെ ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റിലേക്ക് മാറ്റി വീടുപണിയുന്നതിന് ധനസഹായം അനുവദിചിട്ടുള്ളതും അതിൽ 14 പേരുടെ വീടുപണി പൂർത്തികരിചിട്ടുള്ളതുമാണ് .

ലൈഫ് മിഷൻ അംഗീകരിച്ച ഭൂരഹിത ഭവന രഹിതരുടെ (77 പേരുടെ ലിസ്റ്റ്) ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിനുള്ള പ്രോജക്ട് രൂപികരിച്ച് 24 പേർക്ക് സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായം അനുവദിചിട്ടുണ്ട് . ഇവരെ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിലേക്ക് മാറ്റി വീട് പണിയുന്നതിന് എഗ്രിമെൻറ്റ് വച്ചിട്ടുള്ളതാണ് . 77 പേരുടെ ലിസ്റ്റില് സ്ഥലം വാങ്ങുന്നതിനുള്ള ധനസഹായം ലഭിച്ച 24 പേർക്കും സ്വന്തമായി സ്ഥലം വാങ്ങിച്ച 5 പേർക്കും കൂടി 29 പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു .

ലൈഫ് sc അഡീഷണൽ ലിസ്റ്റ് – ഭൂമിയുള്ള ഭവന രഹിതരുടെ ലിസ്റ്റില് അർഹതയുള്ള 26 പേരും എഗ്രിമെന്റ് വച്ചിട്ടുള്ളതും 23 പേരുടെ ഭവന നിർമ്മാണം പൂർത്തികരിച്ചിട്ടുള്ളതുമാണ് .

sc അഡീഷണൽ ലിസ്റ്റ് – ഭൂരഹിത ഭവന രഹിതരുടെ 16 പേരുടെ ലിസ്റ്റില് ആരും തന്നെ ഭൂമി വാങ്ങിച്ച രേഖകളുമായി ഹാജരായിട്ടില്ല. കഴിഞ്ഞ 5വർഷത്തിനുള്ളില് ദേശമംഗലം ഗ്രാമപഞ്ചായത്തിൽ PMAYഗ്രാമീൺ പദ്ധതിയില് 62 പേർക്ക് ഭവനനിർമ്മനത്തിനുള്ള ധനസഹായം ലഭിച്ചിട്ടുണ്ട് .

ദേശമംഗലം ഗ്രാമപഞ്ചായത്തിലെ LIFE 2020 കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതും ആയത് പ്രകാരം 440 പേര് ഭൂമിയുള്ള ഭവനരഹിതരും 141 പേര് ഭൂരഹിത ഭവനരഹിതരുമാണ് .

നീർത്തട വികസന പദ്ധതികളുടെ നിലവിലെ അവസ്ഥ, നീർത്തടങ്ങളുടെ വിഭജനം

ദേശമംഗലം ഗ്രാമപഞ്ചായത്ത് പരിധിയില് ദേശമംഗലം, പല്ലൂർ, ആറങ്ങോട്ടുക്കര , തലശ്ശേരി എന്നി 4 വില്ലേജുകളിലായി നിലവില് 13 പാടശേഖര സമിതികൾക്ക് കീഴിലായി ഏകദേശം 300 ഹെക്ടര് നെൽകൃഷി ചെയ്യ വരുന്നു . വിരിപ്പ് , മുണ്ടകൻ , പുഞ്ച എന്നീ മൂന്ന് സീസണുകൾ ഉപയുക്തമാകുന്നതാണ് . തന്മൂലം ജല ലഭ്യത , മാലിന്യ സംസ്കരണം , പാരിസ്ഥിതിക സന്തുലനാവസ്ഥ തുടങ്ങിയ ഒട്ടേറെ പ്രയോജനങ്ങൾ ലഭിക്കുന്നുണ്ട് . കഴിഞ്ഞ 25 വർഷങ്ങളായി ഏകദേശം 100 ഹെക്ടര് തരിശ് നിലങ്ങള് കൃഷി യോഗ്യമാക്കാന് സാധിച്ചിട്ടുണ്ട് . തന്മൂലം നീർത്തട സംരക്ഷണം ഒരു പരിധി വരെ ഉറപ്പുവരുത്താന് കഴിഞ്ഞിട്ടുണ്ട് .

2008 ലെ നെൽവയല് നീർത്തട സംരക്ഷണ നിയമം 100% പാലിക്കാന് ശ്രദ്ധ ചെലുത്തുന്നുണ്ട് . നിയമ ലംഘനങ്ങള് അപ്പോള് റിപ്പോർട്ട് ചെയ്യുവാനും , അനധികൃത പ്രവർത്തനങ്ങള് നിർത്തി വെപ്പിക്കുവാനും , നിലം പൂർവ്വസ്ഥിതിയെടുക്കുവാന് നടപടികള് സ്വീകരിച്ചുവരുന്നുണ്ട് .

ഗ്രാമപഞ്ചായത്ത് , കൃഷി ഭവൻ , വില്ലേജ് ഓഫീസ് തുടങ്ങി എല്ലാവരുടെയും കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി ദേശമംഗലം ഗ്രാമപഞ്ചായത്തിലെ നെല് വയലും തണ്ണീര് തടങ്ങളും പൂർവ്വാധികം ഭംഗിയായും സുരക്ഷിതമായും നിലനിർത്തി കൊണ്ടുപോകാന് സാധിച്ചിട്ടുണ്ട് .

ഇറിഗേഷന് വകുപ്പിൻറ്റെ മേൽനോട്ടത്തില് തൊഴിലുറപ്പ് പദ്ധതിയില് ഉൾപ്പെടുത്തി നീർത്തട മാസ്റ്റര് പ്ലാന് തയ്യാറാക്കിയിട്ടുണ്ട് . തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തരിശ് നെൽ വയലുകള് കൃഷിയോഗ്യമാക്കാനുള്ള നടപടികള് സ്വീകരിച്ചുവരുന്നു . കൃഷി വകുപ്പ് ത്രിതല ഗ്രാമ പഞ്ചായത്ത് സംയുക്തമായി പദ്ധതികൾ തയ്യാറാക്കി തരിശ് രഹിത പഞ്ചായത്ത് പദവി ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു . ദേശമംഗലം ഗ്രാമപഞ്ചായത്തിലെ 2008 ലെ നെൽവയല് തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നീർത്തടങ്ങളുടെയും , നെൽ വയലുകളുടെയും സമ്പൂർണ വിവരങ്ങള് അടങ്ങിയ ഡാറ്റ ബാങ്ക് 2020 സെപ്തംബർമാസത്തില് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുണ്ട് .

2018- 19 - നീർതടാധിഷ്ടിത ഭൂവികസന പ്രവർത്തനങ്ങൾ

- 21 വർക്കുകള് , ചെലവ് - 6,03459/- രൂപ

മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ

- 13 വർക്കുകള് , ചെലവ് - 2,16894/- രൂപ

തോടുകളുടെ പുനരുദ്ധാരണം
24 - വർക്കുകള് 3 - ചെലവ ,,രൂപ -/41627

2019-20 - കുളം നവീകരണം പ്രവർത്തനങ്ങൾ
1 വർക്കുകള് - ചെലവ് ,34167രൂപ -/

- നീർതടാതിഷ്ടിത മണ്ണ് ജല സംരക്ഷണ പ്രവർത്തികള്
37വർക്കുകള് - ചെലവ് ,669351രൂപ -/

2020- 21 - മണ്ണ് ജല സംരക്ഷണം പ്രവർത്തനങ്ങൾ

4 0 വർക്കുകള് - ചെലവ് ,1,16,32750രൂപ -/

തോടുകളുടെ നവീകരണം പ്രവർത്തനങ്ങൾ
16 വർക്കുകള് - ചെലവ് , 2,03904 രൂപ -/

കുളം നവീകരണം പ്രവർത്തനങ്ങൾ
1 വർക്കുകള് ചെലവ് ,- 1,62650രൂപ -/

2021 -22 - തോടുകളുടെ നവീകരണം പ്രവർത്തനങ്ങൾ
11 bn വർക്കുകള് - ചെലവ് ,1,72724പത്രൂ -/

നീർതടാതിഷ്ഠിതമായ ഭ്രവികസനം പ്രവർത്തനങ്ങൾ
44 വർക്കുകള് ചെലവ് , - 1,25,43740രൂപ -/

വികസന മേഖലകൾ

വിവിധ മേഖലകളുടെ ഇന്നത്തെ അവസ്ഥ

73,74 ഭരണഘടനാ ഭേദഗതിയോടെ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഭരണഘടനാപദവിയുളള തദ്ദേശ സർക്കാരുകളായി മാറി. ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ അധികാരത്തോടൊപ്പം സമ്പത്തും ഉത്തരവാദിത്വങ്ങളും വികേന്ദ്രീകരിച്ചു.

ഭവനനിർമ്മാണ പ്രവർത്തനം

ദേശമംഗലം പഞ്ചായത്തിലെ പാർപ്പിട സ്ഥിതി വളരെ മെച്ചപ്പെട്ട രീതിയില് ആയിട്ടുണ്ട്. ഓല വീടുകൾ ഇല്ല എന്നതന്നെ പറയാം , എന്നാൽ പണ്ടുണ്ടായിരുന്ന ചില കർഷക കുടുംബങ്ങളുടെ വീടുകൾ നാശമായികൊണ്ടിരിക്കുന്ന അവസ്ഥയാണ് ഉള്ളത് , കൂടുതൽ വീടുകളും കോണ്ക്രീറ്റ് ആണ് 50% ത്തോളം വീടുകളും 1000 sq feet ന് മുകളിലുള്ളതും , 25% ത്തോളം 2000 sq feet ന് മുകളിലുള്ളതും, 75% വീടുകള് രണ്ടു നിലയുള്ളവയാണ്. എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടുണ്ട് . ശൗചാലയങ്ങളും എല്ലാ വീടുകളിലും ഉണ്ട് . ആധുനിക സൗകര്യങ്ങളായ സ്മാർട്ട് ഫോൺ, ടെലിവിഷൻ എന്നിവയെല്ലാം 90% വീടുകളിലും ഉണ്ട് . ഗ്യാസ് കണക്ഷൻ ഇല്ലാത്ത 5% വീടുകള് ഉണ്ട് . കുടിവെള്ള ക്ഷാമം ഇപ്പോഴും നേരിടുന്ന പഞ്ചായത്തിൽ ഇനിയും പദ്ധതികള് ആവശ്യമാണ് . ഓരോ വാർഡിലും 3ഉം 4ഉം പദ്ധതികൾ ഉണ്ടെങ്കിലും പലതും പ്രാവർത്തികമായിട്ടില്ലാത്തതും പകുതി വഴിയില് നിർത്തിവെച്ചതും ആണ്. കോവിഡ് മഹാമാരി സമയത്ത് കുട്ടികൾക്ക് പഠന ആവശ്യത്തിനായി നെറ്റ് സൗകര്യം ഇല്ലാത്തതിനാല് വായനശാലകളിലും അംഗൻവാടികളിലും ക്ലബ്ബുകളിലും ആണ് പഠന സൗകര്യം ഒരുക്കിയിരുന്നത് ആയതിനാൽ എല്ലാ വീടുകളിലും ഇന്റർനെറ്റ് സൗകര്യം ഒരുക്കി നൽകുന്നതിന് പ്രത്യേക പദ്ധതികൾ രൂപികരിക്കണം .

സാമൂഹ്യ ക്ഷേമം

കുടുംബ ശ്രീ രൂപികരണത്തോടെ സ്ത്രീകളുടെ കൂട്ടായ്മകളും സ്വയം തൊഴില് പദ്ധതികളും സമൂഹത്തിൽ സാമ്പത്തികമായ വന് മുന്നേറ്റത്തിന് വഴിയായി . പുരുഷനോടൊപ്പം തൊഴിൽ ചെയ്യാൻ സ്ത്രീകള് മുന്നോട്ട് വന്നതോടുകൂടി സമൂഹത്തില് സാമ്പത്തികമായി വളരെ പുരോഗതി ഉണ്ടാക്കുക വഴി ദാരിദ്ര നിർമ്മാർജനത്തിനും വഴി ഒരുക്കി , അതു മൂലം കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രാധാന്യം മസസിലാക്കിയ പുതിയ ഒരു ജനത തന്നെ ഉയർന്നു വന്നു . കുടുംബശ്രീയുടെ DDUGKY പദ്ധതി പ്രകാരം യുവാക്കൾക്കും യുവതികൾക്കും തൊഴില് നൈപുണ്യ പരിശീലനം ലഭിക്കുകയും പല തൊഴിലുകളിലും ഏർപെടുകയും ചെയ്യാന് സഹായകമായി. സ്ത്രീകൾ കൂട്ടമായും ഒറ്റയ്ക്കും കൃഷി ഭ്രമികള് പാട്ടത്തിന് എടുത്ത് പണിയുകയും മൂല്യവർദ്ധിത ഉൽപന്നങ്ങള് ഉണ്ടാക്കുകയും ചെയ്യുന്നു .

ദേശമംഗലം പഞ്ചായത്തിലെ 20 അംഗൻവാടികളില് 18 എണ്ണത്തിനും സ്വന്തമായി കെട്ടിടം ഉണ്ട് 1 എണ്ണം കൊണ്ടയൂര് സ്കൂളിലും 1 എണ്ണം പള്ളം സെന്ററില് വാടകയ്ക്കും ഉണ്ട് . സാമൂഹ്യ ക്ഷേമ പെൻഷനുകള് എല്ലാ അർഹതപ്പെട്ടവർക്കും ലഭിക്കുന്നുണ്ട് . പുതിയ അപേക്ഷ കൊടുക്കുന്നവർക്ക് കാലതാമസം ഇല്ലാതെ തന്നെ പെൻഷന് ലഭിക്കുന്നതിനുള്ള നടപടികള് വേഗത്തിലാണ് നടക്കുന്നത് .

ദേശമംഗലം പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാള് പകുതി പണി കഴിഞ്ഞ നിലയില് ആണ് ഉള്ളത് , അത് പണി കഴിപിച്ച് പൊതുജനങ്ങൾക്ക് ഉപയോഗിക്കാവുന്ന രീതിയില് പുതിയ പദ്ധതികൾ നടപ്പിലാക്കണം.

വനിതാ വികസനം

കുടുംബശ്രീ രൂപികരനത്തിനു ശേഷം സ്ത്രീകള് പൊതു വേദികളിലും സ്വയം തൊഴില് കണ്ടെത്തുന്നതിനും ബോധം സൃഷ്ടിക്കാൻ കഴിഞ്ഞു .കുടുംബശ്രീ വഴി നടത്തുന്ന സ്ത്രീ ശാസ്തികരണ ക്ലാസ്സുകളും സെമിനാറുകളും നിയമ ക്ലാസ്സുകളും സ്വയം തൊഴിൽ പരിശീലനങ്ങളും സ്ത്രീകളുടെ മാനസിക ശേഷി വർദ്ധിപ്പിച്ചതോടുകൂടി ഗ്രാമങ്ങളിലെ സ്ത്രീകളെ ഏതൊരു തൊഴിലിനും അതിന്റേതായ മാന്യത ഉണ്ട് എന്നാ ബോധം ഉള്ളവരാക്കി മാറ്റി .

സഹകരണ മേഖല

പഞ്ചായത്തിലെ ജനങ്ങൾക്ക് സാമ്പത്തികമായ ഏത് ആവശ്യത്തിനും ആദ്യം കയറിച്ചെല്ലാവുന്ന ഇടമായി ദേശമംഗലം സഹകരണ ബാങ്ക് മാറി . വായ്പ്പ സംമ്പ്രദായത്തിൽ കൂടുതൽ ഉദാരമാക്കി കൃഷിയോടൊപ്പം വ്യവസായത്തിനും പ്രധാന്യം നൽക്കുന്നു . വളം ഡിപ്പോയുടെ പ്രവർത്തനം നടക്കുന്നു , മൈക്രോ സ്വയം സഹായ സംഘങ്ങൾ , കുടുംബശ്രീ ലിങ്കേജ് വായ്പ്പകൾ , വായ്പകൾക്ക് ഇൻഷുറൻസ് പരിരക്ഷ എന്നിവയും ലഭിക്കുന്നു . ഒരു മാവേലി സ്റ്റോർ സഹകരണ അടിസ്ഥാനത്തില് ദേശമംഗലത്ത് ഉള്ളത് വിലകയറ്റം ഒരു പരിധി വരെ പിടിച്ചു നിർത്തുന്നതിന് സഹായിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വിവിധ സ്കീമുകളിലായി പട്ടികജാതിക്കാരുടെ വീടുകളില് പ്രഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾചെയ്യുക വഴി മുഴുവനായി അല്ലെങ്കില് കൂടി ഒരു പരിധിവരെ പരിഹാരമായി . ഇവർക്ക് വേണ്ടി മാത്രമായി കുടിവെള്ള പദ്ധതികള് നടപ്പിലാക്കുക വഴി കുടിവെള്ള പ്രശ്നത്തിനും പരിഹാരമായിട്ടുണ്ട് . ഒരു പരിധി വരെ റോഡുകളുടെ പണി കഴിഞ്ഞതിനാൽ കോളനികളിലേക്ക് വാഹന സൗകര്യവും ഇന്നുണ്ട് . വിദ്യാഭ്യാസത്തെ കുറിച്ച് ഇന്നത്തെ തലമുറയിലുള്ളവർക്ക് ബോധ്യം ഉള്ളതിനാൽ അവര് മക്കളെ പഠിക്കാന് വിടുന്നു . സമൂഹത്തിന്റെ ഏതു മേഖലകളിലും ഇടപെടാൻ പ്രാപ്തരായ ഇവരുടെ ജീവിത രീതിയിലും അതിന്റെ മാറ്റം കണ്ടുതുടങ്ങിയിട്ടുണ്ട് , എന്നാൽ ഇനിയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വിദ്യാഭ്യാസം പാതി വഴിയിൽ ഉപേക്ഷിക്കാതെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ ഉത്തരവാദിത്വമയി കണ്ട് പദ്ധതികൾ രൂപികരിക്കെണ്ടതുണ്ട് മാലിന്യ സംസ്കരണത്തിനും കോളനികള് തോറും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

പൊതു ഭരണവും ധനകാര്യവും (കണക്കുകൾ രേഖകൾ തയ്യാറാക്കൽ, ജനസേവനം കാര്യക്ഷമമാക്കൽ)

പൊതുജനങ്ങൾക്ക് ദൈനം ദിനാവശ്യങ്ങൾക്ക് ഉതകും വിധം ഭരണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ആവശ്യമായ രീതിയിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തെ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഓൺലൈൻ സംവിധാനം വാർഡ് സേവാ ഗ്രാമകേന്ദ്രങ്ങളിലൂടെ ജനകീയമാക്കാൻ കഴിയണം. ജനങ്ങൾക്ക് ലഭിക്കുന്ന സേവനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വേഗത്തിൽ നല്ല സേവനത്തില് നല്ല സേവനം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ ലക്ഷ്യങ്ങൾ. വിവര സാങ്കേതികവിദ്യയുടെ മുന്നേറ്റവും കമ്പ്യൂട്ടർവല്ക്കരണവും പഞ്ചായത്ത് വളരെ നല്ല രീതിയിൽ സ്വായത്തമാക്കുകയും അത് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

കൂടുതൽ കാര്യക്ഷമമായ രീതിയിൽ ജനങ്ങൾക്ക് സേവനങ്ങളും വിവരങ്ങളും നല്കുന്നതിന് സർക്കാരിന്റെ മാർഗനിർദേശങ്ങൾക്കനുസൃതമായി ILGMS പദ്ധതി രൂപീകരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

ILGMS അപ്ലിക്കേഷൻ പ്രവർത്തികമായതോടുകൂടി വസ്തുനികുതി ഉൾപ്പടെയുള്ള എല്ലാ നികുതികളുടേയും പിരിവും അവയുടെ നിർണ്ണയവും കാര്യക്ഷമമായികൊണ്ടിരിക്കുന്നു. നിലവിൽ ഓൺലൈൻ വഴിയും ജനങ്ങൾക്ക് നികുതി അടക്കാനും മറ്റു സേവനങ്ങൾ ലഭ്യമാക്കാനും കഴിയും

കൃഷിയും അനുബന്ധമേഖലകളും (മണ്ണ്, ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി, വനവൽക്കരണം ഉൾപ്പെടെ)

ദേശമംഗലം പഞ്ചായത്തിൽ 290 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു. വിരിപ്പ് സീസണിൽ കഷ്ടിച്ച് 30 ഹെക്ടർ സ്ഥലത്ത് മാത്രമെ കൃഷിയിറക്കുന്നുളളു. വെളളക്കെട്ടും തൊഴിലാളി ദൗർലഭ്യവും ആണ് ഇതിന് കാരണം. ചില പാടശേഖരങ്ങളിൽ തരിശ് ആയി നിലം കിടക്കുന്നുണ്ട്. ജലസേചന സൗകര്യങ്ങളുടെ കുറവ് ഒരു പ്രശ്നമാണ്. നടീൽ യന്ത്രം, ട്രാക്ടർ.ടില്ലർ,കൊയ്ത്തുമെതിയന്ത്രം എന്നിവ പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കേണ്ടതുണ്ട്. നെൽകൃഷിയിൽ ഉല്പാദനക്ഷമത ഉറപ്പാക്കുന്നതിന് ശാസ്ത്രീയമായി ഉല്പാദനോപാധികള് (വിത്ത്, ജൈവ രാസ കീടാണു വളങ്ങൾ, കുമ്മായം, കള ജൈവിക കീടനാശിനികൾ, കുമിൾനാശിനികൾ) ഉപയോഗിക്കേണ്ടത് അത്യാവശ്യമാണ്. ഇവയുടെ വിതരണത്തിന് കർഷകർക്ക് ലഭ്യമാക്കാൻ സാധിക്കുന്ന ഡിപ്പാർട്ട്മെന്റുകളുടെ വിഹിതം അപര്യാപ്തമായതിനാൽ ഉല്പാദന ഉപാധികൾ വിതരണം ചെയ്യുന്നതിനായി സമഗ്ര പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്.

തൊഴിലാളിക്ഷാമവും കർഷകർ നേരിടുന്ന ഗുരുതര പ്രശ്നമാണ്. പാടശേഖരങ്ങളിൽ ട്രാക്ടർ ഇറക്കാൻ കഴിയുന്ന തരത്തിൽ റാമ്പുകൾ സ്ഥാപിച്ചിട്ടില്ല തോടുകളുടെ സൈസ് കെട്ടിയും ആഴം കൂട്ടിയും വെളളക്കെട്ട് പ്രശ്നം പരിഹരിക്കേണ്ടതുണ്ട് യന്ത്രവൽകൃത കൃഷിയുടെ അഭാവവും പ്രശ്നമായി അവശേഷിക്കുന്നു.

കഴിഞ്ഞ സാമ്പത്തിക വർഷത്തില് 12 ഹെക്ടര് തരിശുഭൂമി കൃഷിയോഗ്യമാക്കി. സമഗ്ര പുരയിട കൃഷി വികസനത്തിന്റെ ഭാഗമായി വാഴ ,പച്ചക്കറി, ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ,കിഴങ്ങു വർഗ്ഗ വിളകൾ , ഇവയുടെ നടീൽ വസ്തുക്കള് ലഭ്യമാക്കുന്നതിനും ശാസ്ത്രീയമായി ഉല്പാദന ഉപാധികൾ ലഭ്യമാക്കുന്നതിനും ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനും പദ്ധതി നിർദ്ദേശിക്കുന്നു. പച്ചക്കറി വികസനത്തിൽ ജൈവകൃഷി രീതിക്ക് പ്രാധാന്യം നല്കുന്ന പദ്ധതി നടപ്പിലാക്കി ജൈവ ഉല്പന്നങ്ങൾക്കായുള്ള വിപണി പ്രോത്സാഹിപ്പിക്കാൻ നിർദ്ദേശിക്കുന്നു. പച്ചക്കറികൃഷിയുടെ വിപുലീകരണത്തിനായി പഞ്ചായത്തും കൃഷിഭവനും കൂടി പദ്ധതികൾ ആവഷ്കരിക്കുന്നുണ്ട്. പ്രധാനപ്പെട്ട മറ്റൊരു കൃഷിയാണ് തെങ്ങ്. നാളികേരവുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് പോലും പഞ്ചായത്തിൽ ഇല്ല. എന്നാൽ നാളികേര സംഭരണത്തിലൂടെ തെങ്ങ് കൃഷിചെയ്യുന്നവരെ ഒരു പരിധി വരെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്.

മൃഗസംരക്ഷണവും ക്ഷീരവികസനവും

ദേശമംഗലം ഗ്രാമപഞ്ചായത്ത് കാർഷികമായ ഒരു പാരമ്പര്യമുളള പഞ്ചായത്താണ്. 10-ാമത് കന്നുകാലി സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 956 കന്നുകാലികളും(പശുക്കൾ) 672 ആട്, 10 എരുമ 3200 കോഴികൾ എന്നിവയാണുളളത്. ഗ്രാമപഞ്ചായത്തിലെ പാലിന്റെയും മുട്ടയുടേയും ആവശ്യകത മുഴുവനായി നിറവേറ്റുന്നതിന് ഈ സമ്പത്ത് പര്യാപ്തമല്ല. ആയതിനാൽ പശുക്കളും കോഴികളും വളർത്തുന്നവർക്ക് കൂടുതൽ

പ്രോത്സാഹനം നല്കണ്ടതാണ്. ക്ഷീര കർഷകര്ക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്ന വരുന്നു. കൂടുതൽ ഡയറി യൂണിറ്റുകള് തുടങ്ങേണ്ട ആവശ്യകതയിലേക്കാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

ചെറുകിട വ്യവസായം

ദേശമംഗലം പഞ്ചായത്തിൽ ചെറുകിടവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്.. ഉത്പാദന മേഖലയിൽ സംരംഭം നടത്തുന്നവർക്ക് അത് മാർക്കറ്റ് ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ വിപണന കേന്ദ്രങ്ങൾ തുടങ്ങേണ്ടിയിരിക്കുന്നു. സ്വയംതൊഴിൽ സംരംഭങ്ങൾ, മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, നൈപുണ്യവികസനം എന്നിവയിൽ പരിശീലനം നൽകുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയും വേണം.

ദാരിദ്ര്യ ലഘൂകരണം

നിരവധി ദാരിദ്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇനിയും പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചവത്സര പദ്ധതി കാലയളവിൽ ദാരിദ്ര്യലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ദേശമംഗലം ഗ്രാമപഞ്ചായത്ത് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ 212 കുടുംബശ്രീ യൂണിറ്റുകൾ നിലവിലുണ്ട്. ഈ ഗ്രൂപ്പുകൾക്കെല്ലാം റിവോൾവിംഗ് ഫണ്ട് നല്കി, ചെറിയ തോതില് ബിസിനസ്സ്, കൃഷി, മൃഗസംരക്ഷണം എന്നീ പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. സംരംഭങ്ങൾ ഒന്നും ഇല്ലാത്ത ഗ്രൂപ്പുകളും നിലവിലുണ്ട്.

എല്ലാ മേഖലകളിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതു വഴി 2017-20 വർഷം മുതൽ ദാരിദ്ര്യലഘൂകരണം ഒരു പരിധി വരെ മാത്രമേ പരിഹരിക്കാൻ സാധിച്ചിട്ടുള്ളു. കുടുംബശ്രീതലത്തിലും പാർപ്പിടമേഖലയിലും പ്രാധാന്യം നൽകിയിട്ടുണ്ട്. പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട് . ലൈഫ് മിഷന്റെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതർക്ക് ആനുകൂല്യം നൽകി വരുന്നുണ്ട്. എങ്കിലും ഭവന രഹിതരായവർ ഇപ്പോഴും നിലവിലുണ്ട്. സ്വയം തൊഴിൽ മേഖലയിൽ നൽകുന്ന ആനുകൂല്യങ്ങൾ കൃത്യമായി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഉപയോഗപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം. സ്വയം തൊഴിൽ മേഖലയിൽ വിപണനകേന്ദ്രം ഇന്ന് നിലവില്ല. ഇതു പരിഹരിക്കപ്പെടേണ്ടതാണ്.

സാമൂഹ്യക്ഷേമം (വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ഉൾപ്പടെ)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കിവരുന്നുണ്ട്. പഞ്ചായത്ത് വിഹിതവും, ബ്ലോക്ക് വിഹിതവും, ജില്ലാവിഹിതവും ഇക്കാര്യത്തിനായി ഉപയോഗപ്പെടുത്തി വരുന്നു. നിലവിൽ ദേശമംഗലം ഗ്രാമപഞ്ചായത്തില് ബഡ്സ് സ്കൂൾ ഇല്ല. വികലാംഗർക്ക് ആവശ്യമായ ഉപകരണങ്ങൾ, വൃദ്ധർക്ക് കട്ടിൽ, ടൈ സ്കൂട്ടർ തുടങ്ങിയവ ത്രിതല പഞ്ചായത്ത് വിഹിതം വഴി പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ കഴിഞ്ഞിട്ടുണ്ട്. വൃദ്ധ ജനങ്ങൾക്ക് ഒരു ആശ്വാസ കേന്ദ്രമായി ജില്ലാ പഞ്ചായത്ത് വിഹിതം കൂടി ചേർത്ത് പകൽ വീട് ആരംഭിച്ചു കഴിഞ്ഞു. വയോജന പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എല്ലാ വാർഡിലും പകൽവീട് സംവിധാനവും നടപ്പിലാക്കേണ്ടതുണ്ട്.

പട്ടികജാതി വികസനം

ഭവന രഹിതരും ഭൂരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് മുഴുവൻ സ്ഥലവും വീടും ലഭ്യമാക്കേണ്ടതുണ്ട്. ഇപ്പോഴും കക്കൂസ് ഉണ്ടെങ്കിലും ഉപയോഗശൂന്യമായ സ്ഥിതിയിലുള്ള കുടുംബങ്ങൾ ഉണ്ട്. കക്കൂസ് സൗകര്യം തീരെ ഇല്ലാത്ത അപൂർവ്വം ചില കുടുംബങ്ങളുമുണ്ട്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സങ്കേതങ്ങൾ ഇപ്പോഴും നിലവിലുണ്ട്. ഇവിടങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പട്ടിക ജാതി സങ്കേതങ്ങളിലെ വൈദ്യുതീകരണവും തെരുവു വിളക്കു പരിപാലനവും പുതിയ തെരുവു വിളക്ക് സ്ഥാപിക്കലും ഏറ്റെടുക്കേണ്ടതുണ്ട്. വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനോടൊപ്പം ബിരുദ ധാരികളെ സൃഷ്ടിക്കുകയും അവർക്ക് പി.എസ്.സി കോച്ചിംഗ് നല്കുന്നതിനും കഴിയേണ്ടതുണ്ട്. കാർഷിക മേഖലയിലും കൂലിപണിയും കൺസ്ട്രക്ഷൻ മേഖലയിലുമാണ് കൂടുതല് പേരും തൊഴിലെടുക്കുന്നത്. സ്വയം തൊഴിലും സ്ഥിരം തൊഴിലും ലഭ്യമാക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കേണ്ടതുണ്ട്. അർഹതയുള്ള മുഴുവൻ പേർക്കും ക്ഷേമ പെൻഷനുകൾ നല്കുകയും അയൽക്കൂട്ട രൂപീകരണവും തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിച്ചും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക സഹായങ്ങൾ നല്കി മുഖ്യധാരയിലേക്ക് കൊണ്ടു വരേണ്ടതുണ്ട്.

സ്ത്രീകളുടേയും കുട്ടികളുടേയും വികസനം

വടക്കാഞ്ചേരി ബ്ലോക്കിലെ ദേശമംഗലം പഞ്ചായത്തിൽ 2011-12 സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഐ.സി.ഡിഎസ്-ന്റെ ആഭിമുഖ്യത്തിൽ നടന്ന വാർഷിക സർവ്വേ പ്രകാരം ആകെ ജനസംഖ്യ 24754-ഉം സ്ത്രീജനസംഖ്യ 12521-ഉം പുരുഷ ജനസംഖ്യ 12233 ഉം ആണ്. ആറുവയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 2085 ഉം അതിൽ ആൺകുട്ടികളുടെ എണ്ണം 1090 ഉം അതിൽ പെൺകുട്ടികളുടെ എണ്ണം 995 ഉം ആണ്.പഞ്ചായത്തിൽ 20 അഗൻവാടികളുണ്ട്. ഇവ 1 മുതൽ 15 വാർഡുകളിലായി സ്ഥിതി ചെയ്യുന്നു. ഓരോ അംഗൻവാടിയിലും ഒരു വർക്കറും ഒരു ഹെൽപ്പറും ജോലി ചെയ്യുന്നു. 20 അംഗൻവാടികളിൽ 18 എണ്ണത്തിന് സ്വന്തമായി കെട്ടിടമുണ്ട്. ഒരെണ്ണം സ്കൂളിൽ പ്രവർത്തിക്കുന്നു. 1 സ്മാർട്ട് അംഗണവാടിയുണ്ട്. 2 എണ്ണത്തിന് സ്ഥലം കിട്ടിയിട്ടുണ്ട്. 20 അംഗൻവാടികളിൽ 10 എണ്ണത്തിന് ശിശുസൗഹൃദ കക്കൂസ് ഉണ്ട്. 14 അംഗൻവാടികളിൽ വയറിംഗ് നടത്തി കണക്ഷന് ലഭിച്ചിട്ടുണ്ട്. 20 അംഗൻവാടികളിലും കുടിവെള്ള സൗകര്യമുണ്ട്. 13 അംഗൻവാടികൾക്ക് ചുറ്റുമതിൽ ഉണ്ട്. കഴിഞ്ഞ സാമ്പത്തികവർഷത്തിലായി അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ, ഫ്ളാഗ് പോസ്റ്റ്, പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ഫർണീച്ചർ എന്നിവ നൽകിയിട്ടുണ്ട്.

കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിന് അംഗൻവാടികളിൽ കൂടി പോഷകാഹാരവിതരണം നടത്തുന്നു. 6 മാസം മുതൽ 3 വയസ്സ് വരെയുള്ള കുട്ടികൾക്ക് അമൃതം ഫുഡ് എന്ന പേരിലുള്ള പോഷകാഹാരം നല്കി വരുന്നു. കൂടാതെ ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും, കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും അംഗൻവാടികളിൽ കൂടി ഭക്ഷണം നല്കുന്നുണ്ട്. അംഗൻവാടിയിൽ പഠിക്കുന്ന കുട്ടികൾക്ക് രാവിലെ 11 മണിക്ക് നിലക്കടല വറുത്തത്/നിലക്കടല മിഠായി, ഉച്ചക്ക് ചെറുപയർ ചേർത്ത് വേവിച്ച കഞ്ഞി, 3 മണിക്ക് ഗോതമ്പ് ഉപ്പുമാവ്/പായസം എന്നിവ നൽകുന്നു. ആരോഗ്യപ്രവർത്തകർ അംഗൻവാടികളിൽ കൂടി രോഗ പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നു. അമ്മമാരെയും കൗമാരപ്രായക്കാരായ കുട്ടികളെയും പരിശോധിച്ച് വിളർച്ച മാറ്റുവാനുള്ള ഗുളികകൾ നല്കി വരുന്നു. അതിനു പുറമെ അമ്മമാർക്കും, . കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നു.

കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ചയെ ഉൾക്കൊള്ളുന്ന വിധത്തിലുള്ള ബാലസഭയുടെ പ്രവർത്തനങ്ങളും പഞ്ചായത്തിൽ നടക്കുന്നുണ്ട്. കുടുംബശ്രീ സംഘങ്ങളുടെ

പ്രവർത്തനങ്ങൾ മെച്ചപ്പെടുന്ന രീതിയുള്ള പരിപാടികൾ കൂടി ഉൾപ്പെടുത്തി വികസന നയം രൂപപ്പെടുത്തണ്ടതാണ്.

ആരോഗ്യം

കുടുംബാരോഗ്യ കേന്ദ്രം (FHC)

A) PHC- ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി.

- രോഗികൾക്ക് മെച്ചപ്പെട്ട സേവനവും മരുന്നും നല്കാൻ കഴിയുന്നുണ്ട്
- ലാബിൽ ഓട്ടോമാറ്റിക്ക് ഉപകരണങ്ങളുടെയും ആധുനിക ഉപകരണങ്ങളുടെയും അപര്യാപ്തത പരിഹരിച്ചു.
- മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കായി പ്ലാന്റ് നിർമ്മിച്ചു.
- KMSCL വഴി ലഭിക്കുന്നതിനുപുറമെ ജനകീയാസൂത്രണം വഴിയും മരുന്നുകൾ വിതരണം ചെയ്യുന്നു.
- പേവിഷബാധ പ്രതിരോധ കുത്തിവെയ്പ് നൽകി വരുന്നു.
- E HEALTH നടപ്പിലാക്കി
- CCTV ക്യാമറകൾ സ്ഥാപിച്ചു.
- ഭിന്ന ശേഷി സൗഹൃദ ആശുപത്രിയാക്കി
- കുട്ടികൾക്ക് കളിക്കുവാന് കളിസ്ഥലം / പാർക്ക് നിർമ്മിച്ചു

നിലവിലുള്ള സ്റ്റാഫുകൾ

ഡോക്ടർമാർ – **4**

ഫാർമസിസ്റ്റ് – **2**

ഹെൽത്ത് ഇൻസ്പെക്ടർ – **1**

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ – 3

JPHM – 4

സ്റ്റാഫ് നഴ്സ് – 2

MLSP – 2

ലാബ് ടെക്നീഷ്യന് – 1

സബ് സെന്ററുകൾ

- പളളം, കൊണ്ടയൂർ, തലശ്ശേരി സബ് സെന്ററുകളിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്തി പ്രവർത്തന ക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഫർണീച്ചറുകളുടെ അപര്യാപ്തത

പരിഹരിച്ചു. .പള്ളം സബ് സെന്ററിനെ ആർദ്രം പദ്ധതിയിൽപെടുത്തി ഉൾപ്പെടുത്തി ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററായി ഉയർത്തിയിട്ടുണ്ട്.

- കൊണ്ടയൂർ സബ് സെന്റർ പുതിയ കെട്ടിടത്തിന്റെ പണി പുരോഗമിച്ചു വരുന്നു.

ആയുർവേദ ആശുപത്രി

- ആയുർവേദ ആശുപത്രി കെട്ടിടത്തിൽ സ്റ്റോർ ,ബാത്ത്റൂം, ടസ്സ് വർക്ക് ഉൾപ്പെടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. KASH നിലവാരത്തിലേക്ക് ഉയർത്തുന്ന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ആശുപത്രിയിൽ കുഴല് കിണര് നിർമ്മിച്ചുവെങ്കിലും ആവശ്യാനുസരണം വെള്ളം ലഭ്യമായിട്ടില്ല.

- പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നു

പൊതുജനാരോഗ്യം

- പകർച്ചാവ്യാധികൾ കുറഞ്ഞ എണ്ണത്തിൽ ഓരോ വർഷവും ഉണ്ടാവുന്നു

- ജലജന്യരോഗങ്ങൾക്ക് കക്കൂസ് കുഴിയും കിണറും തമ്മിലുള്ള അകലക്കുറവും ശുചിത്വ നിലവാരക്കുറവും തെറ്റായ ആരോഗ്യനിലകൾ എന്നിവയും കാരണമാവുന്നു

- പ്രതിരോധ കുത്തിവെപ്പ് എല്ലാ ജനവിഭാഗങ്ങളിലും എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

- കിടപ്പിലായവരും, വൃക്ക രോഗങ്ങൾ ബാധിച്ചവരുമായ രോഗികൾക്ക് പാലിയേറ്റീവ് പരിപാടി വഴി സ്വാന്തനവും സേവനവും മരുന്നും ലഭിക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ ഇനിയും പുരോഗതി വരുത്തേണ്ടതുണ്ട്

- രോഗപ്രതിരോധ,നിയന്ത്രണ,ബോധവൽക്കരണ പ്രവർത്തങ്ങൾ നല്ല നിലയിൽ ജനപങ്കാളിത്തത്തോടെ നടത്താൻ കഴിയുന്നു

- പകർച്ചവ്യാധികൾ ഒരു പരിധിവരെ പ്രതിരോധിക്കാൻ കഴിയുന്നു

- ദേശീയ ആരോഗ്യ പരിപാടികൾ പഞ്ചായത്ത് പ്രദേശത്ത് നല്ല നിലയിൽ നടപ്പിലാക്കേണ്ടതുണ്ട്.

- ജീവിത ശൈലി രോഗങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്നു. ആയതിനുള്ള മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്.

വിദ്യാഭ്യാസം,സംസ്കാരം,കല കായിക വികസനം യുവജനക്ഷേമം

കൊണ്ടയൂർ GLP സ്കൂളിൽ 57 കുട്ടികളും 8 ക്ലാസ് മുറികളും 4 ഡിവിഷനുകളുമുണ്ട്. 8 ക്ലാസ് മുറികളിൽ 4 എണ്ണം അധ്യായനത്തിനും ബാക്കി ഓഫീസ്റൂം, കംപ്യൂട്ടർ റൂം, അംഗൻവാടി,

ലൈബ്രറി എന്നിവയും പ്രവർത്തിക്കുന്നു. സ്കൂളിൽ സ്റ്റേജും പാചകപുരയും ഉണ്ട്. പള്ളം GLPS ൽ 31 കുട്ടികളും 4 ഡിവിഷനുകളും 6 ക്ലാസ് മുറികളും ഉണ്ട്. പള്ളം സ്കൂളിൽ സ്റ്റേജും ഹാളും ഉണ്ട്. കലാ കായിക വികസനം ലക്ഷ്യം വച്ച കൊണ്ട് യുവജനങ്ങൾക്ക് (ക്ലബുകൾക്ക്) സ്പോർട്സ് കിറ്റ് നൽകാൻ കഴിഞ്ഞു. യുവജനങ്ങൾക്ക് ഫുട്ബോള് കോച്ചിംഗ് ക്യാമ്പ്, കളിസ്ഥലം നിർമ്മാണം എന്നിവ നടപ്പിലാക്കേണ്ടതുണ്ട്.

വികസന മേഖലകൾ

ആസൂത്രണ സമിതി അംഗങ്ങളുടെ വിവരങ്ങള് – ഫോറം 1

ഭരണ സമിതി തീരുമാനം നമ്പർ , തിയ്യതി – 1/1 , 31-12-2021

ക്രമ .നം	പേരും വിലാസവും	ഫോൺ ഇ-മെയിൽ ഐ.ഡി	പുനസംഘടിപ്പിച്ച ആസൂത്രണ സമിതിയിലെ സ്ഥാനം	ഉൾപെടുന്ന വിഭാഗം	സ്ത്രീ/ പുരുഷൻ	എസ്.സി/ എസ്.ടി/ മറ്റുള്ളവ	വിദ്യാഭ്യാസ യോഗ്യത	വൈദഗ്ധ്യം / പരിജ്ഞയം മേഖല	തൊഴിൽ
1	ജയരാജ് കെ	9544011025	അദ്ധ്യക്ഷൻ	തദ്ദേശ ഭരണ അദ്ധ്യക്ഷൻ	പുരുഷൻ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകന്	സാമൂഹിക പ്രവർത്തകന്
2	മനോജ് പി.ബി	9846758377	ഉപാദ്ധ്യക്ഷൻ	സന്നദ്ധ പ്രവർത്തകന്	പുരുഷൻ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകന്	ഡ്രൈവർ
3	ജൂമൈലത്ത്	9207331517	അംഗം	സന്നദ്ധ പ്രവർത്തക	സ്ത്രീ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകന്	സാമൂഹിക പ്രവർത്തക
4	സംഗീത	9947111421	അംഗം	സ്റ്റാന്റ്റിംഗ് കമ്മിറ്റി ചെയർപേഴ്സണ്	സ്ത്രീ	മറ്റുള്ളവ	PLUSTWO	സന്നദ്ധ പ്രവർത്തകന്	സാമൂഹിക പ്രവർത്തക
5	മധു	9961048796	അംഗം	സ്റ്റാന്റ്റിംഗ് കമ്മിറ്റി ചെയർപേഴ്സണ്	പുരുഷൻ	എസ്.സി	SSLC	സന്നദ്ധ പ്രവർത്തകന്	സാമൂഹിക പ്രവർത്തകന്
6	സുകുമാരൻ എം.	9745643226	അംഗം	സന്നദ്ധ പ്രവർത്തകന്	പുരുഷൻ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകന്	സാമൂഹിക പ്രവർത്തകന്
7	നാരായണൻ	9876541236	അംഗം	സന്നദ്ധ പ്രവർത്തകന്	പുരുഷൻ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകന്	സാമൂഹിക പ്രവർത്തകന്

8	ഷക്കീർ ഹുസൈൻ	9865321499	അംഗം	സന്നദ്ധ പ്രവർത്തകന്	പുരുഷൻ	മറ്റുള്ളവ	PLUSTWO	സന്നദ്ധ പ്രവർത്തകന്	സാമൂഹിക പ്രവർത്തകന്
9	മണികണ്ഠന് കെ.കെ	9764361258	അംഗം	സന്നദ്ധ പ്രവർത്തകന്	പുരുഷൻ	മറ്റുള്ളവ	SSLC	സന്നദ്ധ പ്രവർത്തകന്	സാമൂഹിക പ്രവർത്തകന്

1.പൊതുഭരണവും ധനകാര്യവും

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള് – ഫോറം 2

വർക്കിംഗ് ഗ്രൂപ്പ് : പൊതുഭരണവും ധനകാര്യവും
ഭരണ സമിതി തീരുമാനം നമ്പർ , തിയ്യതി – 1/1 , 31–12–2021

ക്ര.ന	പേരും വിലാസവും	ഫോണ്, ഇ–മെയിൽ ഐ.ഡി	പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെസ്ഥാനം	സ്ത്രീ/ പുരുഷൻ	എസ്.സി/ എസ്.ടി/ മറ്റുള്ളവ	വിദ്യഭ്യാസ യോഗ്യത	വൈദഗ്ധ്യം /പരിചയം മേഖല	തൊഴിൽ
1	ജുമൈലത്ത് , പുഞ്ചകുണ്ടിൽ, വാർഡ് –9		ചെയർമാന്	സ്ത്രീ				
2	അനീഷ് ഉണ്ണിയാട്ടിൽ ,ദേശമംഗലം.പി.ഒ, വാർഡ്– 12	9846206060	വൈസ് ചെയർമാന്	പുരുഷൻ		2		
3	സെക്രട്ടറി, ദേശമംഗലം ഗ്രാമപഞ്ചായത്ത്		കൺവീനര്	പുരുഷൻ				

4	ചന്ദ്രിക തറയിൽ വീട് ,വാർഡ്- 2	9846309230	അംഗം	സ്ത്രീ		10		
5	രാജേഷ് , മുല്ലക്കൽ, പല്ലർ പി.ഒ, വാർഡ്- 3	6238320139	അംഗം	പുരുഷൻ		10		
6	ഗൗതമൻ , വട്ടപറമ്പിൽ , വാർഡ്- 7	9847224641	അംഗം	പുരുഷൻ		10		
7	രാമൻകുട്ടി , ഉണ്ണിയാട്ടിൽ	9645416483	അംഗം	പുരുഷൻ		10		
8	ഷെമീർ , വാർഡ്- 9	9744500121	അംഗം	പുരുഷൻ		10		
9	മുഹമ്മദ് അലി , അയ്യോട്ടിൽ വാർഡ്- 1	8943950885	അംഗം	പുരുഷൻ		ബിരുദം		
10	അബ്ദുൾ അസീസ് , ചുട്ടപറമ്പിൽ വീട് , പള്ളം, വാർഡ്- 9	7907045674	അംഗം	പുരുഷൻ		10		
11	രഘുനാഥൻ നീണ്ടൂർ, വാർഡ് – 11	9656577311	അംഗം	പുരുഷൻ		10		
12	മുഹമ്മദ് കുട്ടി മാസ്റ്റർ , കായത്തിങ്കൽ , വാർഡ് – 10	9400478232	അംഗം	പുരുഷൻ		ബിരുദം		
13	ഹക്കീം , കുണ്ടുപറമ്പിൽ , വാർഡ് – 13	9847639113	അംഗം	പുരുഷൻ		10		
14	കൃഷ്ണൻകുട്ടി, പട്ടിയംകുന്നത്ത്, വാർഡ് – 10	9947307285	അംഗം	പുരുഷൻ		10		
15	രഞ്ജിത്ത് , അക്കൌണ്ടന്റ്,		അംഗം	പുരുഷൻ		10		
16	ശാരദ എ.പി, അംഗണവാടി ടീച്ചർ	9562421990	അംഗം	സ്ത്രീ		10		
17	ജയലക്ഷ്മി,സിഡിഎസ്	9745400872	അംഗം	സ്ത്രീ		10		

മുൻ സാമ്പത്തിക വർഷങ്ങളില് നടപ്പിലാക്കിയ വിവിധ പദ്ധതികള് (ഫോറം 5)

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	പ്രോജക്ട് നടപ്പിലാക്കിയ വർഷം	SO/ New	GEN SCP/ TSP	പ്രോജക്ടിന്റെ സ്ഥാനം	ലക്ഷ്യം		തുക		ഗുണഭോക്താക്കളുടെ എണ്ണം	പ്രയോജനം ലഭിച്ചവരുടെ എണ്ണം	പ്രയോജനം ലഭിച്ചവരുടെ വിവരം
							തുക സ്ഥലം	തുക	തുക സ്ഥലം	തുക			
1	1	പദ്ധതി രൂപീകരണ നിർവഹണ മോണിറ്ററിംഗ് ചെലവുകൾ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	82011	പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്	72011				
2	2	ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നല്കൽ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	375000	കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും	309950				
3	3	ഐകെഎം വിഹിതം നല്കൽ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	64693	കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും	64693				
4	4	എസ്എസ്എ പഞ്ചായത്ത് വിഹിതം നല്കൽ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	446300	വിദ്യാഭ്യാസം	446300				
5	36	പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ സ്കാന്നര് പ്രിൻറര് വാങ്ങൽ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	551791	കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും	551791				
6	37	ക്യാൻ തൃശ്ശൂര്	2021-22	New	ജനറൽ	പൂർത്തീകരിച്ചു	45000	ആരോഗ്യം	45000				

7	40	ജലജീവൻ മിഷൻ- വാട്ടർ അതോറിറ്റിക്ക് ഇക കൈമാറൽ	2021-22	New	ജനറൽ		100000	കുടിവെള്ളം	0			
8	58	14 -ാംം പഞ്ചവത്സര പദ്ധതി മുന്നൊരുക്ക പ്രവർത്തനങ്ങള്	2021-22	New	ജനറൽ		30000	പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ്	0			
9	59	ലാപ്ടോപ് വാങ്ങൽ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	130000	കമ്പ്യൂട്ടർവത്കരണവും സേവനം മെച്ചപ്പെടുത്തലും	120000			
10	102	പള്ളം പമ്പ് ഹൗസ് പുതിയ മോട്ടോർ സ്ഥാപിക്കൽ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	1200000	കുടിവെള്ളം	0			
11	103	ദേശമംഗലം സെന്ററിലും താഴെ റോഡിലും വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടലും മാറ്റി സ്ഥാപിക്കലും	2021-22	New	ജനറൽ	പൂർത്തീകരിച്ചു	1349190	കുടിവെള്ളം	1349190			
12	104	മുടത്തിപറമ്പ് വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ നീട്ടൽ വാർഡ് 23	2021-22	New	ജനറല്	പൂർത്തീകരിച്ചു	400000	കുടിവെള്ളം	400000			
13	106	എംസിഎഫിലേക്ക് ബെയ് ലിംഗ് മെഷീനും വെയിംഗ് മെഷീനും വാങ്ങൽ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	502000	ശുചിത്വം, മാലിന്യസംസ്കരണം	494700			
14	115	കോവിഡ് രോഗ പ്രതിരോധ പ്രവർത്തനങ്ങള്	2021-22	New	ജനറല്	പൂർത്തീകരിച്ചു	700000	ആരോഗ്യം	136103			

15	160	തെരുവു വിളക്ക് റിപ്പയർ	2021-22	SO	ജനറൽ	പൂർത്തീകരിച്ചു	500000	തെരുവ് വിളക്ക്, ഓഫീസ് വൈദ്യുതീകരണം	500000				
16	161	കുടിവെള്ള വിതരണം	2021-22	New	ജനറൽ	പൂർത്തീകരിച്ചു	439240	കുടിവെള്ളം	439240				
17	165	അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക	2021-22	New	ജനറൽ	പൂർത്തീകരിച്ചു	292000	അംഗൻവാടികള്	292000				
18	166	അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക	2021-22	New	ജനറൽ	പൂർത്തീകരിച്ചു	292000	അംഗൻവാടികള്	292000				
19	177	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ)	2021-22	New	ജനറൽ	പൂർത്തീകരിച്ചു	29333	പാർപ്പിടം,വീട് വൈദ്യുതീകരണം, ചേരിവികസനം	29333				
20	178	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ)	2021-22	New	ജനറൽ	പൂർത്തീകരിച്ചു	476667	പാർപ്പിടം,വീട് വൈദ്യുതീകരണം, ചേരിവികസനം	476667				
21	179	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(എസ് സി പി)	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	124667	പാർപ്പിടം,വീട് വൈദ്യുതീകരണം, ചേരിവികസനം	124667				
22	180	തെരുവ് വിളക്ക് പരിപാലനം	2021-22	New	ജനറൽ		90000	തെരുവ് വിളക്ക്, ഓഫീസ് വൈദ്യുതീകരണം	0				
23	181	തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ	2021-22	New	ജനറൽ		490000	തെരുവ് വിളക്ക്, ഓഫീസ് വൈദ്യുതീകരണം	0				

24	182	പൊതുടാപ്പുകളുടെ കുടിവെള്ളക്കരം അടവാക്കൽ	2021-22	New	ജനറൽ		500000	കുടിവെള്ളം	0				
25	186	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ടി എസ് പി)	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	293333	പാർപ്പിടം,വീട് വൈദ്യുതീകരണം, ചേരിവികസനം	293333				
26	187	അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക	2021-22	New	ജനറൽ	പൂർത്തീകരിച്ചു	292000		292000				
27	188	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(ജനറൽ)	2021-22	New	ജനറൽ	പൂർത്തീകരിച്ചു	476667		476667				
28	189	ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ്(എസ് സി പി)	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	124667		124667				
29	190	യുപിഎസ് ബാറ്ററി വാങ്ങൽ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	267099		267099				
30	194	തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ	2021-22	New	ജനറൽ	നടന്നു വരുന്നു	400000		0				

ഇന്നത്തെ അവസ്ഥ

സാംസ്കാരിക ഭൂപടത്തിൽ സവിശേഷ സ്ഥാനം നേടിയിട്ടുള്ള നമ്മുടെ പഞ്ചായത്തിന് അധികാരവികേന്ദ്രീകരണത്തെ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാൻ സഹായകരമായ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. അഴിമതി രഹിതമായ ഭരണനിർവ്വഹണവും സേവനങ്ങളും എന്ന ഭരണസമിതിയുടെ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങളാണ് പഞ്ചായത്ത് തുടർന്ന് വരുന്നത്

പഞ്ചായത്ത് ഓഫീസിൽ 20 ഓളം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. പഞ്ചായത്തിന് കീഴിൽ കൃഷിഭവൻ, മൃഗാശുപത്രി, അലോപ്പതി, ആയുർവ്വേദം,, ഗവ.എൽ.പി. സ്കൂൾ തുടങ്ങിയ ഘടകസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ നിയമാനുസൃത ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനും അതിന് അനുകൂലമായ ഭരണ നിർവ്വഹണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും ഉള്ള നിതാന്ത പരിശ്രമങ്ങൾ അനിവാര്യമാണ്. ഭരണനിർവ്വഹണ ചെലവ് കൂടി വരുന്നതായ സ്ഥിതി വിശേഷത്തിൽ വിപുലമാംവിധം വിഭവസമാഹരണത്തിന് ശ്രമിക്കുന്നതോടൊപ്പം പുത്തൻ വരുമാന സ്രോതസ്സുകൾ കണ്ടെത്തേണ്ടതായും ആഭ്യന്തര നിയന്ത്രണം കൂടുതൽ കാര്യക്ഷമമായി ഉന്നത നിലവാരത്തിലുള്ള സേവനം പ്രദാനം സേവനാവകാശികൾക്ക് ഉറപ്പ് വരുത്തും വിധം സദ്ഭരണം പ്രായോഗികമാക്കേണ്ടതാണ്. മൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇൻറഗ്രേറ്റഡ് ലോക്കല് ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം ഫ്രണ്ട് ഓഫീസ് മുഖേന സേവന പ്രദാന പ്രവർത്തനങ്ങൾ സുഗമമാക്കി എന്നത് 13- പഞ്ചവത്സര പദ്ധതി കാലത്തെ സുപ്രധാന നേട്ടമായിരുന്നു. പഞ്ചായത്തിൻറെ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം കൊണ്ട് സമ്പുഷ്ടമായ സാഹചര്യം നിലനിന്നു.

പൊതുഭരണ സംവിധാനത്തിൻറെ കീഴിൽ ജനങ്ങളോടുള്ള ഉത്തരവാദിത്വവും പ്രതിബദ്ധതയിൽ അധിഷ്ഠിതമായ ചുമതലകളും നിർവ്വഹിക്കുന്നതുപോലെ തന്നെ അത്യന്തം പ്രാധാന്യം അർഹിക്കുന്ന ഗൌരവത്തോടെ സമീപിക്കേണ്ടതായ സംഗതിയാണ്. ആയതു സംബന്ധമായ കണക്കുകൾ എഴുതി സൂക്ഷിക്കുകയെന്നത് പഞ്ചായത്തിൽ വിന്യസിച്ചിട്ടുള്ള ആപ്ലിക്കേഷൻ സോഫ്റ്റവെയറുകളയ ഇൻറഗ്രേറ്റഡ് ലോക്കല് ഗവേണൻസ് മാനേജ്മെൻറ് സിസ്റ്റം, , സ്ഥാപന - ജീവനക്കാര്യം, സങ്കേതം - ബിൽഡിംഗ് പെർമിറ്റ്, സചിത്ര, സകർമ്മ - പഞ്ചായത്ത് - മിനിട്സ് തുടങ്ങിയവയിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചുകൊണ്ടും കൃത്യസമയത്ത് തന്നെ വാർഷിക ധനകാര്യപത്രക നൽകുവാൻ കഴിയുന്നു.

ദേശമംഗലം ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ 8 സ്ഥാപനങ്ങള് ഉണ്ട്.

- ജി.എൽ.പി. സ്കൂൾ കൊണ്ടയൂര്
- കൃഷി ഭവൻ
- മൃഗാശുപത്രി
- ആയുർവ്വേദ ആശുപത്രി
- പ്രൈമറി ഹെൽത്ത് സെൻറർ
- വി.ഇ.ഒ ഓഫീസ്
- എ.ഇ ഓഫീസ്
- ഐ.സി.ഡി.എസ്

ഈ സ്ഥാപനങ്ങളിൽ നിന്നെല്ലാം മെച്ചപ്പെട്ട സേവനം ലഭ്യമാക്കാൻ പഞ്ചായത്തും ഭരണസമിതിയും പ്രതിജ്ഞാബന്ധരാണ് കഴിഞ്ഞ കാല പദ്ധതി . പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിലെ ഭൗതീക സാഹചര്യങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട് . കെ.ഐഎമ്മിൻറെ സഹായത്തോടെ കംപ്യൂട്ടർവത്കരണം ഒരു പരിധി വരെ നടപ്പിലാക്കിയിട്ടുണ്ട്.

താഴെ പറയുന്ന സേവനങ്ങൾ ഇപ്പോള് കംപ്യൂട്ടർ ശൃംഖല വഴി നൽകി വരുന്നു.

- ജനനമരണ വിവാഹ രജിസ്ട്രേഷനും സർട്ടിഫിക്കറ്റ് നൽകലും.
- ജീവനക്കാർക്കു ശമ്പള വിതരണം
- പഞ്ചായത്തിലെ അക്കൌണ്ടിംഗ്
- ഫ്രണ്ട് ഓഫീസിലെ ഫയൽ നീക്കം
- വസ്തു നികുതിഫീസ് നിർണ്ണയവും അനുബന്ധ പ്രവർത്തനങ്ങളും ,
- ബിഡിംഗ് പെർമിറ്റ്
- പഞ്ചായത്തിലെ ഭരണസമിതി യോഗങ്ങള്

കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് പണിപൂർത്തീകരിച്ച പകല് വീടും , വയോജന പാർക്കും ആരംഭിച്ചിട്ടുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

പഞ്ചായത്ത് ഓഫീസിൽ ഒരു പരിധി വരെ കമ്പ്യൂട്ടർ വത്കരണം സാധ്യമായെങ്കിലും ജനങ്ങൾ അതിൻറെ ഗുണങ്ങൾ സ്വന്തമാക്കുന്നില്ല. ഉദാഹരണം, വസ്തു നികുതി ഓൺലൈനിൽ അടയ്ക്കാനുള്ള സൌകര്യം ഉണ്ടായിട്ടും 50% ആളുകളും ഉപയോഗിക്കുന്നില്ല. അത്പോലെ തന്നെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും ഓൺലൈനായി എടുക്കാവുന്നതാണ്. ആയത് കുറെ ആളുകൾ ഇപ്പോഴും ഈ സൌകര്യം ഉപയോഗപ്പെടുത്തുന്നില്ല..

2. കൃഷിയും അനുബന്ധമേഖലകളും

പതിനാലാം പഞ്ചവത്സര പദ്ധതി 2022-27
വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള് - ഫോറം 2

വർക്കിംഗ് ഗ്രൂപ്പ് : കൃഷിയും അനുബന്ധമേഖലകളും (മണ്ണ്, ജലസംരക്ഷണം, ജലസേചനം, പരിസ്ഥിതി, വനവല്ക്കരണം ഉൾപ്പടെ)
ഭരണ സമിതി തീരുമാനം നമ്പർ , തിയ്യതി - 1/1 , 31-12-2021

ക്ര.ന	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെസ്ഥാനം	സ്ത്രീ/ പുരുഷൻ	എസ്.സി/ എസ്.ടി/ മറ്റുള്ളവ	വിദ്യഭ്യാസ യോഗ്യത	വൈദഗ്ധ്യം /പരിചയം മേഖല	തൊഴിൽ
1	രാജൻ സി.പി , വാർഡ് മെമ്പര് 14		ചെയർമാന്	പുരുഷൻ	മറ്റുള്ളവ	8		
2	ശശി , നമ്പ്രത്ത് വീട് , വാർഡ്- 3	9847458160	വൈസ് ചെയർമാന്	പുരുഷൻ		10		
3	കൃഷി ഓഫീസർ, കൃഷി ഭവൻ. ദേശമംഗലം ഗ്രാമപഞ്ചായത്ത്		കൺവീനര്	സ്ത്രീ				
4	വി ബാലകൃഷ്ണൻ , വട്ടപറമ്പിൽ, വാർഡ് -2	9645095111	അംഗം	പുരുഷൻ	എസ്.സി	10		
5	കുമര വേലൻ , മുതുകാട്ടിൽ മേലേതില്, വാർഡ്- 1	9846747047	അംഗം	പുരുഷൻ		10		
6	അബ്ദുൾ റഹിമാന് വടക്കേതില്, വാർഡ്- 6	9747135063	അംഗം	പുരുഷൻ		10		
7	ഉമ്മർ കോയ , കാഞ്ഞികുണ്ടിൽ വാർഡ്- 7	7025188989	അംഗം	പുരുഷൻ		2		
8	രാജൻ കുന്നത്ത് , വാർഡ്- 8	9744955865	അംഗം	പുരുഷൻ		10		
9	യൂസഫ് മൊയ്യ , ചുട്ടപറമ്പിൽ വീട് , പള്ളം, വാർഡ്- 9	7306182322	അംഗം	പുരുഷൻ		10		
10	രാജഗോപാലൻ, കിഴക്കേവീട്ടില് , കളവറക്കോട്, ദേശമംഗലം പി.ഒ, വാർഡ്- 12	9544694642	അംഗം	പുരുഷൻ		10		

11	അയ്യപ്പൻ ഓണപറമ്പില്	6238218037	അംഗം	പുരുഷൻ	എസ്.സി	ബിരുദം		
12	ഗീത , ചേനത്ത് കാട്ടിൽ ,വാർഡ് 12	9847051808	അംഗം	സ്ത്രീ		10		
13	കെ.കെ അലി , കുമ്പിനിവളപ്പിൽ , വാർഡ് 13	9048937970	അംഗം	പുരുഷൻ		10		
14	ടി.എം.എ കാസിം, തെക്കേവയ്യാട്ടുകാവിൽ, വാർഡ് 13	8547544075	അംഗം	പുരുഷൻ		7		
15	രാധാകൃഷ്ണൻ , കളളിക്കുന്നത്ത് , വാർഡ് 13	7012204130	അംഗം	പുരുഷൻ		10		
16	ഇന്ദിര പി , അംഗണവാടി ടീച്ചർ	9744877029	അംഗം	സ്ത്രീ		10		
17	മിജിൽ ദാസ് , പുത്തൂർവളപ്പില്	9745675182	അംഗം	പുരുഷൻ		10		
18	സാദിഖ്.എ.എ,കൃഷി അസിസ്റ്റന്റ്		അംഗം	പുരുഷൻ		10		
19	ലേഖ,കൃഷി അസിസ്റ്റന്റ്		അംഗം	സ്ത്രീ		10		

കൃഷി

നൂറ്റാണ്ടുകളായി ദേശമംഗലം പഞ്ചായത്തിൽ നിലനിന്നിരുന്നത് ജന്മി കുടിയാന് സമ്പ്രദായമായിരുന്നു. ദേശമംഗലം മന, കപ്ലിക്കാട്ട മന, മുണ്ടയൂർ മന, പുലാശ്ശേരി മന, കോഴിശ്ശേരി മന തുടങ്ങിയ ഏതാനും മനകളും പാലിയം വക, തിച്ചൂർ ദേവസ്വം, കൊണ്ടയൂർ ദേവസ്വം തുടങ്ങിയ 16-ഓളം ദേവസ്വങ്ങളും 12-ഓളം സ്വകാര്യ വ്യക്തികളും ആയിരുന്നു ഈ പ്രദേശത്തിൻറെ മുഴുവന് ഭൂവുടമകള്. ഭൂവുടമകളായിരുന്ന ജന്മികളില് നിന്നും കൃഷിഭൂമി പാട്ടത്തിനെടുത്ത് കുടിയാൻമാര് കൃഷി ചെയ്ത് വന്നിരുന്നു.

ഭൂപ്രകൃതി

മലകളും മലമടക്കുകളും ചെങ്കുത്തായ ഇറക്കങ്ങളും സമതലങ്ങളും മലമുകളിൽ നിന്ന് ഒഴുകുന്ന നീർചാലുകളും താഴ്വരകളുംചേർന്ന പ്രകൃതി രമണീയമായ ഒരു ഭൂഭാഗമാണ് ദേശമംഗലം പഞ്ചായത്ത്. നീർചാലുകള് തോടുകളായി പരിണമിച്ച് നിളാനദിയില് എത്തിചേരുന്നു. കുന്നിൻപുറങ്ങള് ചെമ്മണ്ണും വെട്ടുകല്ലും കരിമ്പാറകളും നിറഞ്ഞതാണ്. താഴ്വരകളിൽ ഫലഭൂവിഷ്ടമായ ചെമ്മണ്ണാണ്. സമതലങ്ങളിൽ മണല് നിറഞ്ഞ പശിമരാശി മണ്ണും, കളിമണ്ണും കാണപ്പെടുന്നു.

പ്രാചീന കൃഷി രീതികൾ

നെല്ലായിരുന്നു അന്നത്തെ പ്രധാന ധാന്യവിള. കുട്ടമോടൻ, തവളക്കണ്ണൻ, ആര്യൻ, ചീര, നവര, വെള്ളക്കഴമ, വട്ടൻ ചിറ്റാനി, വെട്ടേരി എന്നിവയായിരുന്നു പ്രധാന വിത്തിനങ്ങൾ. ജലസേചനത്തിന് മുഖ്യമായും ആശ്രയിച്ചിരുന്നത് മഴയെ തന്നെ. ജലാശയങ്ങളിൽ നിന്നും കാളത്തേക്ക്, കയറ്റകൊട്ട, വേത്തി, കൊട്ടതുലാൻ എന്നിവയാണ് കൃഷികള് ജലസേചനത്തിനുള്ള ഉപാധികളായി സ്വീകരിച്ചിരുന്നത്. ഉഴവു യന്ത്രം കലപ്പയായിരുന്നു. കന്നുകാലികളെയാണ് ഉഴവു പണിക്കായി ഉപയോഗിച്ചിരുന്നത്. വെള്ളം വേണ്ടത്ര ലഭിക്കാത്ത പ്രദേശങ്ങളിൽ മോടന് കൃഷി നടത്തിയിരുന്നു. ജൈവവളങ്ങൾ ആയ പച്ചിലകള്, ചാണകം, വെണ്ണീറ്, ആട്ടിൻ കാഷ്ടം മുതലായവ അക്കാലത്ത് സമൃദ്ധമായി ലഭിച്ചിരുന്നു. അവയാണ് വളമായി ഉപയോഗിച്ചിരുന്നത്. കൂടപ്പഴ നിയന്ത്രണത്തിന് ഉപയോഗിച്ചിരുന്ന മാർഗ്ഗം ഒടുക്കിൻറെ ഇല ചതച്ച് കൃഷിയിടങ്ങളില് ചവിട്ടിതാഴ്ത്തലായിരുന്നു. ഓല ചുരുട്ടി പുഴുവിനെ നശിപ്പിക്കാൻ വെളുപ്പാൻകാലത്ത് മുറംകൊണ്ട് വീശുകയും ചെയ്തുവന്നിരുന്നു. അന്നും ചാഴിയെ നശിപ്പിക്കാനായി മരുന്ന് തളി ഉണ്ടായിരുന്നു. പുകയില, ചീനമുളക്, വെളുത്തുള്ളി എന്നിവ ചതച്ച് വെള്ളത്തിൽ കലക്കിയ നീരാണ് മരുന്ന് തളിക്കാന് ഉപയോഗിച്ചിരുന്നത്. കിളികൾ വിള നശിപ്പിക്കുന്നത് തടയാൻ തകരപ്പാട്ടകളില് കൊട്ടി ശബ്ദമുണ്ടാക്കിയിരുന്നു. ഇവയെല്ലാം ഇന്ന് ഓർമ്മകളില് മാത്രം. ചാമ, മുതിര, ഉഴുന്ന്, എള്ള്, രായി എന്നിവയും ധാരാളമായി കൃഷി ചെയ്തിരുന്നു. മരച്ചീനി, മധുരക്കിഴങ്ങ്, കൂർക്ക, ചേമ്പ്, ചേന എന്നീ കിഴങ്ങുവർഗ്ഗങ്ങളും വെണ്ട, വഴുതിന, വെള്ളരി, മത്തൻ, കുമ്പളം, പടവലം തുടങ്ങിയ പച്ചക്കറികളും മുരിങ്ങ, ചീര, പപ്പായ എന്നിവയും പരമ്പരാഗതമായി ഈ പ്രദേശത്ത് കൃഷി ചെയ്തു വന്നിരുന്നു. ഇതിൽ മരച്ചീനി, മധുരക്കിഴങ്ങ്, കൂർക്ക എന്നിവ വാണിജ്യാടിസ്ഥാനത്തില് കൃഷി ചെയ്ത് പോന്നിരുന്നു. പലയിനങ്ങളിൽപ്പെട്ട വാഴകള് കുടിയിരുപ്പുകളില് സർവ്വസാധാരണമായിരുന്നു. നേന്ത്രവാഴ കൃഷിക്കുണ്ടായിരുന്ന പ്രാധാന്യം എടുത്തു പറയേണ്ടതാണ്. എന്നാൽ മുൻപ് പറഞ്ഞവയില് പലതും ഇന്നു നാമമാത്രമായി ചുരുങ്ങിയിരിക്കുന്നു. മുൻകാലങ്ങളില് മാവ്, പ്ലാവ്, പുളി തുടങ്ങിയ വൃക്ഷങ്ങൾ പഞ്ചായത്തിലുടനീളം ഉണ്ടായിരുന്നു. ഇപ്പോൾ സങ്കരയിനത്തിൽപ്പെട്ട ഫലവൃക്ഷങ്ങളാണ് കാണാൻ കഴിയുക. വൻമരങ്ങള് എല്ലാം കെട്ടിട നിർമ്മാണത്തിനും

ഗൃഹോപകരണനിർമ്മാണത്തിനുമായി മുറിച്ചുമാറ്റപ്പെട്ടു. മുഖ്യതോട്ടവിളകളായ തെങ്ങ്, കവുങ്ങ്, വാഴ എന്നിവ ഇടകലർത്തി കൃഷി ചെയ്യപ്പെടുന്നു.

ഭൂവിനിയോഗം

ആകെ വിസ്തീർണ്ണത്തിൻറെ നാലിലൊന്നുഭാഗം മാത്രമേ നെൽകൃഷിക്കായി ഉപയോഗിക്കുന്നുള്ളൂ. ഉദ്ദേശം പകുതിയോളം സ്ഥലം പുരയിടങ്ങളാണ്. ശേഷിച്ചവ കഷിയോഗ്യവും അല്ലാത്തവയും ആയ തരിശുഭൂമികളാണ്.

ദേശമംഗലം ഗ്രാമപഞ്ചായത്ത്

	ഇനം	വിസ്തീർണ്ണം
1.	കൃഷി നിലം	508 ഹെക്ടർ
2.	പുരയിടം	1295 ഹെക്ടർ
3.	പുറമ്പോക്ക്	113 ഹെക്ടർ
4.	കൃഷിയോഗ്യ തരിശ്	182 ഹെക്ടർ
5.	കൃഷിയോഗ്യമല്ലാത്ത തരിശ്	126 ഹെക്ടർ

ഇന്നത്തെ അവസ്ഥ

കാർഷിക മേഖല ഇന്ന് നാനാവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. തൊഴിലാളി ക്ഷാമം, ഉൽപ്പന്നങ്ങൾക്ക് വിലയില്ലായ്മ, കാലാവസ്ഥാ വ്യതിയാനം, കൃഷിഭൂമിയുടെ പരിവർത്തനം, വളം വിലവർദ്ധനവ് മുതലായവ അസംഖ്യം പ്രശ്നങ്ങളിൽ ചിലത് മാത്രമാണ്. ദേശമംഗലം ഗ്രാമപഞ്ചായത്തിൽ 508 ഹെക്ടറോളം സ്ഥലത്ത് ഇപ്പോൾ കൃഷി ചെയ്യുന്നുണ്ട്. പല നെൽപ്പാടങ്ങളും ഇരിപ്പൂ ഒരുപ്പൂ എന്ന നിലയിൽ നിന്നു മാറി പലതും തരിശ് നിലങ്ങളായി മാറികൊണ്ടിരിക്കുകയാണ്.

ഗണ്യമായ ഭൂമി കൃഷിയിറക്കുന്നത് പാട്ടക്കരാറുകാരാണ്. അവരെ സംബന്ധിച്ചിടത്തോളം നെല്ലിന് ആകർഷകമായ വിലയില്ലാത്തതും വളങ്ങളുടെ വിലയും കൃഷി ഭൂമിയിൽ നിന്ന് അകറ്റുന്നു. ഉത്പാദന മുരടിപ്പും വിലയിടിവും തന്നെയാണ് തെങ്ങ് കൃഷിയിലേയും പ്രധാന പ്രശ്നങ്ങൾ.സംസ്ഥാന സർക്കാരിന്റെ കേര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കേര കർഷക്കരെ പ്രോത്സാഹിപ്പിക്കാൻ തട തുറക്കൽ/ജൈവവളം / രാസവളം / തെങ്ങ് കയറ്റ യന്ത്രം/പമ്പു സെറ്റുകൾ എന്നിവയും ഇടവിളകൃഷിക്കാവശ്യമായ ഇഞ്ചി / ചേന / ചേമ്പ് / മഞ്ഞൾ എന്നിവയും കർഷക്കർക്ക് സൗജന്യമായി നൽകിയിട്ടുണ്ട്

കാർഷിക പരിഷ്കരണം നടപ്പിലാക്കിയതോടെ ഈ മേഖലയിൽ ചെറുകിട കൃഷിക്കാരാണ് കൂടുതലുള്ളത്. ചെറുകിട കർഷകർ സ്വന്തമായി കൃഷിപ്പണി ചെയ്യുവാൻ സന്നദ്ധരല്ല. ഭൂരിപക്ഷമാളുകളും മറ്റുതൊഴിലിൽ ഏർപ്പെട്ടതുകൊണ്ട് കൃഷിത്തൊഴിലാളികളെ കൂലിക്ക് വെച്ച് പണിയെടുപ്പിക്കുന്നു. ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെ കർഷകത്തൊഴിലാളികളുടെ പിൻമുറക്കാർ മറ്റുതൊഴിൽ മേഖലയിലേക്ക് മാറിത്തുടങ്ങി. നെൽകൃഷിയിൽ നിന്ന് ദീർഘകാല വിളയായ തെങ്ങുകൃഷിയിലേക്കും, പച്ചക്കറി കൃഷിയിലേക്കും മാറി തുടങ്ങി. നെൽകൃഷി ആധുനികവത്കരിക്കപ്പെട്ടതോടെ പുത്തൻ വിത്തിനങ്ങൾ, രാസവളങ്ങൾ, കീടനാസിനികൾ, കളനാശിനികൾ, ആധുനിക കൃഷി ഉപകരണങ്ങൾ എന്നിവ വ്യാപകമായി. കൃഷിക്കാവശ്യമായ മുടക്കുമുതൽ ചെറുകിട കൃഷിക്കാർക്ക് താങ്ങാനാവാത്ത

ഭാരമായി. ചെറുകിട കർഷകരെ നിലനിർത്തുന്നതിനുതകുന്ന വായ്പാ സൌകര്യങ്ങൾ ലഭ്യമാക്കാനുളള സംവിധാനങ്ങൾ സമാന്തരമായി ഉണ്ടായില്ല.

അശാസ്ത്രീയവും അമിതവുമായ രാസവള കീടനാശിനി പ്രയോഗങ്ങൾ കൃഷിഭൂമിയുടെ സ്വാഭാവിക ഘടനയും ഫലഭൂയിഷ്ഠിയും നഷ്ടപ്പെടുത്തിയതുമൂലം മണ്ണിൻറെ ഉൽപാദന ക്ഷമത കുറഞ്ഞുവന്നത് നെൽകൃഷിയെ അനാകർഷകമാക്കി, നെൽകൃഷി അനാകർഷകമായതോടെ നെൽവയലുകൾ നികത്തി തെങ്ങ് കൃഷിയും, പച്ചക്കറി കൃഷിയും ചെയ്യുന്നത് വ്യാപകമായി.കുടുംബസംവിധാനത്തിൽ നിന്ന് ന്യൂക്ലിയർ കുടുംബത്തിലേക്കുളള മാറ്റം മൂലം പഞ്ചായത്തിലെ കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചു. വർദ്ധനവിനെ ഉൾക്കൊളളാൻ കരവിസ്തൃതിക്ക് കഴിയാതെ വന്നതിനാലും കരപ്രദേശങ്ങളേക്കാൾ വിരിപ്പു നിലത്തിന് വിലകുറവായതിനാലും വിരിപ്പു നിലങ്ങൾ നികത്തി വീടു വെയ്ക്കൽ വർദ്ധിച്ചു. പാർപ്പിടങ്ങൾ വർദ്ധിച്ചതോടെ റോഡുകളും പുതിയതായി വന്നു. ഇതുമൂലം സ്വാഭാവിക നീർച്ചാലുകളും ജലനിർഗ്ഗമ മാർഗ്ഗങ്ങളും അടയ്ക്കപ്പെട്ടു. ആയതുമൂലം അനേകം വിരിപ്പു നിലങ്ങൾ കൃഷിയോഗ്യമല്ലാതായി

പ്രശ്നങ്ങൾ

- ❖ ജലസേചന നിർഗമന സംവിധാനങ്ങൾ ഉണ്ടെങ്കിലും പൂർണ്ണമായും ഉപയോഗപ്രദമല്ല.
- ❖ പരമ്പരാഗത ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടുന്നില്ല.
- ❖ ശാസ്ത്രീയമായ മണ്ണ് പരിശോധന നടക്കുന്നുണ്ടെങ്കിലും മണ്ണിനിണങ്ങിയ വളപ്രയോഗങ്ങൾ നടക്കുന്നില്ല.

സാധ്യതകൾ പരിഹാരങ്ങൾ

- ❖ കർഷകരെ കൃഷിയെപ്പറ്റി അവബോധമുണ്ടാക്കൽ
- ❖ വളം, കീടനാശിനി പ്രയോഗം, കാലിവളർത്തൽപരിപോഷിപ്പിച്ചും, ജൈവവളലഭ്യത വർദ്ധിപ്പിക്കണം.
- ❖ നെൽപ്പാടങ്ങൾ മണ്ണിട്ടു നികത്തുന്നതിനെതിരെ അടിയന്തിരമായ നടപടികൾ സ്വീകരിക്കുക

നിലവിലെ കൃഷി വിവരങ്ങള്

1.	നെൽകൃഷി	–	350 ഹെക്ടര്
2.	തെങ്ങ്	–	200 ഹെക്ടര്
3.	കവുങ്ങ്	–	50 ഹെക്ടര്
4.	വാഴ	–	10 ഹെക്ടര്
5.	പച്ചക്കറി	–	15 ഹെക്ടര്
6.	കിഴങ്ങുവർഗ്ഗങ്ങള്	–	10 ഹെക്ടര്
7.	ജാതി	–	10 ഹെക്ടര്
8.	കുരുമുളക്	–	5 ഹെക്ടര്
9.	ഇഞ്ചി/മഞ്ഞൾ	–	2 ഹെക്ടര്

10. എണ്ണ കുരുക്കൾ – 2 ഹെക്ടർ (എള്ള് കൃഷി)
11. പയറുവർഗ്ഗങ്ങള് – 2 ഹെക്ടർ
12. ക്ഷീർക്ക – 2 ഹെക്ടർ

ദേശമംഗലം പഞ്ചായത്ത് മുൻകാലങ്ങളിൽ നടത്തിയിരുന്ന തരിശ്ശ നെൽ/പച്ചക്കറി എന്നീ കൃഷിയുടെ വിവരങ്ങൾ

1. 2012–2013

   പദ്ധതി – ആർ.കെ.വി.വൈ

   നെല്ല് – 6.5 ഹെക്ടർ

   കിഴങ്ങുവർഗ്ഗം – 4 ഹെക്ടർ

2. 2013–2014

   തരിശ്ശുനെൽകൃഷി – 1 ഹെക്ടർ

   തരിശ്ശുകിഴങ്ങുവർഗ്ഗ കൃഷി – 4 ഹെക്ടർ

3. 2014–2015

   തരിശ്ശുനെൽകൃഷി – 1 ഹെക്ടർ

4. 2015–2016

   തരിശ്ശുനെൽകൃഷി – 1.2 ഹെക്ടർ

5. 2016–2017

   തരിശ്ശുനെൽകൃഷി – 1 ഹെക്ടർ

6. 2017–2018

   തരിശ്ശുനെൽകൃഷി – 5 ഹെക്ടർ

7. 2018–2019

   തരിശ്ശുനെൽകൃഷി – 2 ഹെക്ടർ

8. 2019–2020

   തരിശ്ശുനെൽകൃഷി – 6 ഹെക്ടർ

   പച്ചക്കറി കൃഷി – 1.756 ഹെക്ടർ

9. 2021–2022

   തരിശ്ശുനെൽകൃഷി – 12 ഹെക്ടർ

തരിശുപച്ചക്കറികൃഷി - 0.2 ഹെക്ടര്

തരിശുകിഴങ്ങുവിളകൃഷി - 1 ഹെക്ടര്

കാർഷിക വിളകള്

കുന്നിൻപുറങ്ങള് റബ്ബര് തോട്ടങ്ങളും തെങ്ങിൻതോപ്പുകളുമായി മാറികൊണ്ടിരിക്കുന്നു. ജനസംഖ്യയുടെ വളർച്ചയും കൂട്ടുകുടുംബവ്യവസ്ഥ ഇല്ലാതായതിൻറെയും ഭാഗമായി പഞ്ചായത്തിൽ വീടുകളുടെ എണ്ണം കൂടിയത് കാർഷികവിളകള് ഇല്ലാതെയാവുന്നതിന് കാരണമായിട്ടുണ്ട്.

ആധുനിക കൃഷി രീതികളും പ്രശ്നങ്ങളും

നാലു പതിറ്റാണ്ടുകൾക്കുമുമ്പ് ദേശമംഗലം പഞ്ചായത്തിൻല് കൃഷി വികസനത്തിനായി ഏലാ വികസന ഓഫീസ് കൊണ്ടയൂരിൽ പ്രവർത്തനമാരംഭിച്ചു. തുടക്കത്തിൽ നവീന കൃഷി രീതികൾ നാട്ടിൽ പ്രചാരത്തിലു വന്നു. തൈനാൻ, അന്നപൂർണ്ണ, ഐ.ആർ. എട്ട് തുടങ്ങിയ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ സാർവത്രികമായി കൃഷി ചെയ്യുവാന് തുടങ്ങി. അതോടൊപ്പം തന്നെ നിലങ്ങൾ ഉഴുന്നതിന് വേണ്ടി ട്രാക്ടര്, ട്രില്ലര് തുടങ്ങിയ യന്ത്രങ്ങള് പ്രചാരത്തിൽ വന്നു. രാസവളം കീടനാശിനി എന്നിവ ഉപയോഗിച്ചതും ഈ കാലഘട്ടത്തിലാണ്. പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന ഏലാ ഓഫീസ് പിന്നീട് 31/08/1987 ല് കൃഷിഭവന് ആയി മാറി. അതിനുശേഷം വിത്ത് വളം എന്നിവ സബ്സിഡി നിരക്കിൽ വിതരണെ ചെയ്യുകയും പുതിയ രീതിയിലുള്ള കൃഷി പരീക്ഷണങ്ങളും ദേശമംഗലത്ത് നടന്നു. രാസവളം കീടനാശിനി എന്നിവയുടെ വിപണനം സഹകരണബാങ്ക് വഴി നടത്തുകയും ചെയ്തുപോന്നു. ഈ രീതി ഇന്നും തുടർന്നു പോരുന്നു. വിത്ത് ഉല്പാദക സംഘങ്ങളുമായി ചേർന്ന് ഒരു പാടശേഖരത്ത് ഒരു സമയത്ത് ഒരു വിത്ത് ഉപയോഗിക്കുകയും ചെയ്യാന് കർഷകര് ശീലിച്ചു. ഇതിൻറെ ഭാഗമായി നെല്ലിനെ ബാധിക്കുന്ന ചാഴി പോലുള്ളവ ബാധിക്കാതെ വിളവ് വർദ്ധിപ്പിക്കാന് സാധിക്കുകയും ഒരേ സമയത്ത് വിപണനം നടത്താൻ കഴിയുകയും ചെയ്യുന്നു. ഉത്പാദന ബോണസ് യഥാസമയങ്ങലിൽ വിതരണം ചെയ്യാനും സാധിക്കുന്നു.

1994-95 കാലഘട്ടത്തിലു ആരംഭിച്ച നാളികേരം വികസന പദ്ധതി പ്രകാരം കർഷകർക്ക് കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും, സാമൂഹ്യ ജലസേചനത്തിനും ഗ്രൂപ്പ് ജലസേചനത്തിനും സബസിഡി അനുവദിക്കുന്നു.റോക്കർ സ്പ്രെയര്, തെങ്ങുകയറ്റ യന്ത്രം, കൊപ്ര ഉണക്കുന്ന യന്ത്രം മുതലായവയും കൃഷിക്കാർക്ക് സബ്സിഡി നിരക്കിലു ലഭ്യമാക്കാന് കഴിഞ്ഞു.

അത്യൽപാദന ശേഷിയുള്ള തെങ്ങിന് തൈകള് മേൽത്തരം കുരുമുളക് വള്ളികള്, ഗ്രാമ്പൂ, കുറുവാപ്പട്ട, ജാതി, ചെറി. ചെറുനാരകം, കവുങ്ങ്തൈകൾ,പച്ചക്കറി വിത്തുകൾ , ഇഞ്ചി, മഞ്ഞൾ എന്നിവയും കവുങ്ങിൻറെ മഹാളി പ്രതിരോധ മരുന്നുകളും വിതരണം ചെയ്തിരുന്നു.

വിള ഇൻഷുറൻസ് പദ്ധതി പ്രകാരം പ്രകൃതിക്ഷോഭം മൂലം വിളനാശം സംഭവിക്കുന്ന വാഴ, തെങ്ങ്, റബ്ബർ, കുരുമുളക് തുടങ്ങിയ വിളകൾക്ക് ഇൻഷുറൻസ് നൽകി വന്നിരുന്നു. കൃഷിയിടങ്ങലിലെ മണ്ണ് എടുത്ത് പരിശോധന കേന്ദ്രങ്ങളിലു അയച്ച് കിട്ടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കൃഷിക്കാർക്ക് ശാസ്ത്രീയമായ വളപ്രയോഗ നിർദ്ദേശങ്ങള് നൽകുന്നു.

പാടശേഖര സമിതികൾ

ശാസ്ത്രീയമായ രീതിയിൽ കൃഷി നടത്തുന്നതിന് പാടശേഖര സമിതികളുടെ പ്രവർത്തനങ്ങള് വളരെ പ്രാധാന്യം അർഹിക്കുന്നു. രൂപീകരണ സമയത്ത് 16 പാടശേഖര സമിതികളാണ് ദേശമംഗലം കൃഷിഭവനു കീഴിൽ ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് 13 പടശേഖര സമിതികളാണ് നിലവിൽ പ്രവർത്തിക്കുന്നത്.

പാടശേഖര സമിതികളുടെ പൊതുവിവരങ്ങൾ

നമ്പർ	പാടശേഖരസമിതിയുടെ പേര്	വിസ്തീർണ്ണം	കർഷകരുടെ എണ്ണം
1	ആറങ്ങോട്ടുകര	21 ഹെക്ടര്	15
2.	കിഴക്കുമുറി	16 ഹെക്ടര്	12
3.	കടുകശ്ശേര്	65 ഹെക്ടര്	32
4.	തലശ്ശേരി	63 ഹെക്ടര്	46
5.	കളവർകോട്	55 ഹെക്ടര്	33
6.	മനകുറ്റി ഏല	38 ഹെക്ടര്	28
7.	മുല്ലക്കൽ	50 ഹെക്ടര്	36
8.	വറവട്ടൂർ	42 ഹെക്ടര്	36
9.	ചെറുകാട്	55 ഹെക്ടര്	34
10.	ബ്രാഞ്ച് കനാൽ	65 ഹെക്ടര്	35
11.	10/90 ഏല	67 ഹെക്ടര്	29
12.	പല്ലൂർ നോർത്ത്	80 ഹെക്ടര്	28
13.	പല്ലൂർ സൗത്ത്	30 ഹെക്ടര്	16
	ആകെ	644 ഹെക്ടര്	380

ഒരു ലക്ഷം യുവ ർഷകർക്കുള്ള തൊഴിൽദാനപദ്ധതി 1995ൽ കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നീ മേഖലകളിലെ, യുവകർഷകർക്ക് തൊഴില് ലഭിക്കാന് എന്ന ലക്ഷ്യത്തോടെ ആരംഭിച്ചു. ദേശമംഗലം ഗ്രാമപഞ്ചായത്തിൽ 84 യുവകർഷകരാണ് റജിസ്ട്രേഷന് ചെയ്തത്. ഇതിൽ 16 പേര് പിരിഞ്ഞ് പോയി. പെൻഷനും ബോണസും ലഭിച്ചത് 3 കർഷകർക്കാണ്.

ജനകീയാസൂത്രണ പദ്ധതികൾ : ഇതുപ്രകാരം പാടശേഖരങ്ങളിലെ തോടുകൾ സൈഡു കെട്ടി സംരക്ഷിക്കുകയും ചെറുതോടുകൾ നവീകരിക്കുകയും പാടഷേഖരങ്ങളിലേക്ക് ഇറങ്ങുന്നതിനും, യന്ത്രങ്ങൾ ഇറക്കുന്നതിനും റാമ്പുകള് നിർമ്മിക്കുകയും ചെയ്തു. ഭാരതപ്പുഴയിലെ ജലസേചന കടവുകൾ നവീകരിക്കുകയും ചെയ്തു. പഞ്ചായത്തിൽ ട്രാക്ടർ, ട്രില്ലർ, മെതിയന്ത്രം, കൊയ്ത്തുയന്ത്രം, നടീൽ യന്ത്രം എന്നിവയും ഈ കാലഘട്ടത്തില് വാങ്ങിക്കുകയുണ്ടായി.

സമഗ്ര നെൽകൃഷി വികസന പദ്ധതി : പ്രകാരം കർഷകർക്ക് നെല്ല് വിത്ത് സൗജന്യമായി വിതരണം ചെയ്യുന്നു. വളം സബ്സിഡി നിരക്കിലും കൂലി ചിലവ് എന്നിവയും നൽകുന്നു. നെല്ല് സംഭരിക്കുകയും ചെയ്യുന്നു.

ആർ.കെ.വി.വൈ പദ്ധതി, സംസ്ഥാനഫോർട്ടികൾച്ചർ മിഷന്, പച്ചക്കറി വികസന പദ്ധതി, ആത്മ പദ്ധതി, സുഗന്ധവിള വികസന പദ്ധതി, തരിശ് കൃഷി പ്രോത്സാഹനം, എസ്.എം.എ.എം – സബ്മിഷൻഓണ് അഗ്രിക്കൾച്ചറല് മെഷനൈസേഷന് (യന്ത്രവൽക്കരണ പദ്ധതി), വിള ആരോഗ്യപരിപാലനം, 1കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതി, സഞ്ചരിക്കുന്ന മണ്ണ് പരിശോധന, മണ്ണ് ആരോഗ്യ കാർഡ് വിതരണം, സംസ്ഥാന വിള ഇൻഷുറൻസ്, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ്, പ്രധാനമന്ത്രി ..... യോജന വിള ഇൻഷുറൻസ് എന്നീ പദ്ധതികളും തുടർന്നുപോരുന്നുണ്ട്.

കർഷകര് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങള്

ജലക്ഷാമം, തൊഴിലാളികളെ കിട്ടാനില്ലായ്മയും അന്യസംസ്ഥാനതൊഴിലാളികൾക്ക് കൂലിവർദ്ധന, ജൈവവളങ്ങളുടെ ലഭ്യതക്കുറവും രാസവളങ്ങളുടെ വിലയിലുണ്ടായ കുതിച്ചുകയറ്റം, കാലാവസ്ഥാ വ്യതിയാനം , വെള്ളപ്പൊക്കം, കാലം തെറ്റിയ കാലവർഷം, ഉത്പന്നങ്ങൾക്ക് വിപണന സൗകര്യം ഇല്ലായ്മ, ഉള്ള വിളകൾക്ക് വിലകുറവ് എന്നിവ.

എല്ലാതരം കൃഷികളും ജലലഭ്യതയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഈ പഞ്ചായത്തിലെ ജലസ്രോതസ്സ് വടക്കുകിഴക്കേ മേഖലക്ക് അതിരിട്ടു കിടക്കുന്ന ഭാരതപ്പുഴയാണ്. ഇപ്പോൾ ഈ പഞ്ചായത്തിൽ ഒരു തടയണയും ഒരു അടിയണയും ഭാരതപ്പുഴയ്ക്ക് കുറുകെ ഉണ്ട്. ചെങ്ങണംകുന്ന് തടയണയുടെ ഫലമായി ലഭിക്കുന്ന ജലത്തെ പഞ്ചായത്തിൻറെ പകുതിയിലധികം ഭാഗത്തേക്ക് ഉപയോഗിക്കാവുന്നതാണ്. പള്ളം ഭാഗത്ത് ഉള്ള അടിയണ ഉപയോഗിച്ച് മറ്റ് ഭാഗത്തേക്ക് ജലം എത്തിക്കാൻ കഴിഞ്ഞാല് അത് കൃഷിയ്ക്ക് മാത്രമല്ല കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ഒരു വഴിയായി മാറും യന്ത്രവത്കരണത്തിലൂടെ മാത്രമേ ഇനി ഉള്ള കാലത്ത് തൊഴിലാളി ക്ഷാമത്തിന് പരിഹാരം ഉണ്ടാവൂ ഇപ്പോൾ ഉഴവുയന്ത്രങ്ങളും കൊയ്ത്തുയന്ത്രങ്ങളും നടീല് യന്ത്രങ്ങളും ഉപയോഗിക്കുന്നുണ്ട്. എങ്കിലും ഇതെല്ലാം സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ളവ ആണ്. പഞ്ചായത്ത് സ്വന്തമായി വാഹനങ്ങൾ വാങ്ങുകയും യഥാകാലങ്ങളിൽ അതിൻറെ നടത്തിപ്പ് പരിശോധിക്കുകയും ചെയ്താല് മാത്രമേ അത് നിലനിർത്തി കൊണ്ടുപോരാന് കഴിയൂ.

1997–98 കാലഘട്ടങ്ങളില് പട്ടുനൂൽകൃഷി പ്രോത്സാഹനപദ്ധതിയുടെ ഭാഗമായി കർഷകർക്ക് ടെയിനിംഗ് ലഭിക്കുകയും പട്ടുനൂൽപ്പുഴു വളർത്തല് നടന്നുവരികയും ചെയ്തിരുന്നു. കൂൺകൃഷി, തേനീച്ചകൃഷി എന്നിവയ്ക്ക് ടെയിനിംഗ് ലഭിച്ച കർഷകര് ദേശമംഗലത്ത് കൃഷി ചെയ്തിരുന്നു. മുല്ലപൂകൃഷി, ചെണ്ടുമല്ലികൃഷി എന്നിവയും നടത്തിയിരുന്നു. വിപണനകേന്ദ്രം ഇല്ലാത്തതും ഉല്പാദനക്ഷമതയുള്ള വിത്ത് ലഭ്യമല്ലാത്തതും കാരണം പിന്നീട് ഈ കൃഷികൾ എല്ലാം നമ്മുടെ പഞ്ചായത്തിൽ നിന്ന് മാഞ്ഞുപോയി. ഇപ്പോൾ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി മത്സ്യകൃഷി നടത്തിവരുന്നുണ്ട്.

പഞ്ചായത്തിൽ നടപ്പിലാക്കാവുന്ന കൃഷി രീതികള്

പൂകൃഷി

വീടുകൾതോറും ആന്തൂറിയം, ഓർക്കിഡുകള്, കുറിമുല്ല, ജെറബറ, ജമന്തി, വാടാർമല്ലി, റോസിനങ്ങൾ, ചെണ്ടുമല്ലി എന്നിവ നട്ടുപിടിപ്പിച്ച് പുരയിടങ്ങള് ആകർഷകമാക്കുന്നതോടൊപ്പം വാണിജ്യാടിസ്ഥാനത്തില് വിപണനം നടത്താനും കഴിയും.

ഔഷധസസ്യങ്ങൾ : ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്

പച്ചക്കറികൃഷി:

മത്തൻ, വെള്ളരി, പടവലം, പാവയ്ക്ക, കോവയ്ക്ക, കുമ്പളം, പച്ചമുളക് മുതലായവയുടെ വിത്ത്, തൈ എന്നിവ കൃഷിഭവൻ മുഖേന കൊടുത്ത് കൊണ്ട് കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

പയറുവർഗ്ഗകൃഷി

പയറുവർഗ്ഗങ്ങള് ഈ പ്രദേശത്ത് ഇരിപ്പുകൃഷി ചെയ്യുന്ന പാടശേഖരങ്ങളില് കൃഷി ചെയ്താൽ കൃഷിക്കാരന് ലാഭത്തേക്കാള് ഏറെ അമിതരാസവളപ്രയോഗം കൊണ്ട് മണ്ണിനുണ്ടായ ദോഷം മാറി ഗുണനിലവാരവും ഘടനയിലും മെച്ചമുണ്ടാവും. കൂവ, ഇഞ്ചി, മഞ്ഞൾ, ചേന. ചേമ്പ്, കാച്ചിൽ, കൂർക്ക, മരച്ചീനി, മധുരക്കിഴങ്ങ്, തൊപ്പക്കിഴങ്ങ് എന്നിവയും വ്യാപകമായി കൃഷി ചെയ്യാവുന്നതാണ്. പഴവർഗ്ഗകൃഷി പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി നല്ലയിനം പ്ലാവ്, മാവ്, പേര, സപ്പോട്ട, പുളി, ചെറുനാരങ്ങ, ഫാഷൻഫ്രൂട്ട്, മാതളനാരങ്ങ, പപ്പായ, കശുമാവ് എന്നിവയുംകർഷകർക്ക് നൽകാം. എല്ലാ വീടുകളിലും ഒരു മുരിങ്ങ, കറിവേപ്പ് എന്നിവയും നിർബന്ധമായി ഉണ്ടാക്കാന് പ്രാത്സാഹിപ്പിക്കാം. പഞ്ചായത്ത് ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ സ്വയംപര്യാപ്തതനേടുക എന്ന ലക്ഷ്യത്തോടെ നമുക്ക് പ്രവർത്തിക്കാം.

ജലസേചനം

പണ്ട് കാലങ്ങലില് ഈ പഞ്ചായത്തില് ജലദൗർലഭ്യം ഉണ്ടായിരുന്നില്ല. സുലഭമായി വെള്ളം ലഭ്യമായിരുന്ന ചോലകൾ, കുളങ്ങള്, കിണറുകള്, മുതലായവ മണ്ണടിഞ്ഞ് അടഞ്ഞ് കാണപ്പെടുന്നതും കാലാവസ്ഥാ വ്യതിയാനവും ജലലഭ്യതയെ സാരമായി ബാധിച്ചിട്ടുണ്ട്.

നിലവിൽ കൊണ്ടയൂര് ചെങ്ങണാംകുന്ന് തടയണയുടെ പണിപൂർത്തിയായതിനാല് ആ പ്രദേശങ്ങളിൽ ഭാരതപ്പുഴയില് വെള്ളം നിൽക്കുന്നതിനാല് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സംവിധാനങ്ങൾ കൊണ്ടുവരണം.

ഒലിച്ചി ഡാം

1943 ആഗസ്റ്റ് 12-ാം തിയ്യതി കൊച്ചി ദിവാൻ എഫ്. ഡബ്ല്യു. ഡിക്സൺ ഉദ്ഘാടനം ചെയ്ത് നാടിന് സമർപ്പിച്ച ജലസേചനപദ്ധതിയാണ് ഒലിച്ചി ചിറ അഥവാ ഒലിച്ചി അണക്കെട്ട്. തെക്കൻ മലമുകളില് നിന്ന് നീർചാലുകളായി വന്ന് ചിറയില് സംഭരിച്ചിരുന്ന വെള്ളം ഉപയോഗിച്ചാണ് ചിറയുടെ വടക്കുകിഴക്കൻ മേഖലകളിലെ കൃഷി ചെയ്തുവന്നിരുന്നത്. മണ്ണിടിഞ്ഞും ചീർപ്പ് ജീർണ്ണിച്ചും ബണ്ടില് പലഭാഗത്തായി ചോർച്ചകള് വന്നും സംഭരണശേഷി നശിച്ച് ഉപയോഗശൂന്യമായ രീതിയിലാണ് ചിറയുടെ അവസ്ഥ.

ചീരക്കുഴി കനാൽ

1970 –ൽ നിർമ്മിച്ച ചീരക്കുഴി കനാല് ദേശമംഗലം പഞ്ചായത്തിൻറെ എട്ട് വാർഡുകളിലെ കൃഷിക്കാർക്ക് മുണ്ടകന് വിളകള് മുഖ്യമായും ആശ്രയിക്കുന്നത് ചീരക്കുഴി കനാലിനെയാണ്. പള്ളം മുതൽ കൊണ്ടയൂര് വരെ ആറര കി.മീ. നീളം പഞ്ചായത്തിനുള്ളിലാണ്. കനാൽ അപൂർണ്ണമായി അവസാനിക്കുന്നതും ഇവിടെ തന്നെ. ജലസേചനത്തിന് വൻ സാധ്യതകൽപിച്ച് നിർമ്മിച്ചിട്ടുള്ള ഈ കനാലിൻറെ ഇപ്പോഴത്തെ അവസ്ഥ മുൻകാലങ്ങളെ അപേക്ഷിച്ച് ചില ഭാഗങ്ങൾ ഒഴികെ ബാക്കി എല്ലാം സൈഡ് കെട്ടിയിട്ടുള്ളതാണ്. എന്നാൽ സാമൂഹ്യവിരുദ്ധരുടെ പ്രവർത്തനം മാലിന്യം തള്ളുന്നതിനുള്ള ഒരു സ്ഥലംആയി ഉപയോഗിക്കുന്നതുമൂലംപ്രദേശവാസികൾക്ക് ഉപദ്രവമായി മാറിക്കൊണ്ടിരിക്കുന്നു. ചില ഷട്ടറുകൾ കാലപ്പഴക്കം കൊണ്ട് കേടുവന്നതിനാല് പുനരുദ്ധാരണത്തിന് കർഷകര് ആവശ്യംഉന്നയിക്കുന്നുണ്ട്. മാലിന്യം നിക്ഷേപിക്കുന്നത് തടയുവാൻ പുതിയ മാർഗ്ഗങ്ങള് കണ്ടെത്തേണ്ടിയിരിക്കുന്നു.

ഭാരതപ്പുഴ

ദേശമംഗലം പഞ്ചായത്തിൽ 8 വാർഡുകളിലൂടെ കടന്നുപോകുന്ന ഭാരതപ്പുഴ ദേശമംഗലത്തെ ജനങ്ങളുടെ സംസ്കാരത്തേയും ജനജീവിതത്തെയും സ്വാധീനിക്കുന്നു. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശത്തെ കൃഷിയും ഭാരതപ്പുഴയെ ആശ്രയിച്ചാണ്. കുടിവെള്ളത്തിനും പുഴയിൽ നിർമ്മിച്ചിട്ടുള്ള കിണറുകള് സഹായകമാകുന്നു. ദേശമംഗലം ഗ്രാമപഞ്ചായത്തിലെ കൃഷിയും ഭാരതപ്പുഴയെ ആശ്രയിച്ചാണ് ഇരിക്കുന്നത്. ഭാരതപ്പുഴക്ക് കുറുകെ 2016ൽ പണി തുടങ്ങിയ ചെങ്ങണാംകുന്ന് തടയണ 2021 ല് ഉദ്ഘാടനം ചെയ്തു. ഇത് ദേശമംഗലം പഞ്ചായത്തിലെ രണ്ടാം വാർഡ് മുതല് പള്ളം പ്രദേശം വരെ ജലലഭ്യതയ്ക്ക് സഹയകരമാകുന്ന ഒന്നാണ്. കുടിവെള്ളത്തിനും കൃഷിക്കും മാത്രമല്ല ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനും ഉതകുന്ന തരത്തിലാണ് തടയണയുടെ നിർമ്മാണം കൊണ്ട് ലക്ഷ്യം വെയ്ക്കുന്നത്. അതുപോലെ തന്നെ പള്ളം ഭാഗത്തെ അടിയണയും ഭാരതപ്പുഴയിൽ ജലം തടഞ്ഞുനിർത്തുന്നതിനു സഹായകരമാകുന്നു.

മുൻ സാമ്പത്തിക വർഷങ്ങളില് നടപ്പിലാക്കിയ വിവിധ പദ്ധതികള് (ഫോറം 5)

ക്രമസംഖ്യ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	പ്രോജക്ട് നടപ്പിലാക്കിയ വർഷം	SO/ New	GEN SCP/ TSP	പ്രോജക്ടിന്റെ അവസ്ഥ	ലക്ഷ്യം		നേട്ടം		ഗുണഭോക്തൃ വിഹിതം	പദ്ധതിയുമായി ബന്ധപ്പെട്ട പ്രത്യേകതകൾ	ശ്രദ്ധേയമായ കാര്യങ്ങൾ
							സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം			
1	7	തരിശ്ശു ഭൂമി നെൽകൃഷി	2021-22	New	ജനറൽ	പൂർത്തീകരിച്ചു	480000	നെല്ല്	480000				
2	10	നെൽ വിത്തു വിതരണം	2021-22	New	ജനറൽ	പൂർത്തീകരിച്ചു	811440	നെല്ല്	811440				
3	11	നെൽകൃഷി വികസന പദ്ധതി - കൂലിചെലവ് സബ്സിഡി	2021-22	New	ജനറൽ	പൂർത്തീകരിച്ചു	1960000	നെല്ല്	1410080				
4	57	ഫലവൃക്ഷത്തൈകൾ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	128850	ഫലവൃക്ഷങ്ങളും പഴങ്ങളും	128850				
5	183	പട്ടിക ജാതി വനിതകൾക്ക് ഇഞ്ചി മഞ്ഞൾകിഴങ്ങ് വർഗ്ഗം പച്ചക്കറി മുതലായ വിത്ത് കിറ്റ് വിതരണം	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	130000	ഇടവിള കൃഷി	130000				

3.മൃഗസംരക്ഷണവും ക്ഷീരവികസനവും

പതിനാലാം പഞ്ചവത്സര പദ്ധതി 2022-27
വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള് - ഫോറം 2

വർക്കിംഗ് ഗ്രൂപ്പ് : മൃഗസംരക്ഷണവും ക്ഷീരവികസനവും
ഭരണ സമിതി തീരുമാനം നമ്പര്, തിയ്യതി - 1/1 , 31-12-2021

ക്ര.ന	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെസ്ഥാനം	സ്ത്രീ/ പുരുഷൻ	എസ്.സി/ എസ്.ടി/ മറ്റുള്ളവ	വിദ്യഭ്യാസ യോഗ്യത	വൈദഗ്ധ്യം /പരിചയം മേഖല	തൊഴിൽ
1	പി.എസ് ലക്ഷ്മണൻ, 10-ാം വാര്ഡ് മെമ്പര്		ചെയർമാന്	പുരുഷൻ				
2	സുനിൽ പ്ലാപ്പാടത്തില് വീട്, വാർഡ് -2	9995990246	വൈസ് ചെയർമാന്	പുരുഷൻ		പ്ലസ് ടു		
3	വെറ്റിനറി സർജന്, വെറ്റിനറി ഡിസ്പെൻസറി. ദേശമംഗലം	9446147234	കൺവീനര്	പുരുഷൻ				
4	സേതുമാധവൻ , കലവറ പണ്ടാരപറമ്പിൽ വാർഡ്- 1	9846601964	അംഗം	പുരുഷൻ		ബിരുദം		
5	ഗോപിനാഥൻ , കീഴ്പടതൊടി , വാർഡ് -3	7034444656	അംഗം	പുരുഷൻ		10		
6	മുസ്തഫ ശൗര്യം പറമ്പിൽ , വാർഡ് 11	9846089866	അംഗം	പുരുഷൻ				
8	സജ്ന , ആഞ്ഞൂർനിലത്ത് ,വാർഡ് - 8	8606135013	അംഗം	സ്ത്രീ		10		
9	ജനാർദ്ദനന് , പെരുംമ്പാളെ, വാർഡ് 11	9605406600	അംഗം	പുരുഷൻ		10		
10	നിഷാദ് , ഈരാറ്റുവക്കത്ത് ,	964555496	അംഗം	പുരുഷൻ		10		

	വാർഡ് 11							
11	ശ്രീധരൻ നായർ, കരണിംകാട്ടിൽ, വാർഡ് 15	9961652759	അംഗം	പുരുഷൻ		10		
12	അബ്ദുൾ റസാക്ക് , പൊന്നത്താഴത്ത് , വാർഡ് 11	9846956568	അംഗം	പുരുഷൻ		10		
13	മൊയ്തീൻ , തച്ചുകുന്നത്ത് , വാർഡ് – 14		അംഗം	പുരുഷൻ		7		
14	പ്രഭാകരൻ ,ചേനത്ത് കാട്ടിൽ , വാർഡ് – 10	6282683251	അംഗം	പുരുഷൻ		10		
15	നന്ദിനി , ഡയറിഫാം ഇൻസ്ട്രക്ടർ	8921976260	അംഗം	സ്ത്രീ		10		
16	ഗീത കെ.പി , അംഗണവാടി ടീച്ചർ	9605611086	അംഗം	സ്ത്രീ		10		
17	വി യു ഉമ്മർ , വരമംഗലത്ത്	9847150150	അംഗം	പുരുഷൻ		10		
18	ഗോപാലകൃഷ്ണൻ ടി.സി,തെക്കേതിൽ, കറ്റുവട്ടർ	9747213896	അംഗം	പുരുഷൻ	എസ്.സി	10		

മൃഗസംരക്ഷണവും ക്ഷീരവികസനവും

ദേശമംഗലം ഗ്രാമപഞ്ചായത്ത് കാർഷികമായ ഒരു പാരമ്പര്യമുള്ള പഞ്ചായത്താണ്. 10-ാമത് കന്നുകാലി സെൻസസ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 956 കന്നുകാലികളും(പശുക്കൾ) 672 ആട്, 10 എരുമ 3200 കോഴികൾ എന്നിവയാണുള്ളത്. ഗ്രാമപഞ്ചായത്തിലെ പാലിന്റെയും മുട്ടയുടേയും ആവശ്യകത മുഴുവനായി നിറവേറ്റുന്നതിന് ഈ സമ്പത്ത് പര്യാപ്തമല്ല. ആയതിനാൽ പശുക്കളും കോഴികളും വളർത്തുന്നവർക്ക് കൂടുതൽ പ്രോത്സാഹനം നല്കണ്ടതാണ്. ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നു വരുന്നു. കൂടുതൽ ഡയറി യൂണിറ്റുകൾ തുടങ്ങേണ്ട ആവശ്യകതയിലേക്കാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

മൃഗസംരക്ഷണം നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം പേരും ഉപജീവനമാക്കിയ തൊഴിൽ ആണ്. ആയതിൽ നിന്ന് ജൈവവള നിർമ്മാണവും പ്രോത്സാഹിപ്പിക്കേണ്ടതാണ്. നിലവിൽ ഒരു മൃഗാശുപത്രി മാത്രമാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞപഞ്ചവത്സര പദ്ധതി കാലയളവിൽ ഡയറിഫാമും, പശു, വിവിധയിനം കോഴികൾ മൃഗസംരക്ഷണമേഖലയിലെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്. പരിപാലന ചിലവിനേക്കാൾ കുറഞ്ഞ വരുമാനം. കാലിത്തീറ്റയുടെ വിലവർദ്ധന, തീറ്റപ്പുൽ അപര്യാപ്തത എന്നിവ വരുമാനക്കുറവിനുള്ള കാരണങ്ങളായി കണക്കാക്കാം. അസംസ്കൃതസാധനങ്ങളുടെ ലഭ്യതകുറവാണ് കാലിത്തീറ്റയുടെ വിലവർദ്ധനയ്ക്ക് മുഖ്യകാരണം. സ്ഥലദൌർലഭ്യം, താൽപര്യക്കുറവ്, സാമ്പത്തികസഹായം ലഭ്യമാകാത്തത് എന്നിവ കാരണമാകുന്നു.കൂടുതൽ പേരെ ക്ഷീരമേഖലയിലേയ്ക്ക് കൊണ്ടുവരുന്നത്തിന് വേണ്ടി പാൽ വിൽപന നടത്തുന്നത്തിനും കാലിതീറ്റകളും മറ്റും ലഭിക്കുന്നതിനും വേണ്ടി രണ്ട് പാൽസൊസൈറ്റികൾ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു പ്രവർത്തനം കുറച്ച്കൂടി വിപുലപ്പെടുത്തുകയും വേണം.

പ്രധാന പ്രശ്നങ്ങൾ

- കാലിത്തീറ്റയുടെ വില കൂടുതൽ
- പുല്ല്ൽ എന്നിവയുടെ ലഭ്യതക്കുറവ്വൈക്കോ ,
- എബിസി പ്രോഗ്രാം ഫലപ്രദമായി നടപ്പിലാകാത്തത്
- സംഭരണ വിപണന രംഗത്തെ പോരായ്മകൾ
- വരുമാനംപരിപാലന ചിലവിനേക്കാൾ കുറവ് ലഭിക്കുന്നു.

സാധ്യതകൾ, പരിഹാരങ്ങൾ

- തീറ്റപ്പുൽ കൃഷിക്ക് കൂടുതൽ സ്ഥലങ്ങൾ കണ്ടെത്തുക
- മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടുള്ള സഹകരണസ്ഥാപനങ്ങൾ സ്ഥാപിക്കുക
- സഹകരണ സ്ഥാപനങ്ങൾ മുഖേനയോ മറ്റോ കുറഞ്ഞ വിലയ്ക്ക് കാലിതീറ്റ, തീറ്റപുൽ തുടങ്ങിയവ ലഭ്യമാക്കുക
- കന്നുകാലികളെ വാങ്ങുന്നതിന് വായ്പ ലഭ്യമാക്കുക.
- തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് സബ്സിഡി നൽകി കാലിത്തീറ്റ നിർമ്മാണയൂണിറ്റ് തുടങ്ങുന്നതിനുള്ള സഹായം നൽകുക.
- തീറ്റ വില വർദ്ധനവിനനുസരിച്ച സബ്സീഡി ധനസഹായം നൽകുക

മുൻ സാമ്പത്തിക വർഷങ്ങളില് നടപ്പിലാക്കിയ വിവിധ പദ്ധതികള് (ഫോറം 5)

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	പ്രോജക്ട് നടപ്പിലാക്കിയ വർഷം	SO/ New	GEN SCP/ TSP	പ്രോജക്ടിന്റെ അവസ്ഥ	ലക്ഷ്യം		ചെലവ്		ഗുണഭോക്താക്കളുടെ എണ്ണം/ സ്ഥാപനത്തിന്റെ പേര്		
							സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം			
1	43	മൃഗാശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ	2021-22	New	ജനറൽ	പൂർത്തീകരിച്ചു	300000	അടിസ്ഥാന സൗകര്യങ്ങൾ	300000		മരുന്ന്		
2	47	ആടു വളർത്തൽ- എസ്സി	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	360000	ഗർഭിണി കിടാരി / പോത്തുകുട്ടി / കാളകുട്ടി/ ആട്ടിൻകുട്ടി	270000		മൃഗസമ്പത്ത്		
3	50	പ്രത്യേക കന്നുകുട്ടിപരിപാലന പദ്ധതി	2021-22	New	ജനറൽ	പൂർത്തീകരിച്ചു	2500000	ഗർഭിണി കിടാരി / പോത്തുകുട്ടി / കാളകുട്ടി/ ആട്ടിൻകുട്ടി	625000		മൃഗസമ്പത്ത്		
5	88	മുട്ടകോഴി വളർത്തൽ	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	96000	അടിസ്ഥാന സൗകര്യങ്ങൾ	96000		കോഴി		
6	90	കറവപ്പശുക്കൾക്ക് കാലിത്തീറ്റ (വനിത)	2021-22	New	ജനറൽ	പൂർത്തീകരിച്ചു	1265000	മുട്ടക്കോഴി	722805		മൃഗസമ്പത്ത്		
7	152	പശു വളർത്തൽ – ജനറൽ	2021-22	SO	ജനറൽ	പൂർത്തീകരിച്ചു	580000	കറവയുള്ള പശു	60000		കറവപശു		
8	153	വനിതകൾക്ക് കറവപ്പശുവിതരണം എസ് സി	2021-22	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	490000	കറവയുള്ള പശു	150000		മൃഗസമ്പത്ത്		
9	154	മുട്ടകോഴി വളർത്തൽ	2021-22	SO	ജനറൽ	പൂർത്തീകരിച്ചു	79200	കറവയുള്ള പശു	26400		മൃഗസമ്പത്ത്		

4. പ്രാദേശിക സാമ്പത്തിക വികസനം

പതിനാലാം പഞ്ചവത്സര പദ്ധതി 2022-27
വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള് - ഫോറം 2

വർക്കിംഗ് ഗ്രൂപ്പ് : പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായം, സൂക്ഷ്മസംരംഭങ്ങൾ ഉൾപ്പടെ) സഹകരണം മുതലായവ
ഭരണ സമിതി തീരുമാനം നമ്പർ , തിയ്യതി - 1/1 , 31-12-2021

ക്ര.ന	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെസ്ഥാനം	സ്ത്രീ/ പുരുഷൻ	എസ്.സി/ എസ്.ടി/ മറ്റുള്ളവ	വിദ്യഭ്യാസ യോഗ്യത	വൈദഗ്ധ്യം /പരിചയം മേഖല	തൊഴിൽ
1	ഇബ്രാഹിം കെ.എ , വാർഡ് മെമ്പർ 13		ചെയർമാന്	പുരുഷൻ	മറ്റുള്ളവ			
2	സി.എ മജീദ് , ചോഴിയം കുന്നത്ത് , പള്ളം, വാർഡ് - 9	7012597334	വൈസ് ചെയർമാന്	പുരുഷൻ		4		
3	വി.ഇ.ഒ -ആറങ്ങോട്ടുകര സർക്കിള്, ദേശമംഗലം ഗ്രാമപഞ്ചായത്ത്		കൺവീനര്	സ്ത്രീ				
4	അബ്ദുൾ മജീദ് , കളത്തിൽ വളപ്പിൽ, വാർഡ് - 2	8848408107	അംഗം	പുരുഷൻ		10		
5	ഷിനാസ് , പുഞ്ചകുണ്ടിൽ , വാർഡ് -3	9947039436	അംഗം	പുരുഷൻ				
6	മോഹനൻ കൊല്ലീരിപടി, വറവട്ടൂർ , വാർഡ് -1	6238412208	അംഗം	പുരുഷൻ				
7	കൃഷ്ണകുമാർ , കുറുത്തേടത്ത് , വാർഡ്- 7		അംഗം	പുരുഷൻ		ബിരുദം		
8	ജയരാജ് പെരുമണ്ണിൽ , വാർഡ് - 8	9961629498	അംഗം	പുരുഷൻ		2		
9	വാരിദാക്ഷൻ , കാളകുന്നത്ത് , വാർഡ് 1		അംഗം	പുരുഷൻ		10		
10	വിപിൻദാസ് , വാർഡ് - 12	8992851010	അംഗം	പുരുഷൻ		2		

11	മനോജ് , പരുത്തിക്കാട്ട് വിതുട്ടർ, വാർഡ് – 15	8078208564	അംഗം	പുരുഷൻ				
12	അനി പള്ളത്ത് , വാർഡ് 1	8943682986	അംഗം	പുരുഷൻ				
13	ഓമന കപ്പാരത്ത് , വാർഡ് 1	9745317011	അംഗം	സ്ത്രീ		10		
14	കെ.എം മുഹമ്മദ് കുട്ടി , കക്കാടത്ത്, വാർഡ് –11	6747897607	അംഗം	പുരുഷൻ		10		
15	ശ്രീവിദ്യ എസ്.കെ , ,അംഗണവാടി ടീച്ചർ	9387410880	അംഗം	സ്ത്രീ				
16	മിനി മോൾ .കെ എസ് , ,അംഗണവാടി ടീച്ചർ	8086153806	അംഗം	സ്ത്രീ				
17	മുജീബ് , തറയിൽ	8111872313	അംഗം	പുരുഷൻ				
18	ആമിനകുട്ടി, ഓങ്ങനാട്ടതൊടിയിൽ	9048061338	അംഗം	സ്ത്രീ				

പ്രാദേശികസാമ്പത്തികവികസനം

മഹാത്മാഗാന്ധിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ്. സ്വരാജ് എന്നാൽ സ്വയംഭരണം മാത്രമല്ല, ഗ്രാമത്തിൻറെ വളർച്ചയുടെ എല്ലാ ഘടകങ്ങളിലും ഓരോരുത്തരുടേയും പങ്കാളികൾ ആകുകയും വേണം. ഗ്രാമീണ വികനത്തിന് ആക്കം കൂട്ടുന്നതിനും ഉത്പാദന വർദ്ധനവിനും അതുവഴി സാമ്പത്തിക വികസനത്തിനും ശ്രദ്ധിക്കേണ്ടതാണ്. അതിനായി ചെറുകിട വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ചെറുകിട വ്യവസായ മേഖലയ്ക്ക് വികേന്ദ്രീയാസൂത്രണത്തിൻറെ തുടക്കം മുതൽ തന്നെ പ്രത്യേക പരിഗണന നൽകുന്നുണ്ട്. എന്നാൽ ഈ മേഖലയിൽ കാര്യമായ മുന്നേറ്റം കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ പഞ്ചവത്സര പദ്ധതിയിലെങ്കിലും ഇതിനായി കൂടുതൽ തുക വകയിരുത്തുകയും അതുവഴി പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാവുകയും പ്രദേശത്തിൻറെ വികസനം ഉണ്ടാവുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. കൃഷിയും, മൃഗസംരക്ഷണവും, അനുബന്ധമേഖലകളും തന്നെയാണ് ജനങ്ങളുടെ പ്രധാന തൊഴിൽമേഖല. കൂടാതെ മലബാർ എഞ്ചിനീയറിംഗ് കോളേജ്, ഗവ: ITI എന്നീ പ്രധാന സ്ഥാപനങ്ങൾ പഞ്ചായത്ത് പ്രദേശത്ത് ഉയർന്നു വന്നിട്ടുണ്ട്. നിർമ്മാണമേഖലയിലും കാര്യമായ പുരോഗതി ദർശിക്കാവുന്നതാണ്. ചെറുകിട വ്യവസായ മേഖലയിൽ കുടുംബശ്രീ യൂണിറ്റ മുഖേനയോ മറ്റോ യാതൊരു വിധ യൂണിറ്റുകളും വിജയകരമായി നടത്തപ്പെടുന്നില്ല. സാധ്യതകളും വിപണികളും ശാസ്ത്രീയമായി മനസ്സിലാക്കി കൃത്യമായി ആസൂത്രണത്തോടെയുള്ള പദ്ധതികൾ രൂപപ്പെടുത്തുന്നതിന് വേണ്ട ശ്രമങ്ങൾ ആണ് ഉണ്ടാകേണ്ടത്.

കുടുംബശ്രീ ജനകീയ ഹോട്ടല് പ്രവർത്തിച്ചിരുന്നു. സംസ്ഥാന സർക്കാരിൻറെ ഉത്തരവ് പ്രകാരം എൻറെ തൊഴിൽ എൻറെ അഭിമാനം എന്ന പദ്ധതിയുടെ സർവ്വേ പൂർത്തീകരിക്കുകയും വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുന്നതിനായി ശിൽപശാല നടത്തുകയും ചെയ്തു. ദീർഘദൂര യാത്രക്കാർക്ക് സൌകര്യമൊരുക്കുന്ന ടെയ്ക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കി. എം.എൽ.എ ഫണ്ട് ഉപയോഗിച്ച് വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. ഐ.എസ്.ഒ സർട്ടിഫിക്കേഷന് ലഭിച്ച പഞ്ചായത്തില് വിപുലമായ റെക്കോർഡ്റൂം സജ്ജീകരിച്ചിരിക്കുന്നു.

5. ദാരിദ്ര്യ ലഘൂകരണം

നിരവധി ദാരിദ്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇനിയും പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചവത്സര പദ്ധതി കാലയളവിൽ ദാരിദ്ര്യലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ദേശമംഗലം ഗ്രാമപഞ്ചായത്ത് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ 212 കുടുംബശ്രീ യൂണിറ്റുകൾ നിലവിലുണ്ട്. ഈ ഗ്രൂപ്പുകൾക്കെല്ലാം റിവോൾവിംഗ് ഫണ്ട് നല്കി, ചെറിയ തോതിൽ ബിസിനസ്സ്, കൃഷി, മൃഗസംരക്ഷണം എന്നീ പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. സംരംഭങ്ങൾ ഒന്നും ഇല്ലാത്ത ഗ്രൂപ്പുകളും നിലവിലുണ്ട്.

എല്ലാ മേഖലകളിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതു വഴി 2017-20 വർഷം മുതൽ ദാരിദ്ര്യലഘൂകരണം ഒരു പരിധി വരെ മാത്രമേ പരിഹരിക്കാൻ സാധിച്ചിട്ടുള്ളു. കുടുംബശ്രീതലത്തിലും പാർപ്പിടമേഖലയിലും പ്രാധാന്യം നൽകിയിട്ടുണ്ട്. പാർപ്പിട മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട് . ലൈഫ് മിഷന്റെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതർക്ക് ആനുകൂല്യം നൽകി വരുന്നുണ്ട്. എങ്കിലും ഭവന രഹിതരായവർ ഇപ്പോഴും നിലവിലുണ്ട്. സ്വയം തൊഴിൽ മേഖലയിൽ നൽകുന്ന ആനുകൂല്യങ്ങൾ കൃത്യമായി പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഉപയോഗപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം. സ്വയം തൊഴിൽ മേഖലയിൽ വിപണനകേന്ദ്രം ഇന്ന് നിലവില്ല. ഇതു പരിഹരിക്കപ്പെടേണ്ടതാണ്.

നിരവധി ദാരിദ്ര്യനിർമ്മാർജ്ജന പ്രവർത്തനങ്ങള് സർക്കാര് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ ഇനിയും പദ്ധതികള് കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുണ്ട്. പഞ്ചവത്സരപദ്ധതി കാലയളവില് ദാരിദ്ര്യലഘൂകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി ദേശമംഗലം ഗ്രാമപഞ്ചായത്ത് വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ യൂണിറ്റുകള് നിലവിലുണ്ട്. ഈ ഗ്രൂപ്പുകൾക്കെല്ലാം റിവോൾവിംഗ് ഫണ്ട് നൽകി ചെറിയ തോതില് ബിസിനസ്സ്, കൃഷി, മൃഗസംരക്ഷണം എന്നീ പദ്ധതികൾ ഏറ്റെടുക്കേണ്ടതുണ്ട്. സംരംഭങ്ങൾ ഒന്നും ഇല്ലാത്ത ഗ്രൂപ്പും നിലവിലുണ്ട്.

എല്ലാ മേഖലകളിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതുവഴി ദാരിദ്ര്യലഘൂകരണം ഒരു പരിധി വരെ മാത്രമേ പരിഹരിക്കാൻ സാധിച്ചിട്ടുള്ളൂ. കുടുംബശ്രീതലത്തിലും പാർപ്പിടമേഖലയിലും പ്രാധാന്യം നൽകിയിട്ടുണ്ട്. പാർപ്പിടമേഖലയിലെ പ്രശ്നങ്ങള് പരിഹരിക്കാന് ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ ഭാഗമായി ഭൂമിയുള്ള ഭവനരഹിതർക്ക് ആനുകൂല്യം നൽകിവരുന്നുണ്ട്. എങ്കിലും ഭവനരഹിതരായവർ ഇപ്പോഴും നിലവിലുണ്ട്. സ്വയംതൊഴിൽ മേഖലയില് നൽകുന്ന ആനുകൂല്യങ്ങള് കൃത്യമായി പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ഉപയോഗപ്പെടുത്തുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം. സ്വയംതൊഴിൽ മേഖലയില് വിപണന കേന്ദ്രം ഇന്ന്ന നിലവിലില്ല. ഇത് പരിഹരിക്കേണ്ടതാണ്.

ദേശമംഗലം പഞ്ചായ്യിൽ 27 ജെ.എൽ.ജി. ഗ്രൂപ്പുകൾ ഉണ്ട്. അതിലേക്ക് 3550000/- രൂപ വായ്പ കൊടുത്തിട്ടുണ്ട്. 6 (ആർ.കെ.എൽ.എസ്) കുടുംബശ്രീകളിലായി 1700000/- രൂപ വായ്പ കൊടുത്തിട്ടുമട്. ലിങ്കേജ് വായ്പ 167 കുടുംബശ്രീകൾക്കായി 74260000/- രൂപ അനമുവദിച്ചിട്ടുണ്ട്. കൊറോണ സമയത്ത് പ്രശ്നങ്ങള് പരിഹരിക്കാനായി മുഖ്യമന്ത്രിയുടെ സി.എം.എച്ച്.എൽ.എസ് 176 കുടുംബശ്രീകൾക്കായി 12630000/-രൂപ വായ്പ കൊടുത്തിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി 2022-27
വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള് - ഫോറം 2

വർക്കിംഗ് ഗ്രൂപ്പ് : ദാരിദ്ര്യ ലഘൂകരണം
ഭരണ സമിതി തീരുമാനം നമ്പര് , തിയ്യതി - 1/1 , 31-12-2021

ക്ര.ന	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെസ്ഥാനം	സ്ത്രീ/ പുരുഷൻ	എസ്.സി/ എസ്.ടി/ മറ്റുള്ളവ	വിദ്യഭ്യാസ യോഗ്യത	വൈദഗ്ധ്യം /പരിചയം മേഖല	തൊഴിൽ
1	പുഷ്പജ പി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയര്പേഴ്സൺ	8606008558	ചെയർമാന്	സ്ത്രീ	ജനറൽ	ഡിപ്ലോമ		
2	പ്രസാദ് , വാലികുളങ്ങര വീട്, വാർഡ് - 10	8921974328	വൈസ് ചെയർമാന്	പുരുഷൻ		10		
3	വി.ഇ.ഒ- ദേശമംഗലം സർക്കിള്, ദേശമംഗലം ഗ്രാമപഞ്ചായത്ത്		കൺവീനർ	പുരുഷൻ				
4	നിലീഷ് കരുനാഗത്ത് ,വാർഡ് - 2	9539672358	അംഗം	പുരുഷൻ		ഡിപ്ലോമ		
5	അബ്ദുൽ റഹ്മാന്, പള്ളത്ത് വീട് , വാർഡ് - 3	9961428630	അംഗം	പുരുഷൻ		10		
6	ശ്യാംരാജ് , വാളേരി പടി, വാർഡ് - 6	9961733054	അംഗം	പുരുഷൻ	എസ്,സി	10		
7	നിഖിൽ , പനയപ്പിള്ളി, വാർഡ് - 7	9544023993	അംഗം	പുരുഷൻ		ഡിപ്ലോമ		
8	പ്രേമ പുതിയേടത്ത് , വാർഡ് - 8	9947032189	വനിതാ അംഗം	സ്ത്രീ		10		
9	സി.എച്ച് കുഞ്ഞുമൊയ്തു , ചുട്ടപറമ്പിൽ , വാർഡ് - 9	5606455691	അംഗം	പുരുഷൻ		10		
10	യൂസഫ് കക്കാടത്ത് , വാർഡ് 1		അംഗം	പുരുഷൻ		10		
11	എം.എ കൃഷ്ണൻ , മണ്ണേങ്ങോട്ട് കോളനി, വാർഡ് - 15	8592849701	അംഗം	പുരുഷൻ		10		

12	മുഹമ്മദ് കുട്ടി , തോട്ടുമുഖത്ത്, പല്ലൂർ, വാർഡ് 5	9526323975	അംഗം	പുരുഷൻ		10		
13	ഷീജ വിജയന് , പടിഞ്ഞാക്കര , വാർഡ് –13	9961658101	അംഗം	സ്ത്രീ		10		
14	സയ്യിദ് ഷറഫുദ്ധീൻ , കെ.എൻ.കെ, വാർഡ് 5	9847509175	അംഗം	പുരുഷൻ		10		
15	കൃഷ്ണൻകുട്ടി , മാരാത്ത് വളപ്പിൽ , വാർഡ് – 14	9048052757	അംഗം	പുരുഷൻ	എസ്,സി	5		
16	അബ്ദുൾ സലാം , മുടന്നയിൽ , വാർഡ് 5	9745352333	അംഗം	പുരുഷൻ		10		
17	വസന്തകുമാരി എം ,അംഗണവാടി ടീച്ചർ	7335985730	അംഗം	സ്ത്രീ				
18	സിന്ധു,സി.ഡിഎസ്	9539679554	അംഗം	സ്ത്രീ				

മുൻ സാമ്പത്തിക വർഷങ്ങളില് നടപ്പിലാക്കിയ വിവിധ പദ്ധതികള് (ഫോറം 5)

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	പ്രോജക്ട് നടപ്പിലാക്കിയ വർഷം	SO/ New	GEN SCP/ TSP	പ്രോജക്ടിന്റെ അവസ്ഥ	ലക്ഷ്യം		നേട്ടം		ഗുണഭോക്താക്കളുടെ എണ്ണം	ഗുണഭോക്താക്കളുടെ തരം	ഗുണഭോക്താക്കൾ
							സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം			
1	21	പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	750000	സ്ത്രീകളുടെ ക്ഷേമം	750000				
3	24	വയോജനങ്ങൾക്ക് കട്ടിൽ(എസ് സി)	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	190400	സാമൂഹ്യസുരക്ഷിതത്വം	154000				
4	87	വനിതകൾക്ക് ഇരുചക്ര വാഹനത്തിന് ധനസഹായം	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	37323	സാമൂഹ്യസുരക്ഷിതത്വം	37323				
5	155	പട്ടികജാതി വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വിവാഹധനസഹായം	2021-22	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	75000	സ്ത്രീകളുടെ ക്ഷേമം	75000				
6	156	കുടുംബശ്രീ കാന്റീൻ- ജനകീയ ഹോട്ടൽ	2021-22	SO	ജനറൽ	പൂർത്തീകരിച്ചു	100000	സ്ത്രീകളുടെ ക്ഷേമം , സേവന സംരംഭങ്ങൾ	85750				
8	31	ലൈഫ് ഭവന പദ്ധതി (എസ്സി)	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	18000000	വ്യക്തിഗത പരിപാടികൾ , പാർപ്പിടം	5290625				
9	82	വീട് വാസയോഗ്യമാക്കൽ (SC)	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	1125000	വ്യക്തിഗത പരിപാടികൾ , പാർപ്പിടം	1125000				

10	83	ആശ്രയ – ടോയ് ലറ്റ് – റിട്രോഫിറ്റിംഗ്	2021–22	New	ജനറല്		46200	ശുചിത്വം, മാലിന്യസംസ്കരണം (വ്യക്തിഗതം)	0				
12	94	ലൈഫ് ഭവന പദ്ധതി (എസ്സി)	2021–22	SO	എസ്സ്.സ്സി.പി	പൂർത്തീകരിച്ച	12440000	വ്യക്തിഗത പരിപാടികൾ , പാർപ്പിടം	5560390				
13	95	ടോയ് ലറ്റ് –റിട്രോഫിറ്റിംഗ്	2021–22	SO	ജനറൽ	പൂർത്തീകരിച്ച	92400	ശുചിത്വം, മാലിന്യസംസ്കരണം (വ്യക്തിഗതം)	27720				
14	96	ടോയ് ലറ്റ് റിട്രോഫിറ്റിംഗ്	2021–22	SO	ജനറൽ	പൂർത്തീകരിച്ച	490000	മാലിന്യ സംസ്കരണം	385000				
15	63	അഗതിരഹിത കേരളം വീട് വാസയോഗ്യമാക്കൽ	2021–22	New	ജനറൽ	പൂർത്തീകരിച്ച	300000	വ്യക്തിഗത പരിപാടികൾ , പാർപ്പിടം	0				
17	74	ഭവന നിർമാണം ലൈഫ്	2021–22	New	ജനറൽ	പൂർത്തീകരിച്ച	10000000	വ്യക്തിഗത പരിപാടികൾ , പാർപ്പിടം	1558479				
18	97	ഭവന നിർമാണം (ലൈഫ്)	2021–22	SO	ജനറൽ	പൂർത്തീകരിച്ച	495000	വ്യക്തിഗത പരിപാടികൾ , പാർപ്പിടം	65000				
20	99	ലൈഫ് വീട് നിർമിക്കുന്നതിനു സ്ഥലം വാങ്ങൽ	2021–22	SO	ജനറൽ	പൂർത്തീകരിച്ച	9200000	വ്യക്തിഗത പരിപാടികൾ , പാർപ്പിടം	3000000				
21	100	ലൈഫ് ഭവന നിർമാണം	2021–22	SO	ജനറൽ	പൂർത്തീകരിച്ച	960000	വ്യക്തിഗത പരിപാടികൾ , പാർപ്പിടം	260000				
22	101	അഗതി രഹിത കേരളം– വീട് വാസയോഗ്യമാക്കൽ	2021–22	SO	ജനറൽ	പൂർത്തീകരിച്ച	75000	വ്യക്തിഗത പരിപാടികൾ , പാർപ്പിടം	75000				

23	158	വീട് വാസയോഗ്യമാക്കൽ	2021-22	SO	ജനറൽ	പൂർത്തീകരിച്ച	75000	വ്യക്തിഗത പരിപാടികൾ , പാർപ്പിടം	45000			

6.സാമൂഹ്യനീതി

പതിനാലാം പഞ്ചവത്സര പദ്ധതി 2022-27
വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള് - ഫോറം 2

വർക്കിംഗ് ഗ്രൂപ്പ് : സാമൂഹ്യനീതി (വൃദ്ധർ, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ ഉൾപ്പടെ)
ഭരണ സമിതി തീരുമാനം നമ്പർ , തിയ്യതി - 1/1 , 31-12-2021

ക്ര.ന	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെസ്ഥാനം	സ്ത്രീ/ പുരുഷൻ	എസ്.സി/ എസ്.ടി/ മറ്റുള്ളവ	വിദ്യഭ്യാസ യോഗ്യത	വൈദഗ്ധ്യം /പരിചയം മേഖല	തൊഴിൽ
1	നസീറ സുധീർ ,11-ാം വാർഡ് മെമ്പര്		ചെയർമാന്	സ്ത്രീ				
2	ഗംഗാ ദേവി , പുതിയേടത്ത് വാർഡ്- 1	9645628206	വൈസ് ചെയർമാന്	സ്ത്രീ	എസ്.സി	10		
3	ഐ.സി.ഡി.എസ് സൂപ്പർ വൈസർ, ദേശമംഗലം ഗ്രാമപഞ്ചായത്ത്		കൺവീനര്	സ്ത്രീ				
4	പത്മിനി , തോട്ടശ്ശേരി , വാർഡ് - 2	9605524368	അംഗം	സ്ത്രീ		10		
5	ഷംസുദ്ദീൻ, പള്ളത്ത് വീട്, വാർഡ് - 3	9747049052	അംഗം	പുരുഷൻ		10		
6	ചന്ദ്രശേഖരൻ ഡി.വി,	9656630575	അംഗം	പുരുഷൻ		10		

	വട്ടപറമ്പിൽ, വാർഡ് - 6								
7	അന്യപ് , മാവേലിൻ വീട്, വാർഡ് - 7	9846136060	അംഗം	പുരുഷൻ		2			
8	പ്രിയ , കരുമാംകുഴി, വാർഡ് - 8	7510508917	അംഗം	സ്ത്രീ		10			
9	ബഷീർ , പൊട്ടികുണ്ടിൽ , വാർഡ് 5	9947647378	അംഗം	പുരുഷൻ		10			
10	ഹംസ , മുത്തങ്ങയിൽ , വാർഡ് 5	9947706421	അംഗം	പുരുഷൻ		2			
11	ഹുസൈൻ , കേലത്തുംപറമ്പിൽ , വാർഡ് 5	9656990303	അംഗം	പുരുഷൻ					
12	സുമേഷ് , കുളങ്ങര മഠം , വാർഡ് -4	9567756689	അംഗം	പുരുഷൻ	എസ്.സി	2			
13	കുമാരൻ കരിപ്പാലി, വാർഡ് -13	9446830221	അംഗം	പുരുഷൻ		10			
14	പി.കെ ഗിരീഷ് , കിഴക്ക്മുറി ,	7907887685	അംഗം	പുരുഷൻ		ഡിഗ്രി			
15	അബ്ബാസ് , ചെരുമിയത്ത് , വാർഡ് 10	7012910728	അംഗം	പുരുഷൻ		10			
16	ശ്രീദേവി എം.ജി , അംഗനവാടി ടീച്ചർ		അംഗം	സ്ത്രീ		10			
17	സുലോചന,സി.ഡി.എസ്	8086819817	അംഗം	സ്ത്രീ					

സാമൂഹ്യനീതി

അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളത്തിൻറെ കാര്യത്തിലും പ്രാഥമിക ആവശ്യങ്ങള് നിറവേറ്റുന്ന കാര്യത്തിലും തൃപ്തികരമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റര് ചെയ്തിട്ടുള്ള എല്ലാ അഭ്യസ്തരായ യുവതീ-യുവാക്കൾക്കും തൊഴിലില്ലായ്മ വേതനം കൊടുക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിലവില് ആരുമില്ല. എല്ലാ യുവതീ-യുവാക്കളെയും തൊഴിൽ ഉള്ളവരാക്കി എടുക്കുകയാണ് ചെയ്തത്.

ഈ പഞ്ചായത്തിൽ 20 അംഗൻവാടികള് ഉണ്ട്. 1996 മുതല് പ്രോജക്ട് വടക്കാഞ്ചേരി വച്ചിട്ടുണ്ട്. 2000 മുതല് നിലവില് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1996 മുതല് തുടങ്ങിയ അംഗൻവാടികള് 100/- രൂപ ഓണറേറിയം കൊടുത്തിട്ടുണ്ട്. അന്ന് മുതൽ കുട്ടികൾക്ക് പോഷകാഹാരവും നിർബന്ധിതമല്ലാത്ത വിദ്യാഭ്യാസവും കൊടുത്തിട്ടുണ്ട്. പിന്നീട് 12000/- രൂപ ഓണറേറിയം ആയിട്ടുണ്ട്. ഒരു അംഗൻവാടി മാത്രമേ വാടക കെട്ടിടത്തില് ഉള്ളൂ. ബാക്കി 19 എണ്ണവും സ്വന്തം കെട്ടിടത്തില് ആണ് നിൽക്കുന്നത്. എല്ലാവിധ സൗകര്യങ്ങളും നിലവിൽ അംഗൻവാടികളില് ഉണ്ട്. നമ്മുടെ പഞ്ചായത്ത് അതിനൊപ്പം നിൽക്കുന്നുമുണ്ട്. ഒരു അംഗൻവാടി ഹൈടെക് അംഗൻവാടിയാക്കിയിട്ടുണ്ട്, എ.സി. അടക്കം ആ അംഗൻവാടിയില് ഉണ്ട്. പ്രീ സ്കൂൾ വിദ്യാഭ്യാസം 3 വയസ്സുമുതല് 6 വയസ്സുവരെയുള്ള കുട്ടികൾക്ക് അംഗൻവാടികളില് കൊടുക്കുന്നുണ്ട്. ഇപ്പോൾ നിലവില് കോവിഡ് 19 നിലനിൽക്കുന്ന സാഹചര്യത്തിൽ കുട്ടികളെ അംഗൻവാടിയില് എത്തിക്കാന് പറ്റാത്തതിനാല് അവർക്കുള്ള പോഷകാഹാരം അവരുടെ വീടുകളിൽ എത്തിച്ചുകൊടുക്കുന്നതാണ്.

6 മാസം മുതല് 3 വയസ്സുവരെ അമൃതംപൊടിയാണ് കുട്ടികൾക്ക് കൊടുക്കുന്നത്. ഒരു കുട്ടിക്ക് 6 പാക്കറ്റ് എന്ന നിരക്കിൽ. കുട്ടികളുടെ കുത്തിവെപ്പ് അംഗൻവാടികള് കേന്ദ്രീകരിച്ചാണ് നടക്കുന്നത്. ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ടി.എച്ച്.ആർ ഒരു മാസം 20 ദിവസം ഫീഡിംഗ് ഡെയ്സ് കണക്കാക്കി കൊടുക്കുന്നു. 2017 ല് തുടങ്ങിയ പദ്ധതി സ്ത്രീകൾക്ക് ആദ്യത്തെ പ്രസവത്തിന് 5000 രൂപ വെച്ച് കൊടുക്കുന്നുണ്ട്. 6 മാസം വരെ അവർക്ക് ഫുഡ് കൊടുക്കുന്നുണ്ട്. കൗമാരക്കാരായ പെൺകുട്ടികൾക്ക് ഇക്കുറവ് അനുസരിച്ച് പോഷകാഹാരം കൊടുക്കുന്നുണ്ട്. അവർക്ക് മാസംതോറും ന്യൂട്രീഷന് ക്ലാസ് എടുക്കുന്നുണ്ട്. ബ്ലോക്കില ആഴ്ചതോറും ഓൺലൈന് ക്ലാസ് നടക്കുന്നുമുണ്ട്. കോവിഡ് 19 ൻറെ സാഹചര്യത്തിൽ അമ്മമാർക്കും ക്ലാസ് നടത്തുന്നുണ്ട്.

കുട്ടികളുടെ സമഗ്ര വികസനവും അവകാശ സംരക്ഷണ സാക്ഷാത്കാരവും ലക്ഷ്യമിട്ടുകൊണ്ട് 1975 ഒക്ടോബര് 2 ന് സംയോജിത ശിശുവികസന സേവന പദ്ധതി നിലവില് വന്നു.

ഐ.സി.ഡി.എസ് അഥവാ സംയോജിത ശിശുവികസന സേവന പദ്ധതിയുടെ സേവനങ്ങൾ നൽകുന്ന അടിസ്ഥാന യൂണിറ്റുകളായി സംസ്ഥാനത്ത് നിലവില് 33115 അംഗൻവാടികള് പ്രവർത്തിക്കുന്നു. അതോടൊപ്പം 254 ശിശുവികസന പദ്ധതി ഓഫീസർമാരും 14 പ്രോഗ്രാം ഓഫീസർമാരും സംസ്ഥാനത്ത് പ്രവർത്തിക്കുന്നു.

	ഗുണഭോക്താക്കൾ	സേവനങ്ങൾ
1.	6 വയസ്സില് താഴെയുള്ള കുട്ടികള്	അനുപൂരക പോഷകാഹാരം
2.	ഗർഭിണികള്	രോഗപ്രതിരോധ കുത്തിവെപ്പ്
3.	മുലയൂട്ടുന്ന അമ്മമാർ	ആരോഗ്യ പരിശോധന
4.	കൗമാരക്കാരായ പെൺകുട്ടികള്	പരാമർശസേവനം ഫെറല് സേവനം
5.	15 മുതല് 45 വയസസ് വരെ പ്രായമുള്ള സ്ത്രീകള് (റീപ്രൊഡക്ഷൻ എയ്ജ്)	ആരോഗ്യപോഷണ വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ

* ജനനം മുതൽ 6 വയസ്സ് വരെയുള്ള കുഞ്ഞുങ്ങളുടെ പോഷക ആരോഗ്യനിലവാരം മെച്ചപ്പെടുത്തുക

ഭിന്നശേഷിക്കാർ നമ്മുട പഞ്ചായത്തില് 328 പേര് ഉണ്ട്. അവർക്ക് ഭിന്നശേഷി സ്കോളർഷിപ്പ് അവർക്കാവശ്യമായ പഠനോപകരണങ്ങള്, മറ്റ് ഉപകരണങ്ങല് എന്നിവ കൊടുക്കുന്നുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളെ നോക്കുന്ന അമ്മമാർക്ക് സഹായ ധനസഹായം ആശ്വാസകിരണം എന്ന പേരിൽ കൊടുക്കുന്നുമുണ്ട്. അവർക്ക് കലോത്സവപരിപാടികള് നടത്തുന്നുണ്ട്. നമ്മുടെ പഞ്ചായത്ത് അവരെ ഒഴിവാക്കി നിർത്താതെ നമ്മൾക്കൊപ്പം കൂട്ടുകയാണ് ചെയ്യുന്നത്. അതിന് നല്ല പങ്ക് വഹിക്കുന്നുണ്ട്.

മാനസിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്ക് സ്നേഹിത, കോളിംഗ്ബെൽ, എന്നീ കൗൺസിലിംഗ് സെൻറര് നടത്തിയിട്ടുണ്ട്. സാധുക്കളായ വിധവകളുടെ മക്കൾക്ക് ധനസഹായം പടവുകൾ, അഭയകിരണം എന്നീ പേരില് ധനസഹായം കൊടുക്കുന്നുണ്ട്. പുനർവിവാഹധനസഹായം, ഭിന്നശേഷി പെൻഷനുകള്, വിധവാപെൻഷനുകള് എന്നിവ ഐ.സി.ഡി.എസ് വഴി നമ്മുടെ പഞ്ചായത്ത് ചെയ്യുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോള് 287 പേർക്ക് കർഷകതൊഴിലാളി പെൻഷനും 242 പേർക്ക് വികലാംഗപെൻഷനും 329 പേർക്ക് വാർദ്ധക്യകാല പെൻഷനും 830 പേർക്ക് വിധവാപെൻഷനും 1321 പേർക്ക് 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷനുകളും കൊടുക്കുന്നു. 60 വയസ്സുകഴിഞ്ഞ മുഴുവന് പേർക്കും (149) അപേക്ഷിച്ചദിവസം മുതൽ 2 മാസത്തിനുള്ളിൽ പെൻഷന് പാസ്സാക്കികൊടുത്തിട്ടുണ്ട്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കിവരുന്നുണ്ട്. പഞ്ചായത്ത് വിഹിതവും, ബ്ലോക്ക് വിഹിതവും, ജില്ലാവിഹിതവും ഇക്കാര്യത്തിനായി ഉപയോഗപ്പെടുത്തി വരുന്നു. നിലവിൽ ദേശമംഗലം ഗ്രാമപഞ്ചായത്തില് ബഡ്സ് സ്കൂൾ ഇല്ല. വികലാംഗർക്ക് ആവശ്യമായ ഉപകരണങ്ങൾ, വൃദ്ധർക്ക് കട്ടിൽ, ടൈ സ്കൂട്ടർ തുടങ്ങിയവ ത്രിതല പഞ്ചായത്ത് വിഹിതം വഴി പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ കഴിഞ്ഞിട്ടുണ്ട്. വൃദ്ധ ജനങ്ങൾക്ക് ഒരു ആശ്വാസ കേന്ദ്രമായി ജില്ലാ പഞ്ചായത്ത് വിഹിതം കൂടി ചേർത്ത് പകൽ വീട് ആരംഭിച്ചു കഴിഞ്ഞു. വയോജന പാർക്കിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എല്ലാ വാർഡിലും പകൽവീട് സംവിധാനവും നടപ്പിലാക്കേണ്ടതുണ്ട്.

കുട്ടികളുടെ സമഗ്ര വികസനം, വയോജനക്ഷേമം ഭിന്നശേഷിക്കാർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്നിവയിലൂന്നിയുള്ള വികസന പ്രവർത്തനങ്ങളിലൂടെ മാത്രമേ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തുകയുള്ളൂ. ആരോഗ്യമുള്ള ജനതയാണ് ഒരു രാഷ്ട്രത്തിൻറെ സമ്പത്ത് എന്ന ആശയം കണ്ടുകൊണ്ട് 1975-ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് സംയോജിത ശിശു വികസന സേവന പദ്ധതി. അതിനു കീഴിൽ വരുന്ന അംഗൻവാടികളുടെ അടിസ്ഥാന സൌകര്യവും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ കുട്ടികളുടെ സമഗ്രവികസനം എന്ന ലക്ഷ്യപ്രാപ്തിയിലെത്തൂ.

കൂട്ടുകുടുംബ വ്യസ്ഥയിൽ നിന്ന് വഴി മാറി അണുകുടുംബവ്യവസ്ഥിതിയായപ്പോൾ വയോജനങ്ങളുടെ ഒറ്റപ്പെടലും സംരക്ഷിക്കാനാരുമില്ലാത്ത അവസ്ഥയും അതുമൂലമുണ്ടാകുന്ന ശാരീരിക മാനസിക പ്രശ്നങ്ങളും വർദ്ധിച്ചു. വിദ്യാഭ്യാസക്കുറവ്, വരുമാന പ്രശ്നങ്ങൾ, ചലനശേഷിക്കുറവ്, ബുദ്ധിവികാസത്തിനുള്ള പ്രശ്നങ്ങൾ, തൊഴിൽ പോഷണക്കുറവ്, ചികിത്സാസൌകര്യക്കുറവ്, അന്ധരും ബധിരരുമായവരുടെ പ്രശ്നങ്ങൾ എന്നിവയാണ് ഭിന്നശേഷിക്കാർ മുഖ്യമായും കുട്ടികൾ നേരിടുന്ന പ്രശ്നം.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 350 പേർ പഞ്ചായത്ത് പരിധിയിലുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി വിവിധ തെറാപ്പി ചികിത്സാ സെൻറുകൾ ആരംഭിക്കുന്നതിനും അവരെ പൊതുസമൂഹത്തിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും പേപ്പർ പേന, പേപ്പർ ബാഗ്, കവർ, കരകൌശല വസ്തുക്കൾ എന്നിവയുള്ള നിർമ്മാണം നടത്തുന്നതിനും വിപണി കണ്ടെത്തുന്നതിനും ഇവരുടെ മാനസിക ഉല്ലാസത്തിനു വേണ്ടി വിനോദയാത്ര സംഘടിപ്പിക്കുന്നതിനും കഴിയണം. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ പ്രവർത്തിച്ചു വരുന്നുണ്ട്.

വയോജനങ്ങളുടെ മാനസികോല്ലാസത്തിനും പകൽ സമയങ്ങളില് വീടുകളിൽ ഒറ്റപ്പെടുന്ന വയോജനങ്ങൾക്ക് സുരക്ഷിതമായി സമയം ചെലവഴിക്കുന്നതിനും പകൽവീട് പോലുള്ള സംവിധാനങ്ങൾ ആരംഭിക്കണം.

മുൻ സാമ്പത്തിക വർഷങ്ങളില് നടപ്പിലാക്കിയ വിവിധ പദ്ധതികള് (ഫോറം 5)

ക്രമനമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	പ്രോജക്ട് നടപ്പിലാക്കിയ വർഷം	SO/ New	GEN SCP/ TSP	പ്രോജക്ടിന്റെ അവസ്ഥ	ലക്ഷ്യം		ചെലവഴിച്ച തുക		ഗുണഭോക്താക്കളുടെ എണ്ണം	പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ
							സാമ്പത്തികം	ഭൗതികം	സാമ്പത്തികം	ഭൗതികം		
1	13	അംഗൻവാടി അനുപൂരക പോഷകാഹാരം	2021-22	New	ജനറൽ	പൂർത്തീകരിച്ചു	1700000	പോഷകാഹാരം	1628103	പോഷകാഹാരം		
2	14	അംഗൻവാടി അനുപൂരക പോഷകാഹാരം (എസ്സി)	2021-22	New	എസ്സ്.സ്സി.പി	പൂർത്തീകരിച്ചു	400000	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	258221	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം		
3	15	മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	2021-22	New	ജനറൽ	പൂർത്തീകരിച്ചു	1550000	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	909834	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം		
4	26	ഭിന്ന ശേഷി കലോത്സവം	2021-22	New	ജനറൽ	പൂർത്തീകരിച്ചു	18685	പോഷകാഹാരം	18685	പോഷകാഹാരം		
5	150	മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്	2021-22	SO	ജനറൽ	പൂർത്തീകരിച്ചു	532060	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	107060	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം		
6	162	പകൽവീട് പ്രവർത്തനങ്ങള്	2021-22	New	ജനറൽ	പൂർത്തീകരിച്ചു	92268	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം	92268	സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷിതത്വം		

7. പട്ടികജാതി വികസനം

പതിനാലാം പഞ്ചവത്സര പദ്ധതി 2022-27
വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ വിവരങ്ങള് - ഫോറം 2

വർക്കിംഗ് ഗ്രൂപ്പ് : പട്ടികജാതി വികസനം
ഭരണ സമിതി തീരുമാനം നമ്പർ , തിയ്യതി - 1/1 , 31-12-2021

ക്ര.ന	പേരും വിലാസവും	ഫോൺ, ഇ-മെയിൽ ഐ.ഡി	പുനസംഘടിപ്പിച്ച വർക്കിംഗ് ഗ്രൂപ്പിലെസ്ഥാനം	സ്ത്രീ/ പുരുഷൻ	എസ്.സി/ എസ്.ടി/ മറ്റുള്ളവ	വിദ്യഭ്യാസ യോഗ്യത	വൈദഗ്ധ്യം /പരിചയം മേഖല	തൊഴിൽ
1	സുബി മോൾ എം.പി, 4-ാം വാർഡ് മെമ്പർ		ചെയർമാന്	സ്ത്രീ				
2	വിനീത് യു.വി, ഉണ്ണിയാട്ടിൽ പടി, വാർഡ്- 3	9946692020	വൈസ് ചെയർമാന്	പുരുഷൻ	എസ്.സി	10		
3	അസിസ്റ്റന്റ് സെക്രട്ടറി, ദേശമംഗലം ഗ്രാമപഞ്ചായത്ത്		കൺവീനര്	പുരുഷൻ				
4	അമ്മാളുകുട്ടി , വട്ടപറമ്പിൽ , വാർഡ്- 2	9645249375	അംഗം	സ്ത്രീ	എസ്.സി	10		
5	ബഷീർ കൊട്ടിപ്പാറക്കല് , വാർഡ് 12	9539794666	അംഗം	പുരുഷൻ	എസ്.സി	ഡിഗ്രി		
6	രാഹുൽ പി.ആർ, പുറശ്ശേരി പടി, വാർഡ് -6	9947770572	അംഗം	പുരുഷൻ	എസ്.സി	2		
7	പ്രവീൺ , പാറോല പടി, വാർഡ് - 7	6238340771	അംഗം	പുരുഷൻ	എസ്.സി	2		
8	മനീഷ് എം.എസ് , മുല്ലക്കൽ, വാർഡ് - 8	9656974531	അംഗം	പുരുഷൻ	എസ്.സി	ഡിപ്ലോമ		
9	സുജിത്ത് , പെരുമ്പാളെ, വാർഡ് 12	9496186436	അംഗം	പുരുഷൻ		10		
10	രവീന്ദ്രൻ , തെക്കേപാട്ട് , വാർഡ് 12	9744960304	അംഗം	പുരുഷൻ		ഡിഗ്രി		

11	ലോഹിദാക്ഷൻ , പെരുംമ്പാളെ, വാർഡ് 12	9645740666	അംഗം	പുരുഷൻ				
12	ജിഷ പണ്ടാരത്തിൽ പടി , വാർഡ് – 4	7034468600	അംഗം	സ്ത്രീ	എസ്.സി	10		
13	രാമചന്ദ്രന് കള്ളിക്കുന്നത്ത്, വാർഡ് –13	6282161837	അംഗം	പുരുഷൻ	എസ്.സി	10		
14	എം.എസ് പ്രകാശൻ , മുല്ലക്കൽ വീട്, പുരുഷൻ	9946214916	അംഗം	പുരുഷൻ		10		
15	സ്മിത , തച്ചുകുന്നത്ത്, വാർഡ് –14	9846772605	അംഗം	സ്ത്രീ	എസ്.സി	10		
16	കാവ്യ. (എസ്.സി പ്രൊമോട്ടർ)		അംഗം	സ്ത്രീ	എസ്.സി	8		
17	രതി ഡി, അംഗനവാടി ടീച്ചർ	9747476801	അംഗം	സ്ത്രീ				
18	സത്യ പാലൻ , കൊല്ലീരിപടി	8075198948	അംഗം	പുരുഷൻ				

പട്ടികജാതിവികസനം

ഭവന രഹിതരും ഭൂരഹിതരുമായ പട്ടികജാതി കുടുംബങ്ങൾക്ക് മുഴുവൻ സ്ഥലവും വീടും ലഭ്യമാക്കേണ്ടതുണ്ട്. ഇപ്പോഴും കക്കൂസ് ഉണ്ടെങ്കിലും ഉപയോഗശൂന്യമായ സ്ഥിതിയിലുള്ള കുടുംബങ്ങൾ ഉണ്ട്. കക്കൂസ് സൗകര്യം തീരെ ഇല്ലാത്ത അപൂർവ്വം ചില കുടുംബങ്ങളുമുണ്ട്. കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന സങ്കേതങ്ങൾ ഇപ്പോഴും നിലവിലുണ്ട്. ഇവിടങ്ങളിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പട്ടിക ജാതി സങ്കേതങ്ങളിലെ വൈദ്യുതീകരണവും തെരുവു വിളക്കു പരിപാലനവും പുതിയ തെരുവു വിളക്ക് സ്ഥാപിക്കലും ഏറ്റെടുക്കേണ്ടതുണ്ട്. വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനോടൊപ്പം ബിരുദ ധാരികളെ സൃഷ്ടിക്കുകയും അവർക്ക് പി.എസ്.സി കോച്ചിംഗ് നല്കുന്നതിനും കഴിയേണ്ടതുണ്ട്. കാർഷിക മേഖലയിലും കൂലിപണിയും കൺസ്ട്രക്ഷൻ മേഖലയിലുമാണ് കൂടുതല് പേരും തൊഴിലെടുക്കുന്നത്. സ്വയം തൊഴിലും സ്ഥിരം തൊഴിലും ലഭ്യമാക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്ത നടപ്പിലാക്കേണ്ടതുണ്ട്. അർഹതയുള്ള മുഴുവൻ പേർക്കും ക്ഷേമ പെൻഷനുകൾ നല്കുകയും അയൽക്കൂട്ട രൂപീകരണവും തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിച്ചും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പ്രത്യേക സഹായങ്ങൾ നല്കി മുഖ്യധാരയിലേക്ക് കൊണ്ടു വരേണ്ടതുണ്ട്. നമ്മുടെ ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളതുപോലെ പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നതി മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ദേശമംഗലം നഗർ ഗ്രാമപഞ്ചായത്തിലെ വ്യത്യസ്ത വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗത്തിന് മെച്ചപ്പെട്ട ഒരു ജീവിതരീതി നൽകുന്നതിനായി 2022-27 പഞ്ചവത്സര പദ്ധതിയിൽ പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട്.

ഇന്നത്തെ അവസ്ഥ

ദേശമംഗലം ഗ്രാമപഞ്ചായത്തിൽ 584 ഓളം പട്ടികജാതി കുടുംബങ്ങളിലായി 2478 ഓളം ആളുകൾ താമസിച്ചു വരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പട്ടികജാതി കുടുംബങ്ങളിൽ ഏതാണ്ട് 100%ആളുകളും നിത്യേന കൂലിപണിക്ക് പോകുന്നവരും വളരെ താഴ്ന്ന വരുമാനക്കാരും ആണ്. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും പണിയെടുക്കുന്നവർ ആണ് ബഹുഭൂരിപക്ഷവും പട്ടികജാതി വിഭാഗങ്ങളിലെ പുതുതലമുറയിൽപ്പെട്ട യുവതീയുവാക്കളിൽ അഭ്യസ്തവിദ്യരും സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവരും നിരവധി ആളുകൾ ഉണ്ട്.

പട്ടികജാതി വിദ്യാർത്ഥികളെ ഉന്നതിയിലേക്ക് കൊണ്ടുവരുന്നതിനായി പഠനമുറി, ലാപ്ടോപ്, സ്കോളർഷിപ്പ്, സൈക്കിൾ എന്നിങ്ങനെ പല പദ്ധതികളും നടപ്പിലാക്കി. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനങ്ങളെ സഹായിക്കുന്നതിനായി വാട്ടർടാങ്ക്, വനിതകൾക്ക് സ്കൂട്ടർ എന്നിങ്ങനെയുള്ള പദ്ധതികളും പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

നിലനിൽക്കുന്ന പ്രശ്നങ്ങൾ

പട്ടികജാതി വിഭാഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിൽ മുൻവർഷങ്ങളിലായി നടപ്പിലാക്കിയ നിരവധി പദ്ധതികളുടെ റോഡ്, കുടിവെള്ളം, ഭവനം, ശുചിത്വം തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഈ സൗകര്യങ്ങൾ ഇപ്പോഴും പര്യാപ്തമായ തോതിലും ഗുണനിലവാരത്തിലും അല്ലാവർക്കും ലഭ്യമായിട്ടില്ല.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ആകെ വീടുകളിൽ ഏകദേശം 40%-60% വരെ വീടുകൾ കാലപ്പഴക്കം മൂലവും മറ്റും ശോചനീയാവസ്ഥയിലാണ് സ്ഥിതി ചെയ്യുന്നത്. പട്ടികജാതി കോളനികളിൽ ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനത്തിന് യാതൊരു സംവിധാനങ്ങളും നിലവിൽ ലഭ്യമല്ല. വളരെയധികം പേരുടെ കക്കൂസുകൾ പഴകിപൊളിഞ്ഞ അവസ്ഥയിലുണ്ട്. കോളനികളിൽ മലിനജലനിർമ്മാർജ്ജനം രൂക്ഷമായ ഒരു പ്രശ്നമാണ്. സ്വയം

തൊഴിൽ മേഖലയിൽ സർക്കാർ സംവിധാനങ്ങൾ മുഖേന നിരവധി സ്കീമുകൾ ഉണ്ടായിട്ടും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാൾക്കുപോലും സർക്കാർ സഹായത്തോടെ സംരംഭം ആരംഭിച്ച് വിജയകരമായി നടത്തിക്കൊണ്ടുപോകുവാൻ കഴിഞ്ഞിട്ടില്ല. പട്ടികജാതി വികസന ഫണ്ടുപയോഗിച്ച് നിർമ്മിച്ചിട്ടുള്ള പല കെട്ടിടങ്ങളും സംവിധാനങ്ങളും ഈ വിഭാഗത്തിൻറെ ഉന്നമനത്തിനുപയോഗിക്കാതെ വകമാറ്റി ഉപയോഗിക്കുന്ന അവസ്ഥ നിലവിലുണ്ട്. കുടിവെള്ള മേഖലയിൽ എല്ലാ ജനങ്ങൾക്കും പൂർണ്ണമായും ഉപയോഗയോഗ്യമായ പദ്ധതികൾ നിലവിലില്ല. എല്ലാ വീടുകളിലേക്കും ഹൌസ് കണക്ഷൻ എന്ന രീതിയിൽ ഇതിൽ മാറ്റം വരുത്തേണ്ടതാണ്. വിദ്യാഭ്യാസമേഖലയിൽ ബിരുദധാരികളും സാങ്കേതികയോഗ്യതകൾ നേടിയവർ ഉൾപ്പെടെയുള്ളവർ പഠനത്തിന് ശേഷം അനുയോജ്യമായ ജോലി ലഭിക്കാതെ നിർമ്മാണ മേഖലയിലും മറ്റും കൂലിപ്പണിക്കു പോകുന്നതാണ് സ്ഥിതി. ഇത്തരം യോഗ്യതയുള്ളവർക്ക് നല്ലരീതിയിലുള്ള ജോലികൾ ലഭിക്കുന്നതിന് അവർക്ക് കരിയർ ഗൈഡൻസോ പോലുള്ള സംവിധാനങ്ങൾ നിലവിലില്ല. കൂടാതെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി അവർക്ക് ട്യൂഷൻ, പഠനോപകരണങ്ങൾ, കമ്പ്യൂട്ടർ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഈ വിധത്തിലുള്ള അത്യാവശ്യ കാര്യങ്ങൾപോലും ഏർപ്പെടുത്തുന്നതിന് കഴിയുന്നില്ല. പദ്ധതി രൂപീകരണത്തിലേയും നിർവ്വഹണത്തിലേയും പല മാനദണ്ഡങ്ങളും ഇക്കാര്യങ്ങൾക്ക് തടസ്സമായി നിൽക്കുന്നു.

പ്രശ്നപരിഹാരങ്ങളും ജനങ്ങളുടെ ആവശ്യങ്ങളും.

ഭവന നിർമ്മാണ മേഖല

മൺകട്ട കൊണ്ട് നിർമ്മിക്കപ്പെട്ടിട്ടുള്ള എസ്.സി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളും അടിയന്തിരമായി ഉറപ്പോടു കൂടിയ ഭിത്തിയും മേൽക്കൂരയും ഉള്ള കോൺക്രീറ്റ് വീടുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുക. കൂടാതെ വർഷാവർഷങ്ങളിൽ റിപ്പയർ ആവശ്യമായി വരുന്ന പഴയ ഓട് വീടുകൾ ഘട്ടമായി കോൺക്രീറ്റ് വീടുകളാക്കി മാറ്റികൊണ്ട് ഭവന പുനരുദ്ധാരണ പദ്ധതിയിൽ പരിഷ്കരണം ഏർപ്പെടുത്തുക. സ്വന്തമായി സ്ഥലം ഇല്ലാത്ത കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുവാൻ സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുക.

ശാരീരിക വെല്ലുവിളിയുള്ള എസ്.സി.കാർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുക

